
ജനുവരി 2020

Price ₹ 25

# ജീവനും വെളിച്ചവും



നിയമങ്ങൾ അനുസരിക്കപ്പെടണം ;
നിയമങ്ങൾ നീതിക്ക് നിരക്കണം.
കാരണം, നീതിയാണ് പ്രധാനം നിയമമല്ല.


CARDIAC CATHLAB
Jubilee Memorial Hospital
Latin Archdiocese of Trivandrum
Little Flower College of Nursing
Admission starts...
ANGIOGRAM, ANGIOPLASTY
College Code - JBN.
JUBILEE MEMORIAL HOSPITAL
Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility
Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

## ജീവനും വെളിച്ചവും

**തിരുവനന്തപുരം**
**ലത്തീൻ അതിരൂപത**
**പ്രസിദ്ധീകരണം**

2020 ജനുവരി
പുസ്തകം - 44 ലക്കം - 1
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ
**കവർ ചിത്രം**
അനിഷ്മ തോമസ്




# ആ സ്വാതന്ത്ര്യത്തിലേക്ക് എന്റെ നാടുണരട്ടെ!

പുതുവർഷം പുലർന്നിരിക്കുന്നു. 2020 ഓടെ നഗരവും ഗ്രാമവും തമ്മിലുള്ള അന്തരം കുറച്ച്, ഊർജ്ജം, ജലം, വൈദ്യുതി തുടങ്ങിയവയുടെ തുല്യമായ വിതരണം ഉറപ്പാക്കി ഒരു വികസിത രാജ്യമായി ഇന്ത്യ ഉയരുന്നതാണ് പ്രശസ്ത ശാത്രജ്ഞനും രാഷ്ട്രപതിയുമായിരുന്ന എ.പി.ജെ.അബ്ദുൾകലാം സ്വപ്നം കണ്ടത്. ആ സ്വതന്ത്ര വികസിത രാജ്യം തന്നെയാണ് ഇന്ത്യയുടെ ദേശീയഗാനം രചിച്ച രബീന്ദ്രനാഥ് ടാഗോറും താഴെ പറയുന്ന വരികളിലൂടെ അവതരിപ്പിക്കുന്നത്. 'എവിടെ മനസ് നിർഭയമായും ശിരസ് ഉന്നതമായും, ജ്ഞാനം സ്വതന്ത്രമായും നിൽക്കുന്നുവോ, സങ്കുചിതമായ ഹൃദയഭിത്തികളാൽ ലോകം ചെറുതുണ്ടുകളായി എവിടെ വിഭജിക്കപ്പെടാതിരിക്കുന്നുവോ, വാക്കുകൾ സത്യത്തിന്റെ അഗാധതയിൽ നിന്ന് പുറപ്പെടുന്നുവോ... ആ സ്വാതന്ത്ര്യസ്വർഗത്തിലേക്ക് എന്റെ നാടുയരട്ടെ."


രാജ്യത്ത് അർധരാത്രിയിൽ ഏർപ്പെടുത്തിയ പണ നിരോധനവും, നികുതി ഏകീകരണവും തൊഴിൽ രംഗത്ത് സൃഷ്ടിച്ച ആഘാതം വിവരണാതീതമാണ്. ഈ ആഘാതത്തിൽ നിന്ന് കരകയറാനാകാതെ ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്ന ഹതഭാഗ്യരായ ആയിരക്കണക്കിന് ചെറുകിട സംരംഭകർ. തൊഴിലാളികളുടെ അവകാശത്തിന്മേൽ കോടാലി വയ്ക്കുന്ന 'ലേബർ കോട്'. സ്വയം തൊഴിൽ ചെയ്തു ജീവിതവൃത്തി നടത്തുന്ന കോടിക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പ് അപായപ്പെടുത്തുന്ന 'ദേശീയ മറൈൻ ഫിഷറീസ് നിയന്ത്രണ പരിപാലന ബില്ല്' ഇതിനോടൊപ്പം മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പൽ കണക്കേ തകർന്നിരിക്കുന്ന കോർപ്പറേറ്റുകൾക്ക് രാജ്യത്തെ പൊതുമേഖല സ്ഥാപനങ്ങൾ തീറെഴുതാനുള്ള നീക്കം, അങ്ങനെ എത്രയെത്ര അപായ സൂചനകൾ!

അപകട സ്ഥിതിയിലേക്ക് കൂപ്പുകുത്തുന്ന വ്യവസ്ഥിതിയിലേക്ക് വിരൽചൂണ്ടിക്കൊണ്ടാണ് വ്യവസായ പ്രമുഖൻ രാഹുൽ ബജാജും മറ്റും നാടിന്റെ സാമ്പത്തിക അപകട സ്ഥിതി ചൂണ്ടിക്കാണിച്ചത്. ഇത്തരം ഗൗരവമേറിയ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടാനാണ് 2019 ഡിസംബറിൽ പൗരത്വ ഭേദഗതി ബില്ല് പാർലമെന്റ് വിശദാംശങ്ങൾ ചർച്ചചെയ്യാതെ പാസാക്കിയത്. ഇത് രാജ്യത്തിന്റെ ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളായ 'ജനാധിപത്യ മതേതര മൂല്യങ്ങൾക്ക്' ഭീഷണി ഉയർത്തിക്കഴിഞ്ഞു. ടാഗോർ പറയുന്നതുപോലെ 'യുക്തിയുടെ സുസ്പഷ്ടമായ സരസ്സ് മൃതപ്രായമായ ആചാരങ്ങളുടെ വരണ്ട മരുഭൂമിയിൽക്കൂടി പ്രവഹിച്ച് അതിന്റെ ഗതിയെ നഷ്ടീഭവിക്കാതിരിക്കാൻ' നമുക്ക് അണിചേരാം.

പുതുവത്സരാശംസകളോടെ,

– പത്രാധിപർ

# പ്രതികരണങ്ങൾ




## ഇന്ത്യയുടെ ആത്മാവിനെ വെട്ടിമുറിക്കരുത്

അയോധ്യ തർക്കഭൂമിയെക്കുറിച്ചുള്ള നേർക്കാഴ്ച വായിച്ചു. രാജ്യത്തിന് ശാന്തിയും സമാധാനവുമേകുന്നതാണ് സുപ്രധാനമായ സുപ്രീംകോടതി വിധി. എന്നാൽ രാജ്യസഭയും ലോക്സഭയും പാസാക്കിയ പൗരത്വ ബിൽ ഭരണഘടനയുടെ തത്വങ്ങൾക്കനുസൃതമല്ലെന്ന തോന്നലാണ് രാജ്യമെങ്ങും കത്തിപ്പടരുന്ന പ്രതിഷേധ ജ്വാലകളിൽ നിന്നും മനസ്സിലാകുന്നത്. ഭൂരിപക്ഷമുണ്ടെന്ന ഹുങ്കിൽ തോന്നുംപോലെ പ്രവർത്തിക്കാമെന്ന് ഭരണാധികാരികൾ ചിന്തിക്കരുത്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതിയാണ് നാനാത്വത്തിലെ ഏകത്വത്തിന്റെയും മതേതരത്വത്തിന്റെയും സമത്വത്തിന്റെയും അടിസ്ഥാനം. ആന ഉറുമ്പിനെ ഞെരിച്ചമർത്തുന്നതുപോലെ 'അമിതാധികാരമോദം' രാഷ്ട്രത്തെ കുട്ടിച്ചോറാക്കും. ഇന്ത്യയുടെ ആത്മാവിനെ വെട്ടിമുറിക്കരുത് എന്നേ പറയാനുള്ളൂ. വിലക്കയറ്റത്തിൽ നിന്നും സാമ്പത്തിക തകർച്ചയയിൽ നിന്നും രൂക്ഷമായ തൊഴിലില്ലായ്മയിൽ നിന്നും പട്ടിണിയിൽ നിന്നുമുള്ള വിടുതലാണ് ഗാന്ധിജിയുടെ ഇന്ത്യക്കാവശ്യം.

– വിജയമ്മ പാളയം

## നമ്മെ വിസ്മയഭരിതരാക്കുന്നു

ശാന്തമായി ഒഴുകുന്ന പുഴ പോലെ..
ഇളം കാറ്റു പോലെ...
മഞ്ഞിൻ കണം പോലെ...
തുമ്പപ്പൂവിന്റെ നൈർമല്യം പോലെ...
തുളസിച്ചെടിയുടെ വിശുദ്ധി പോലെ...
ഇളംതണുപ്പുമായി വരുന്ന പ്രഭാതങ്ങൾ പോലെ..
വിശുദ്ധിയുടെ വെൺനിലാവായി...
വിനയത്തിന്റെ വെൺമേഘമായി...
എന്നാൽ കടൽ പോലെ വിശാലവും അഗാധവുമായി...
പൗരോഹിത്യത്തിന്റെ നിറവായി..
മേൽപ്പട്ട ശുശ്രൂഷയുടെ എളിയ ദാസനായി പ്രശോഭിക്കുന്ന
അനന്തപുരിയുടെ മഹാ ഇടയൻ...
മരണത്തിന്റെ നിഴൽ വീണ താഴ്വരകളിൽ നിന്നും ദൈവം
കൈപിടിച്ചുയർത്തിയ പ്രകാശതാരം...
വിസ്വാസ വെളിച്ചത്തിന്റെ ദീപശിഖയേന്തിയ
മഹാഗുരുനാഥൻ..

ഇന്നും നമ്മെ വിസ്മയഭരിതരാക്കുന്നു പ്രിയപ്പെട്ട സൂസപാക്യം പിതാവ്. സഭയുടെ അനുഗ്രഹമായ ഭാഗ്യതാരകം സഞ്ചരിച്ച ജീവിത വഴിത്താരകളെല്ലാം ഓർത്തെടുത്ത് അമൂല്യവും അനർഘവുമായ ക്രിസ്മസ് സമ്മാനമൊരുക്കിയ ജീവനും വെളിച്ചവും മാസികയ്ക്ക്, അണിയറ ശില്പികൾക്ക് നന്ദി... ഗ്രേറ്റ് സല്യൂട്ട് !

– ജെറാൾഡ് ബി.മിരാൻഡ്
തോന്നയ്ക്കൽ

## ഡൈസൻ അച്ചന്റെ ലേഖനം ഹൃദ്യമായിരുന്നു

ബേത്‌ലെഹേം ചിന്തകൾ ഡിസംബർ ലക്കത്തിൽ ഡൈസൻ അച്ചൻ എഴുതിയ ലേഖനം നന്നായിരുന്നു. 2000 വർഷം മുൻപ് ദൈവപുത്രന് മണ്ണിൽ പിറക്കാൻ നല്ലൊരിടം ഇല്ലാത്ത അവസ്ഥയാണിന്നും. ഇന്നും മറിയം നമ്മുടെ ഹൃദയവാതിലുകളിൽ മുട്ടിക്കൊണ്ടിരിക്കുന്നു. നാം പക്ഷേ, ഹൃദയവാതിൽ തുറന്നു കൊടുക്കുന്നില്ല.


അത്യാഡംബരപൂർണമായ നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളും അതിന്റെ ധാരാളിത്ത സമൃദ്ധിയും വർണ വൈവിധ്യങ്ങളുടെ നിറച്ചാർത്തും ഉണ്ടെങ്കിലും ക്രിസ്തു ഇല്ലാത്ത ക്രിസ്മസ് ആഘോഷങ്ങളാണെങ്ങും. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ആർദ്രതയുടെയും ദയയുടെയുമല്ല കോപത്തിന്റെയും അക്രമത്തിന്റെയും തിന്മയുടെയും വർധിച്ചുവരുന്ന വാർത്തകളാണ് പരക്കുന്നത്.

ബേത്‌ലഹേം ചിന്തകൾ എളിമയുടെയും സ്വയംശൂന്യവൽക്കരണത്തിന്റെയും ചെറുതാകലിന്റെയും പ്രാധാന്യമാണ് വരച്ചുകാട്ടുന്നത്. മനുഷ്യനായിപ്പിറന്ന ദൈവകുമാരാ അപ്പത്തിന്റെ രൂപത്തിൽ എന്നിൽ അലിഞ്ഞ് എന്നെന്നും ക്രിസ്മസ് അനുഭവത്തിൽ വളരാൻ കൃപയേകണമേ...

– ജാളി, ചെമ്പകമംഗലം










# താളുകളിൽ


**6** ചുറ്റും പ്രശ്നങ്ങൾ, പ്രതിസന്ധികൾ; അപ്പോഴും നമുക്ക് നല്ലത് പ്രതീക്ഷിക്കാം
സാബു ജോൺ

**10** ഇന്ത്യയുടെ സാമ്പത്തിക മേഖല കടുത്ത മാന്ദ്യത്തിലൂടെ കടന്നുപോകുമ്പോൾ
ഡോ. മേരി ജോർജ്ജ്

**14** ചരിത്രം കുറിച്ച കെഎൽസിഎ സംസ്ഥാന സമ്മേളനം
അഡ്വ. എം.എ.ഫ്രാൻസിസ്

**18** ലത്തീൻ കത്തോലിക്കരുടെ ഗൾഫിലെ പ്രവാസ ജീവിതം

**22** വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

**24** വാർത്തകൾ

**30** നീർച്ചാൽ

**37** കാനോൻ നിയമം
ഡോ. ജോസ് ജി.

**38** വചനജ്വാല

**40** ഇളംതൂവൽ

**42** നേർക്കാഴ്ച



ലേഖനം

**സാബു ജോൺ**

# ചുറ്റും പ്രശ്നങ്ങൾ, പ്രതിസന്ധികൾ; അപ്പോഴും നമുക്കു നല്ലതു പ്രതീക്ഷിക്കാം

പുതുവർഷം എന്നും പ്രതീക്ഷയുടേതാണ്. ഒപ്പം ആത്മവിമർശനത്തിനുള്ള അവസരം കൂടിയാണ്. പോയ വർഷത്തെ പോരായ്മകൾ കണ്ടെത്താനും തിരുത്താനുമുള്ള അവസരമാണത്. നല്ലതു പ്രതീക്ഷിക്കുന്ന സമയവും.

ഈ അർഥത്തിൽ 2020 രാജ്യത്തിനു പ്രതീക്ഷ നൽകേണ്ടതാണ്. യുവാക്കൾക്ക് ആത്മവിശ്വാസവും പകരേണ്ടതാണ്. എന്നാൽ ഇന്നു രാജ്യത്തു നിലനിൽക്കുന്ന അന്തരീക്ഷം പ്രതീക്ഷ പകരുന്നതല്ലെന്നു പറയാതെ വയ്യ.

ഭയത്തിന്റെയും അവിശ്വാസത്തിന്റെയും അന്തരീക്ഷമാണു രാജ്യത്തു നിറഞ്ഞു നിൽക്കുന്നത്. ഇതു വളർച്ചയ്ക്കും വികസനത്തിനും അനുകൂലമായ സ്ഥിതിയല്ല സൃഷ്ടിക്കുന്നത്. ഈ അന്തരീക്ഷത്തിൽ രാജ്യത്തെ സാധാരണക്കാർക്ക് എന്താണു പ്രതീക്ഷിക്കാനുള്ളത്, എന്തു സ്വപ്നമാണു കാണാനുള്ളത് എന്ന ചോദ്യം പ്രസക്തമാകുന്നു.

## ഭീതിയുടെ നിഴലിൽ

രാജ്യത്തെ ന്യൂനപക്ഷങ്ങളും സാധാരണക്കാരുമെല്ലാം ഭീതിയുടെ നിഴലിലാണു ജീവിക്കുന്നത്. ജനങ്ങളെ വർഗീയമായി ഭിന്നിപ്പിക്കുന്ന നയങ്ങളും പരിപാടികളും ഭരിക്കുന്നവരിൽ നിന്നുണ്ടാകുമ്പോൾ ന്യൂനപക്ഷം അരക്ഷിതാവസ്ഥയിലാകും. ആൾക്കൂട്ട കൊലപാതകങ്ങളും അക്രമങ്ങളുമൊക്കെ വ്യാപകമാകുമ്പോൾ ന്യൂനപക്ഷങ്ങളുടെയും ദളിതരുടെയും പിന്നോക്കക്കാരുടെയുമെല്ലാം ജീവനു ഭീഷണി ഉയരുകയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾ

ക്കിടയിൽ ആൾക്കൂട്ടം കൊന്നൊടുക്കിയത് നിരവധി പേരെയാണ്. പലപ്പോഴും ഇരകൾക്കു നീതി കിട്ടുന്നില്ലെന്നു മാത്രമല്ല, വേട്ടക്കാർ സ്വതന്ത്രരായി വിഹരിക്കുകയും ചെയ്യുമ്പോൾ ഭീതിയുടെ അന്തരീക്ഷം വ്യാപിക്കുകയാണ്.

## വിശ്വാസം നഷ്ടപ്പെടുന്നു

ഭരണത്തോടും ഭരണാധികാരികളോടും ജനങ്ങൾക്കുള്ള വിശ്വാസമാണ് യഥാർഥത്തിൽ ഏതൊരു രാജ്യത്തിന്റെയും മുന്നോട്ടുള്ള പോക്കിൽ പ്രധാനപ്പെട്ടത്. അവരുടെ നടപടികളിൽ അവിശ്വാസം വളർന്നാൽ പിന്നെ എന്തു ചെയ്താലും സംശയമായിരിക്കും.

രാജ്യത്ത് ഇന്ന് അവിശ്വാസത്തിന്റെ അന്തരീക്ഷം നിലനിൽക്കുകയാണ്. ആർക്കും ആരെയും വിശ്വാസമില്ലാത്ത സ്ഥിതിയാണു നിലനിൽക്കുന്നത്. ഭരണാധികാരികളുടെ സദുദ്ദേശ്യത്തോടെയുള്ള നടപടികളെ പോലും ജനങ്ങൾ സംശയത്തോടെ വീക്ഷിക്കുന്നു എങ്കിൽ ഭരണാധികാരികളുടെ ഭാഗത്ത് എന്തോ കുഴപ്പമുണ്ടെന്ന് പറയേണ്ടിവരും.

ഇന്ത്യയിൽ എല്ലാ മേഖലയിലും അവിശ്വാസത്തിന്റെ അന്തരീക്ഷമാണിന്നു നിലവിലുള്ളത്. സാമ്പത്തിക രംഗത്ത് അപ്രതീക്ഷിതമായി വന്ന നോട്ട് നിരോധനവും ഉദ്യോഗസ്ഥരാജും ജനങ്ങളെ സംശയാലുക്കളാക്കി മാറ്റിയിരിക്കുകയാണ്. നോട്ട് സൂക്ഷിക്കാനും ബാങ്കിൽ പണം നിക്ഷേപിക്കാനും പുതിയ സംരംഭങ്ങൾ തുടങ്ങാനും കടം കൊടുക്കാനും വാങ്ങാനുമെല്ലാം ജനങ്ങൾ ഭയപ്പെടുകയാണ്. നാളെ എന്തു സംഭവിക്കുമെന്ന് അറിയില്ലാത്ത അവസ്ഥ. പണം കറൻസിയായി സൂക്ഷിക്കുന്ന പ്രവണത പോലും വർധിച്ചു വരുന്നു എന്നാണ് ധനകാര്യ വിദഗ്ധർ സംശയിക്കുന്നത്. ആദായനികുതി വകുപ്പിനെയും എൻഫോഴ്സ്മെന്റിനെയും മറ്റും രാഷ്ട്രീയ വിരോധികളെ നേരിടാനുള്ള ആയുധങ്ങളാക്കി മാറ്റിക്കൊണ്ട് ഈ ഏജൻസികളുടെ വിശ്വാസ്യതയും നഷ്ടപ്പെടുത്തി.




മുത്തലാക്ക് ബില്ലും കാഷ്മീരിന്റെ പ്രത്യേക അവകാശങ്ങൾ എടുത്തുകളഞ്ഞ തീരുമാനവും അതു നടപ്പിലാക്കിയ ജനാധിപത്യ വിരുദ്ധമായ രീതിയുമെല്ലാം സർക്കാരിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ സംശയമുണർത്തുന്നതായി. ഏറ്റവുമൊടുവിൽ പൗരത്വനിയമ ഭേദഗതിയുടെ പേരിൽ രാജ്യത്തു പൊട്ടിപ്പുറപ്പെട്ട ലഹള ഈ അവിശ്വാസത്തിന്റെയും ഭീതിയുടെയുമെല്ലാം ബഹിർസ്ഫുരണമായി കാണണം.

പൗരത്വ നിയമ ഭേദഗതി യഥാർഥത്തിൽ ഇന്ത്യാക്കാരെ കാര്യമായി ബാധിക്കുന്നതല്ല. രാജ്യത്തെ ന്യൂനപക്ഷങ്ങളെയും ദോഷകരമായി ബാധിക്കുമെന്നു പറയാനാകില്ല. എന്നാൽ പൗരത്വനിയമം ഒരു തുടക്കം മാത്രമാണെന്നും ന്യൂനപക്ഷ വിരുദ്ധ നീക്കങ്ങളുടെ ഭാഗമാണെന്നും ജനങ്ങൾ ഭയപ്പെടുന്നു. അഥവാ സർക്കാരിന്റെ വാദങ്ങൾ വിശ്വസിക്കാൻ ജനങ്ങളിൽ വലിയൊരു പങ്കിനും സാധിക്കുന്നില്ല. ഇങ്ങനെ ഭീതിയും അവിശ്വാസവും നിലനിൽക്കുന്ന പ്രക്ഷുബ്ധമായ ഒരു സാഹചര്യത്തിലാണ് നാം 2020 ലേക്കു കടക്കുന്നത്. പുതിയ വർഷത്തിന്റെ




**ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വലുതായി വരികയാണ് ഇന്ത്യയിൽ. ഉദാരവത്കരണത്തിനും ആഗോളവത്കരണത്തിനും ശേഷം രാജ്യം കൈവരിച്ച വൻതോതിലുള്ള വളർച്ചയുടെ ഫലമായി വൻതോതിൽ സമ്പത്തു കുമിഞ്ഞു കൂടി. ഇതുപക്ഷേ ഏതാനും പേരുടെ കൈയിലേക്ക് ഒതുങ്ങി.**

സാധ്യതകളും വെല്ലുവിളികളും ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.

## കത്തിപ്പടരുന്ന പ്രക്ഷോഭങ്ങൾ

പൗരത്വഭേദഗതിക്കെതിരായി രാജ്യത്തു നടന്നു വരുന്ന പ്രക്ഷോഭങ്ങളെ സർക്കാരിനെതിരായ പ്രതിപക്ഷത്തിന്റെ സാധാരണ സമരമായി കാണാനാകില്ല. ഒരു ജനമുന്നേറ്റത്തിന്റെ ലക്ഷണങ്ങൾ ഈ പ്രക്ഷോഭത്തിനുണ്ട്.

ലോകത്തെവിടെയും വിദ്യാർഥി പ്രക്ഷോഭങ്ങൾ ലക്ഷ്യംകണ്ടേ അവസാനിക്കാറുള്ളൂ. അഥവാ വിദ്യാർഥി സാന്നിധ്യമില്ലാത്ത ഒരു സമരവും വിജയിക്കാറുമില്ല. പൗരത്വബില്ലിനെതിരായ വിദ്യാർഥി മുന്നേറ്റം വിദ്യാർഥി രാഷ്ട്രീയത്തിന്റെ ഉത്പന്നമല്ല. സംഘടിതമായ സമരവുമായിരുന്നില്ല അത്. ജാമിയ മിലിയ യൂണിവേഴ്സിറ്റിയിലെയും അലിഗഢ് സർവകലാശാലയിലെയും പോലീസ് അതിക്രമങ്ങളെ തുടർന്ന് രാജ്യമെമ്പാടും അതു കത്തിപ്പടരുകയായിരുന്നു. ഇതിനകം ഇരുപത്തഞ്ചോളം പേരുടെ ജീവൻ ഈ സമരം അപഹരിച്ചു. പൗരത്വം സംരക്ഷിക്കുന്നതിനായി ഇത്രയധികം പേർക്ക് ജീവൻ ബലി കൊടുക്കേണ്ടിവന്നു.




ഐഐടികൾ ഉൾപ്പെടെയുള്ള രാജ്യത്തെ മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം വിദ്യാർഥികളുടെ രോഷം അണ പൊട്ടി ഒഴുകുകയാണ്. പ്രത്യേക ചില ആനുകൂല്യങ്ങൾ നൽകി വടക്കുകിഴക്കൻ സംസ്ഥാനങ്ങളെ ഒതുക്കി നിർത്താൻ സാധിച്ചെങ്കിലും ആസാം പോലുള്ള സ്ഥലങ്ങളിൽ കാര്യങ്ങൾ എപ്പോൾ വേണമെങ്കിലും കൈവിട്ടു പോകാം എന്ന സ്ഥിതിയാണു നിലനിൽക്കുന്നത്. പൗരത്വബില്ലിനെതിരായ ഇപ്പോഴത്തെ പ്രക്ഷോഭങ്ങൾ ഒരു പക്ഷേ കുറച്ചു ദിവസങ്ങൾക്കു ശേഷം കെട്ടടങ്ങിയേക്കാം. പക്ഷേ സർക്കാർ ഇതിൽ നിന്നു ചില പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. നയങ്ങളും തീരുമാനങ്ങളും ഏകപക്ഷീയമായി അടിച്ചേൽപ്പിച്ചാൽ ചെറുത്തു നിൽപ് ഉണ്ടാകുമെന്ന് സർക്കാർ അറിയണം. രാജ്യത്തിന്റെ ബഹുസ്വരതയും മതനിരപേക്ഷതയും ജനാധിപത്യവും അപകടപ്പെടുത്തുന്ന നീക്കങ്ങളുണ്ടായാൽ വലിയ തോതിലുള്ള പ്രക്ഷോഭം ഉയർന്നു വരുമെന്ന വസ്തുതയും തിരിച്ചറിയണം. അതുപോലെ പോലീസിനെയും പട്ടാളത്തെയും ഉപയോഗിച്ച ജനങ്ങളുടെ ശബ്ദം അടിച്ചമർത്താമെന്നു വിചാരിച്ചാൽ അതു നടപ്പില്ലെന്നും സർക്കാർ അറിയണം.

## സാമ്പത്തികാവസ്ഥ

രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യത്തിലൂടെ കടന്ന പോകുകയാണെന്ന യാഥാർഥ്യം ഇപ്പോൾ ഏറെക്കുറെ എല്ലാവരും അംഗീകരിച്ചിരിക്കുകയാണ്. നോട്ട് നിരോധനവും വേണ്ടത്ര തയാറെടുപ്പുകളില്ലാതെ നടപ്പിലാക്കിയ ജിഎസ്ടിയുമെല്ലാം രാജ്യത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ആഘാതം ചെറുതല്ല.

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളും വ്യാപാരങ്ങളുമെല്ലാം തകർന്നടിഞ്ഞു. കാർഷിക മേഖലയും വലിയ തിരിച്ചടി നേരിട്ടു. റിയൽ എസ്റ്റേറ്റ് മേഖല മുമ്പൊരിക്കലുമില്ലാത്ത നിലയിൽ തകർച്ചയിലായി. ഒടുവിലായി സംഘടിത മേഖലയിൽ പെടുന്ന വൻകിട വ്യവസായങ്ങളും ഉത്പാദന മേഖലകളും തിരിച്ചടി നേരിട്ടിരിക്കുന്നു. ഓട്ടോമൊബൈൽ വ്യവസായം വല്ലാത്ത തകർച്ചയിലാണ്. എല്ലാ തരത്തിലുമുള്ള വാഹനങ്ങളുടെയും വിൽപന മാസങ്ങളായി കുറഞ്ഞു വരികയാണ്. ഉത്പാദിപ്പിച്ച വാഹനങ്ങൾ വിറ്റഴിക്കപ്പെടാതെ കിടക്കുന്നു. ഇതോടെ പുതിയ ഉത്പാദനം വെട്ടിക്കുറച്ചു. നിരവധി പേർക്കു തൊഴിൽ നഷ്ടപ്പെട്ടു.

നിക്ഷേപവും സമ്പാദ്യവും വരുമാനവും ഉപഭോഗവുമെല്ലാം കീഴ്പോട്ടാണ്. തൊഴിലില്ലായ്മ നാലു പതിറ്റാണ്ടിനിടയിലെ ഏറ്റവും ഉയർന്ന തോതിലാണ്. നഗര, ഗ്രാമ വ്യത്യാസമില്ലാതെ ജനങ്ങളുടെ വരുമാനത്തിൽ ഇടിവുണ്ടായി. അതിന്റെ പ്രതിഫലനം എന്ന നിലയിൽ ഉപഭോഗത്തിലും കുറവുണ്ടായി. ആവശ്യക്കാർ കുറയുന്നതോടെ ഉത്പാദനം വെട്ടിച്ചുരുക്കാൻ ഉത്പാദകർ നിർബന്ധിതരാകും. ഉത്പാദനം കുറയുന്നതോടെ തൊഴിലാളികളെ പിരിച്ചു വിടേണ്ടിവരും. സാധാരണക്കാരന്റെ വരുമാനം വീണ്ടും കുറയും. സാമ്പത്തിക ശാസ്ത്രത്തിൽ പ്രസിദ്ധമായ ഈ ദൂഷിതവലയത്തിൽ അകപ്പെട്ടിരിക്കുകയാണു രാജ്യം. ഏതാണ്ടു രണ്ടക്കം വരെ വളർച്ച കൈവരിച്ചിരുന്ന രാജ്യം ഇക്കഴിഞ്ഞ പാദത്തിൽ 4.5 ശതമാനം വളർച്ച മാത്രമാണു നേടിയതെന്ന് ഓർക്കണം.

ലോകവ്യാപകമായ വ്യാപാരമാന്ദ്യത്തിന്റെ ഫലമായുണ്ടായതല്ല ഇന്ത്യയിലെ മാന്ദ്യം. മുൻവിചാരമില്ലാതെ നടപ്പിലാക്കിയ നയങ്ങളും നടപടികളുമാണ് ഈ പ്രതിസന്ധിക്കു കാരണമായത്. അതുകൊണ്ടു തന്നെ ഇതിനുള്ള പരിഹാരവും നാം തന്നെ കണ്ടെത്തണം.

## കാർഷിക പ്രതിസന്ധി

ഇന്ത്യയുടെ കാർഷിക മേഖലയും തകർന്നടിഞ്ഞിരിക്കുകയാണ്. കാർഷിക വിളകൾക്കു വിലയില്ല. കൃഷി ചെലവാകട്ടെ കുതിച്ചു കയറുകയും ചെയ്യുന്നു. കാർഷികോത്പന്നങ്ങൾക്കു വില കൂടിയാൽ അപ്പോൾ ഉത്പാദനം കുറവായിരിക്കും. ഈ വർഷം സവാളയ്ക്കു റിക്കാർഡ് വിലയാണ്. പക്ഷേ കർഷകർക്കു ഗുണമില്ല. കാരണം വെള്ളപ്പൊക്കത്തിൽ വൻതോതിൽ വിള നാശമുണ്ടായി.

കടക്കെണിയിലാണ് കർഷകർ. നോട്ട് നിരോധനം കാർഷിക മേഖലയെയും നന്നായി ബാധിച്ചു. കർഷക ആത്മഹത്യകൾ പെരുകി വരുന്നു. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2016 ൽ രാജ്യത്ത് 11,379 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. അതിനു ശേഷമുള്ള കണക്കുകൾ സർക്കാർ പുറത്തു വിട്ടിട്ടില്ല. എണ്ണം ഇതിലും കൂടുതലാണെന്നു മനസിലാക്കാം.




സമ്പദ്ഘടനയിൽ കാർഷിക മേഖലയുടെ സംഭാവന ചെറുതല്ല. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 18 ശതമാനം കാർഷിക മേഖലയിൽ നിന്നാണ്. മൊത്തം തൊഴിലിന്റെ 50 ശതമാനവും ഈ മേഖലയിലാണ്. കാർഷിക മേഖലയുടെ തകർച്ച രാജ്യത്തെയും ജനങ്ങളെയും എങ്ങനെ ബാധിക്കും എന്നറിയാൻ ഈ കണക്കുകൾ ധാരാളം.

## അസമത്വങ്ങൾ

ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വലുതായി വരികയാണ് ഇന്ത്യയിൽ. ഉദാരവത്കരണത്തിനും ആഗോളവത്കരണത്തിനും ശേഷം രാജ്യം കൈവരിച്ച വൻതോതിലുള്ള വളർച്ചയുടെ ഫലമായി വൻതോതിൽ സമ്പത്തു കുമിഞ്ഞു കൂടി. ഇതുപക്ഷേ ഏതാനും പേരുടെ കൈയിലേക്ക് ഒതുങ്ങി. പണക്കാരൻ കൂടുതൽ പണക്കാരനും പാവപ്പെട്ടവൻ കൂടുതൽ പാവപ്പെട്ടവനുമായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ അസന്തുലിതാവസ്ഥ സാമൂഹ്യ പ്രശ്നങ്ങളും സൃഷ്ടിക്കാം. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലും സാമ്പത്തിക അസന്തുലിതാവസ്ഥയുടെ പ്രതിഫലനമുണ്ടാകും.

## താളം തെറ്റുന്ന കാലാവസ്ഥ

കാലാവസ്ഥാ വ്യതിയാനത്തിന്റെ വിപത്തുകൾ ഇന്ത്യ അനുഭവിച്ചു തുടങ്ങി. തുടർച്ചയായ പ്രളയങ്ങളും മറ്റു പ്രകൃതി ദുരന്തങ്ങളും രാജ്യത്തെ കാലാവസ്ഥാമാറ്റം പ്രവചനാതീതമാക്കി മാറ്റിയിരിക്കുകയാണ്. കാർഷിക മേഖലയെയും ജീവിതക്രമത്തെയുമെല്ലാം മാറ്റി മറിക്കുന്ന കാലാവസ്ഥാവ്യതിയാനം രാജ്യത്തിന്റെ ഭാവിക്കു മേൽ യഥാർഥത്തിൽ വലിയ ഭീഷണിയാണ് ഉയർത്തുന്നത്.

## യുവാക്കളാണു പ്രതീക്ഷ

ഏതൊരു രാജ്യത്തിന്റെയും പ്രതീക്ഷ യുവാക്കളിലാണ്. പ്രതിഭാധനരായ യുവാക്കൾ രാഷ്ട്രത്തിന്റെ സമ്പത്താണെന്നു പറയും. ജനസംഖ്യയുടെ 65 ശതമാനത്തോളം പേർ 35 വയസിൽ താഴെയുള്ളവരാണ്. പകുതിയോളം പേർ 25 വയസിൽ താഴെയുള്ളവരും. ഇപ്പോൾ ഇന്ത്യാക്കാരന്റെ ശരാശരി പ്രായം 29 ആണ്. ചൈനയുടേത് 37 ഉം ജപ്പാന്റേത് 48 ഉം ആണെന്നോർക്കണം. അധ്വാനിക്കാൻ പ്രാപ്തിയുള്ളവരാണ് ഇന്ത്യൻ ജനസംഖ്യയിൽ നല്ല പങ്കുമെന്നു ചുരുക്കം. വളർച്ചയ്ക്ക് ഏറ്റവും അനുകൂലമായ ജനസംഖ്യാ വളർച്ചയുടെ ഘട്ടത്തിലൂടെയാണു നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ചൈനയും മറ്റും ഈ ഘട്ടത്തിൽ ഇരട്ട അക്ക വളർച്ചയാണു കൈവരിച്ചത്.

## നല്ലതു പ്രതീക്ഷിക്കാം

ചുറ്റും ഇരുട്ടാണ്. അപ്പോഴും അകലെ എവിടെയോ വെളിച്ചം കാണുന്നുണ്ട്. നമുക്കു നല്ലതു പ്രതീക്ഷിക്കാം. കാരണം ഇന്ത്യയുടെ ജനാധിപത്യം അത്രയ്ക്കു ശക്തവും പക്വത കൈവരിച്ചതുമാണ്. ഏതു പ്രതിസന്ധിയെയും മറികടക്കാനുള്ള കരുത്ത് നമുക്കുണ്ട്. നമ്മുടെ അടിത്തറ അത്രമേൽ ശക്തമാണ്. രാജ്യത്തു പടരുന്ന അവിശ്വാസത്തിന്റെയും വിഭജനത്തിന്റെയും മാനസികാവസ്ഥയിൽ മാറ്റമുണ്ടാകുമെന്നും യോജിപ്പിന്റെയും പരസ്പര വിശ്വാസത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കപ്പെടുമെന്നും നമുക്കു പ്രതീക്ഷിക്കാം. അതിലൂടെ മാത്രമേ നമുക്കു വികസനവും വളർച്ചയുമെല്ലാം കൈവരിക്കാൻ സാധിക്കൂ.

സാമ്പത്തിക പ്രതിസന്ധിയിൽ നിന്നു കരകയറാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചേ പറ്റൂ. അതിനുള്ള നയസമീപനങ്ങൾ സർക്കാരുകൾ ഉടൻ കൈക്കൊള്ളുമെന്നും പ്രതീക്ഷിക്കാം. സാമ്പത്തിക മാന്ദ്യത്തിൽ നിന്നു കരകയറി രാജ്യം അടുത്ത വർഷം വളർച്ചയുടെ പാതയിലേക്കു മടങ്ങിയെത്തുമെന്നും പ്രതീക്ഷിക്കാം. ■

ലേഖനം

ഡോ. മേരി ജോർജ്ജ്



## ഇന്ത്യയുടെ സാമ്പത്തിക മേഖല

# കടുത്ത മാന്ദ്യത്തിലൂടെ കടന്നുപോകുമ്പോൾ

നരേന്ദ്രമോദി ഗവണ്മെന്റും സ്തുതിപാഠകരും മാന്ദ്യമുണ്ട് എന്ന് സമ്മതിക്കാൻ ഇന്നും മടിച്ചുനിൽക്കുന്നു. എന്നാൽ ധനമന്ത്രി നിർമല സീതാരാമൻ ഗത്യന്തരമില്ലാതെ മാന്ദ്യവിരുദ്ധ പാക്കേജുകളുമായി അഞ്ചുവട്ടം മുന്നോട്ടുവന്നു. അതായത് അതിരൂക്ഷമായ മാന്ദ്യത്തിന്റെ പിടിയിലാണ് ഇന്ത്യയെന്ന പരമാർത്ഥം അവർ അംഗീകരിക്കുന്നു എന്നതിന്റെ തെളിവ്. അഞ്ചുവർഷം ഇന്ത്യയുടെ ധനമന്ത്രിയും പത്തുവർഷം പ്രധാനമന്ത്രിയുമായിരുന്ന് ഇന്ത്യയെ നേരിന്റെയും വളർച്ചയുടെയും പാതകളിലൂടെ നയിച്ച ഡോ. മൻമോഹൻസിംഗ് ചൂണ്ടിക്കാട്ടുന്നത് "ഇന്ത്യയുടെ ആഭ്യന്തരവരുമാന വളർച്ച കഴിഞ്ഞുപോയ 15 വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കിലാണ്; തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലാണ്; സമൂഹത്തിലെ ഉപഭോഗ നിലവാരം കഴിഞ്ഞ നാലുപതിറ്റാണ്ടിലെ താഴ്ന്ന നിരക്കിലാണ്. എന്നാൽ ഇതിനെല്ലാമുപരി അദ്ദേഹത്തെ ഭയപ്പെടുത്തുന്നത് നാം ഒറ്റ ഇന്ത്യ ഒറ്റ ജനത എന്ന ആത്മവിശ്വാസവും ഐക്യവും പകരുന്ന സാമൂഹ്യ സുരക്ഷാ കവചത്തിനേറ്റവിള്ളലാണ്; അതാത് സാമ്പത്തിക മാന്ദ്യത്തെ ഭീകരമാക്കുന്നതെന്നതാണ്." (The Hindu, Nov.19/2019)

നാഷണൽ ഇൻസ്റ്റിട്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യയുടെ (NITI Aayog) സിഇഒ രാജീവ്കുമാർ മറച്ചുവയ്ക്കാനാവാത്ത വിധത്തിൽ രൂക്ഷമായ മാന്ദ്യത്തിന്റെ സൂചന പുറത്തുവിട്ടത് ഇന്ത്യ കഴിഞ്ഞ 73 വർഷത്തെ ഏറ്റവും രൂക്ഷമായ പണദൗർലഭ്യം നേരിടുകയാണെന്ന പ്രസ്താവനയോടെ മാധ്യമപ്രവർത്തകരെ കണ്ടതോടെയാണ്. അതിനുമുമ്പ് സാമ്പത്തിക വിദഗ്ധർ ഈ യാഥാർഥ്യത്തിലേക്ക് വിരൽ ചൂണ്ടിയപ്പോഴൊക്കെ ഗവണ്മെന്റ് വൃത്തങ്ങൾ അത് സമർത്ഥമായി നിഷേധിച്ചിരുന്നു. മാന്ദ്യത്തിലേക്ക് തള്ളിവിട്ട പ്രധാനകാര്യങ്ങൾ.

### നോട്ടുപിൻവലിക്കൽ

2016, നവംബർ 8 ന് നിലവിലിരുന്ന കറൻസിയുടെ 86.4 ശതമാനമാണ് ഒരു പ്രഖ്യാപനത്തിലൂടെ പിൻവലിച്ചത്. കൂടിയത് 50 ദിവസം കൊണ്ട് പൂർവസ്ഥിതിയിൽ സമ്പദ്ഘടന എത്തിച്ചേരുമെന്ന പ്രധാനമന്ത്രിയുടെ വാക്കുകൾ പാഴ്വാക്കുകളായി മാറി. വികസ്വര രാജ്യമായ ഇന്ത്യയിൽ മൊത്ത ആഭ്യന്തര വരുമാനത്തിന്റെ (ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ട്) 45 ശതമാനം ഉൽപ്പാദിപ്പിക്കുകയും 94 ശതമാനം തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്നത് അസംഘടിത (അനൗപചാരിക)




**അനൗപചാരിക മേഖലയെ മാത്രമല്ല, സംഘടിതമേഖലയേയും നോട്ട് അസാധുവാക്കൽ കശക്കി ഞെരിച്ചു. ആകെ തൊഴിലിൽ 6 ശതമാനം മാത്രമാണ് സംഘടിത മേഖലയുടെ സംഭാവനയെങ്കിലും ജിഡിപിയുടെ 55 ശതമാനം സംഭാവന ചെയ്യുന്നത് ഈ മേഖലയാണ്. നോട്ടുനിരോധനം ചെറുതല്ലാത്ത ആഘാതമാണ് ഈ മേഖലയ്ക്കും ഏൽപ്പിച്ചത്.**

മേഖലയിലാണ്. ഈ മേഖല കൃഷി, നിർമാണം, നാമമാത്ര ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) തുടങ്ങിയവയിൽ നീണ്ടുനിവർന്നു കിടക്കുകയാണ്, രാജ്യമൊട്ടാകെ. ഈ മേഖലയിലെ ഉൽപ്പാദനം ഉൽപ്പന്ന ഗതാഗതം, വിതരണം ഇതെല്ലാം നിയന്ത്രിക്കുന്നത് പണമാണ്. അതായത് പണം എന്ന മാധ്യമം വഴിയാണ് കൊടുക്കൽ വാങ്ങലുകൾ (ശമ്പളം, അസംസ്കൃത പദാർഥങ്ങൾ, ചരക്കുഗതാഗതം, ഉൽപ്പാദന മേഖല തൊട്ട് ഉപഭോക്താവുവരെയുള്ള ഉൽപ്പന്ന വ്യാപനം എല്ലാം നടക്കുന്നത്. ഒറ്റയടിക്ക് 86.4% കറൻസി പിൻവലിച്ചതോടെ എണ്ണവറ്റിയ യന്ത്രം നിലച്ചുപോകുന്നതുപോലെ പണം എന്ന ലൂബ്രിക്കറ്റ് ഇല്ലാതായ ഇക്കോണമിയും ഇടിച്ചുനിന്നു. അസംഘടിത മേഖലയിലെ ഒട്ടുമിക്ക ഉൽപ്പാദന പ്രക്രിയയും നിശ്ചലമായി. 94% തൊഴിൽ നൽകുന്ന ഈ മേഖലയിൽ തൊഴിലുകൾ അപ്രത്യക്ഷമായി. ഇത്ര വിപുലമായൊരു മേഖലയുടെ വാങ്ങൽ ശേഷിയാണ് യഥാർഥത്തിൽ സാമ്പത്തിക വളർച്ചയെ ത്വരിപ്പിക്കുന്ന രാസത്വരകം. ഇവിടെ വാങ്ങൽ ശേഷി ഇല്ലാതാവുന്ന തോതനുസരിച്ച് ഉപഭോക്തൃ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കാൻ തുടങ്ങി. ഉൽപ്പാദനം വെട്ടിക്കുറയ്ക്കുകയോ സംരംഭങ്ങൾ അടച്ചുപൂട്ടുകയോ ചെയ്യാൻ തുടങ്ങി.


അനൗപചാരിക മേഖലയെ മാത്രമല്ല, സംഘടിതമേഖലയേയും നോട്ട് അസാധുവാക്കൽ കശക്കി ഞെരിച്ചു. ആകെ തൊഴിലിൽ 6 ശതമാനം മാത്രമാണ് സംഘടിത മേഖലയുടെ സംഭാവനയെങ്കിലും ജിഡിപിയുടെ 55 ശതമാനം സംഭാവന ചെയ്യുന്നത് ഈ മേഖലയാണ്. നോട്ടുനിരോധനം ചെറുതല്ലാത്ത ആഘാതമാണ് ഈ മേഖലയ്ക്കും ഏൽപ്പിച്ചത്.

## ജിഎസ്ടി

സമ്പദ്‌വ്യവസ്ഥ ഈ ആഘാതത്തിൽ നിന്ന് പിച്ചവച്ചുകരകയറാൻ അത്യദ്ധ്വാനം ചെയ്യുന്ന നേരത്താണ് അടുത്ത പ്രഹരമായി ജിഎസ്ടി വരുന്നത്. 'ഒരു രാജ്യം ഒരു നികുതി' എന്ന മുദ്രാവാക്യം ഏഴ് നികുതി സ്ലാബുകളും (0%, 0.25%, 3%, 5%, 12%, 18 %, 28%) സെസുകളും ഉൾപ്പെടുന്ന രീതിയിലാണ് നടപ്പിലാക്കിയത്. ഒരുപാട് നൂലാമാലകളുള്ള ജിഎസ്ടി സമ്പദ്ഘടനയുടെ താളം തെറ്റിച്ചു. പ്രതീക്ഷിച്ചതിന് വിപരീതമായി നികുതിവരുമാനത്തിൽ കനത്ത ഇടിവുണ്ടായി.

## ഐഎൽ. എഫ്എസ് പ്രതിസന്ധി

മാന്ദ്യത്തിലേക്ക് സമ്പത്ഘടനയെ തള്ളിവിട്ട മൂന്നാമത്തെ ഘടകം ബാങ്ക് ഇതര ധനകാര്യസ്ഥാപനങ്ങളിലുണ്ടായ പ്രതിസന്ധിയാണ്. ബാങ്കിംഗ് പ്രതിസന്ധിയുടെ ഒരു ഉപോൽപ്പന്നമാണ് ഇതെന്ന് പറയാം. അടിസ്ഥാന സൗകര്യമേഖലയ്ക്കുവേണ്ടി ദീർഘകാല വായ്പകൾ നൽകുന്ന ബാങ്കിംഗ് ഇതര കമ്പനികളും കിട്ടാക്കടത്തിന്റെ പിടിയിലാണ്. ഇവ ദീർഘകാല വായ്പ കൊടുത്തിരുന്നത് ബാങ്കുകളിൽ നിന്ന് താരതമ്യേന മധ്യകാല വായ്പകൾ എടുത്തിട്ടായിരുന്നു. ഇവ നൽകിയ വായ്പകൾ കിട്ടാക്കടമായതോടെ ഇവ ബാങ്കുകളിൽ നിന്നെടുത്ത വായ്പകളും കിട്ടാക്കടമായി. ഇതോടെ ബാങ്കിംഗ്-ബാങ്കിങ്ങേതര മേഖലകൾ വായ്പ കുറച്ചു. ഇത് സമ്പദ്ഘടനയെ സംബന്ധിച്ച് കൂനിന്മേൽ കുരുപോലെയായി. അടിസ്ഥാന സൗകര്യമേഖല സ്തംഭനത്തിൽ എന്നുവച്ചാൽ ലക്ഷക്കണക്കിനു തൊഴിൽ നൽകുന്ന നിർമാണ മേഖലകളാണ് സ്തംഭിക്കുന്നത്.



അസംഘടിത മേഖലയിൽ തൊഴിലുകൾ കുറഞ്ഞതോടെ ജനങ്ങളുടെ വാങ്ങൽ ശേഷി കുറഞ്ഞെന്നുമാത്രമല്ല, കൂടുതൽ പേർ പട്ടിണിയിലായി. എന്നാൽ സത്യസന്ധമായ സ്ഥിതിവിവരകണക്കുകൾ മറച്ചുവച്ചിരിക്കുന്നു മോദി ഗവണ്മെന്റ്.

## മാന്ദ്യം ആഴത്തിൽ ബാധിക്കുന്നവർ

അസംഘടിതമേഖലയുമായി ബന്ധപ്പെട്ട് ഗ്രാമങ്ങളിലും നഗരങ്ങളിലും കഴിയുന്നവരാണ് മാന്ദ്യത്തിന്റെ യഥാർത്ഥ ഇരകൾ. കൂടുതൽ പേർ പട്ടിണിയിലേക്കും ദാരിദ്ര്യത്തിലേക്കും വഴുതി വീഴുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പട്ടിക 1-ഉം 2-ഉം (നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ കണക്കുകളാണ്.)

### പട്ടിക – 1

**താഴുന്ന ഉപഭോഗവും ഉപഭോഗചെലവുകളും രൂപയിൽ**

| 2009–10 | 2011–12 | 2017–18 |
|---|---|---|
| ഗ്രാമീണ ശരാശരി ചെലവ് | | |
| 1054 | 1217 (15.5%) | 1110 (–8.8) |
| നഗര ശരാശരി ചെലവ് | | |
| 1984 | 2212 (11.5) | 2256 2.0%) |
| ഗ്രാമ/നഗര മൊത്ത ശരാശരി | | |
| 1329 | 1501 13.0% | 1446 (–3.7) |

*ശ്രദ്ധയ്ക്ക്:* ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത് മുൻവർഷത്തേതിൽ നിന്നുള്ള വർധന.

### പട്ടിക – 2

**ഭക്ഷ്യോൽപ്പന ഉപഭോഗം 2017–18 (രൂപയിൽ)**

| ഇനം | ഗ്രാമം | നഗരം |
|---|---|---|
| അരിയും ഉപഉൽപ്പന്നങ്ങളും | – 20.4 | – 7.9 |
| പഞ്ചസാര, ഉപ്പ്, സുഗന്ധവ്യഞ്ജനങ്ങൾ | – 16.4 | – 14.2 |
| പയറും പയറുൽപ്പന്നങ്ങളും | – 15.4 | – 16.3 |
| ഭക്ഷ്യ എണ്ണ | – 14.6 | – 16.6 |
| മദ്യം, പാനീയങ്ങൾ, പാക്കറ്റ്ഫുഡ് | – 11.2 | + 2.8 |
| പഴവർഗങ്ങൾ | – 1.5 | + 18.2 |
| ഭക്ഷണം മൊത്തം | – 9.8 | 0.2 |

പട്ടിക-1 ഉപഭോഗ ചെലവിൽ 2011–12 ഉം 2017–18 ഉം തമ്മിലുള്ള ഇടിവാണ് കാണിക്കുന്നതെങ്കിൽ പട്ടിക-2 അത്യാവശ്യ ഉപഭോഗ മേഖലയിലുണ്ടായ വെട്ടിക്കുറച്ചി



ലാണ് കാണിക്കുന്നത്. ഈ കുറവ് അപകടകരമായി ബാധിക്കുന്നത് കുട്ടികളെയാണ്. ലോകത്തെ ആകെ പോഷക ദരിദ്രരായ കുട്ടികളിൽ 52% ഇന്ത്യയിലാണെന്ന് ഓർക്കണം. കേരളത്തിൽ പോലും 22% കുട്ടികൾ പോഷകദാരിദ്ര്യമുള്ളവരാണ്. സമ്പുഷ്ടാഹാരമാണ് ബൗദ്ധിക, കായിക വാർത്തെടുക്കലിൽ സഹായിച്ച് പൂർണ വികാസത്തിലേക്ക് കുട്ടികളെ സജ്ജരാക്കുന്നത്.

മാന്ദ്യത്തിന്റെ ഗൗരവത്തിലേക്ക് വിരൽചൂണ്ടുന്നതാണ് തൊഴിൽ ലഭ്യതയിലും വേതനത്തിലും രേഖപ്പെടുത്തിയ ഇടിവ് കാണിക്കുന്നത്. തൊഴിലില്ലായ്മ നിരക്ക് കഴിഞ്ഞ 45 വർഷത്തെ ഏറ്റവും ഉയർന്ന 8.9% ആണ് കഴിഞ്ഞ ഒക്ടോബർ അവസാനം. വേതനമായി അസംഘടിതമേഖലയിലേക്ക് 2014 ൽ ഒഴുകിയത് ജിഡിപിയുടെ 27.7 ശതമാനമായിരുന്നെങ്കിൽ 2019 ൽ അത് 5 ശതമാനത്തിലും താഴെയായി. നഗരങ്ങളിൽ വേതന വർധന നിരക്ക് രണ്ടക്കത്തിലേക്ക് താണു. വ്യാവസായികോൽപ്പാദന സൂചിക (ഐഐപി) 2019, മേയ് മാസത്തിൽ 3.1% ആയി താണു. എട്ട് പരമപ്രധാന വ്യവസായങ്ങളുടെ മാത്രം സൂചിക പോയ 50 മാസത്തെ ഏറ്റവും താഴ്ന്ന 0.2% ആയിമാറി.

## മാന്ദ്യം മഹാമാന്ദ്യത്തിലേക്ക് വഴുതി വീഴാതിരിക്കാൻ

സമഗ്രവും സത്വരവും ശക്തവും സർവോതമുഖവുമായ ഇടപെടലുകളിലൂടെ മാത്രമേ ഇത്രമേൽ ശക്തിപ്രാപിച്ച മാന്ദ്യം അതിജീവിക്കാനൊക്കൂ. ധനമന്ത്രി ഇതിനോടകം 6 തവണ മാന്ദ്യവിരുദ്ധ നടപടികളുമായി സമ്പദ്ഘടനയിൽ ഇടപെട്ടു.

1) 1–ാം പാക്കേജിൽ (ആഗസ്റ്റ് 23) കിട്ടാക്കടംകൊണ്ട് ഗതികെട്ട ബാങ്കുകളുടെ മൂലധനശാക്തീകരണത്തിനായി 70,000 കോടിയും ഭവന നിർമാണ മേഖലയ്ക്ക് 30,000 കോടിയും പ്രഖ്യാപിച്ചു.
2) ആഗസ്റ്റ് 30 ന് രണ്ടാം പാക്കേജ് എത്തി. പത്ത് പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച് നാലുബാങ്ക് ആക്കി.
3) സെപ്തംബർ 14 ന് 3–ാം പാക്കേജ് വന്നു. ഭവന കയറ്റുമതി മേഖലകളെ ഉദ്ദീപിപ്പിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതികൾ. കയറ്റുമതിക്കുമാത്രം 68,000 കോടിയുടെ പദ്ധതികൾ.
4) 4–ാം പാക്കേജ് സെപ്തംബർ 20 ന്. ഇത്തവണ 1.45 ലക്ഷം കോടി രൂപയുടെ നികുതി ഇളവുകൾ പ്രഖ്യാ


പിച്ചുകൊണ്ട് വ്യവസായ മേഖലോന്മുഖമായിരുന്നു അത്.

5) അടുത്ത പാക്കേജ് നിർമാണ മേഖലയ്ക്കുതന്നെ ഊന്നൽ നൽകുന്നതായിരുന്നു.

പല പാക്കേജുകൾ പ്രഖ്യാപിച്ചെങ്കിലും മാന്ദ്യത്തെ സ്പർശിക്കാൻ ഇതുവരെ കഴിഞ്ഞെന്നുപറയാറായിട്ടില്ല. ജിഡിപി വളർച്ച അതുകൊണ്ടുതന്നെ 15 വർഷത്തെ ഏറ്റവും താഴ്ന്ന് 5 ശതമാനത്തിലും താഴെയായി.


തൊഴിലുറപ്പുപദ്ധതിപോലെ സാധാരണക്കാരുടെ കരങ്ങളിൽ പണമെത്തിച്ച് ഡിമാന്റ് വർധിപ്പിക്കുകയാണ് ഏറ്റവും അത്യാവശ്യം. എന്നാൽ 2019-20 ബജറ്റിൽ തൊഴിലുറപ്പിനായി പ്രഖ്യാപിച്ച 60,000 കോടി രൂപ ഒക്ടോബറോടെ തീർന്നു. തൊഴിലുറപ്പുപദ്ധതിയിൽ കേരളത്തിൽ തന്നെ 690 കോടി കുടിശികയാണ്. പാവങ്ങളുടെ കൈയിൽ 100 രൂപ എത്തിയാൽ അതുമുഴുവൻ വിപണിയിലെത്തുമെന്നതാണ് അതിന്റെ മാജിക്. അതുവഴി വില പതുക്കെ തലയുയർത്തും, ലാഭം കൂടും, കൂടുതൽ ഉൽപ്പാദനമുണ്ടാവും, തൊഴിലും കൂലിയും കൂടുതൽ വാങ്ങൽ ശേഷിയുമുണ്ടാവും. അതങ്ങനെ മുകളിലേക്ക് പോകും. ധനികന്റെ കൈയിൽ 100 രൂപ കിട്ടിയാൽ അതിൽ നിന്ന് ഒരു രൂപപോലും ചെലവഴിക്കപ്പെടുകയില്ല. ഈ സാഹചര്യത്തിലാണ് 6 ഇന മാന്ദ്യവിരുദ്ധ പാക്കേജ് ഡോ. മൻമോഹൻസിംഗ് പ്രഖ്യാപിച്ചത്.

1. ചരക്കുസേവന നികുതി നടപടികൾ യുക്തിസഹമായി ലഘൂകരിച്ച് പരിഷ്കരിക്കുക.
2. ഗ്രാമീണ/കാർഷികമേഖലയിൽ ഉപഭോഗം വർധിപ്പിക്കാനുതകുന്ന നടപടികളെടുക്കുക.
3. മൂലധന സൃഷ്ടിക്കായി ബാങ്കിംഗ്/ബാങ്കിങ്ങേതര ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.
4. തുണി വ്യവസായം, വാഹനം, ഇലക്ട്രോണിക്സ്, ചെലവുകുറഞ്ഞ വീടുകൾ തുടങ്ങി തൊഴിൽ സൃഷ്ടിക്ക് സഹായമായ മേഖലകളിൽ വായ്പകൾ നൽകുന്നതിന് ഊന്നൽ.
5. ചൈന-അമേരിക്ക വ്യാപാരയുദ്ധം നമ്മുടെ കയറ്റുമതി നേരിട്ടുള്ള വിദേശ നിക്ഷേപം എന്നിവയ്ക്ക് അനുയോജ്യമാക്കുക.
6. പൊതു, അടിസ്ഥാന സൗകര്യമേഖലയുടെ വികസനത്തിന് പൊതു, സ്വകാര്യനിക്ഷേപം കൊണ്ടുവരിക. ഒരുലക്ഷം കോടിയുടെ അടിസ്ഥാന സൗകര്യവികസനമാണ് ധനമന്ത്രി ഉയർത്തിക്കാട്ടുന്നത്.





**മാന്ദ്യത്തിലേക്ക് സമ്പത്ഘടനയെ തള്ളിവിട്ട മൂന്നാമത്തെ ഘടകം ബാങ്ക് ഇതര ധനകാര്യസ്ഥാപനങ്ങളിലുണ്ടായ പ്രതിസന്ധിയാണ്. ബാങ്കിംഗ് പ്രതിസന്ധിയുടെ ഒരു ഉപോൽപ്പന്നമാണ് ഇതെന്ന് പറയാം. അടിസ്ഥാന സൗകര്യ മേഖലയ്ക്കുവേണ്ടി ദീർഘകാല വായ്പകൾ നൽകുന്ന ബാങ്കിംഗ് ഇതര കമ്പനികളും കിട്ടാക്കടത്തിന്റെ പിടിയിലാണ്.**




ധനമന്ത്രിയുടെ പ്രഖ്യാപനങ്ങൾ പ്രവൃത്തിയിൽ വരട്ടെ. പൗരത്വ ഭേദഗതി ബിൽ പോലെ ശ്രദ്ധമാറ്റുന്ന വിദ്യകൾകൊണ്ട് മാന്ദ്യം മറികടക്കാനാവുകയില്ലെന്ന തിരിച്ചറിവുണ്ടായാൽ പ്രശ്നം കൂടുതൽ വഷളാവാതെ നോക്കാം. ■

ഫീച്ചർ

അഡ്വ. എം. എ. ഫ്രാൻസിസ്



**കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ 2019 നവംബർ 30, ഡിസം.1 തീയതികളിലായി നെയ്യാറ്റിൻകരയിൽ സംഘടിപ്പിച്ച സംസ്ഥാനസമ്മേളനം പങ്കാളിത്തം കൊണ്ടും ആശയഗാംഭീര്യ- ചരിത്രവിശകലന ചർച്ചകൾകൊണ്ടും സംഘാടന മികവുകൊണ്ടും ഔന്നത്യം പുലർത്തി. ആറ് മണിക്കൂർ നെയ്യാറ്റിൻകര പട്ടണത്തെ അക്ഷരാർത്ഥത്തിൽ നിശ്ചലമാക്കിയ പടുകൂറ്റൻ റാലിയും സമ്മേളനവും ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങൾക്ക് ഒരു പുത്തനുണർവേകി.**

# ചരിത്രം കുറിച്ച കെഎൽ

അധികാരത്തിൽ പങ്കാളിത്തം, സമുദായത്തിന് സമനീതി എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ 2019 നവംബർ 30, ഡിസം.1 തീയതികളിലായി നെയ്യാറ്റിൻകരയിൽ സംഘടിപ്പിച്ച സംസ്ഥാന സമ്മേളനം പങ്കാളിത്തം കൊണ്ടും ആശയഗാംഭീര്യ- ചരിത്രവിശകലന ചർച്ചകൾകൊണ്ടും സംഘാടന മികവുകൊണ്ടും ഔന്നത്യം പുലർത്തി. കെഎൽസിഎയുടെ ചരിത്രത്തിൽ എന്നും മിഴിവോടെ നിൽക്കും ഈ സമ്മേളനം.

ആറ് മണിക്കൂർ നെയ്യാറ്റിൻകര പട്ടണത്തെ അക്ഷരാർത്ഥത്തിൽ നിശ്ചലമാക്കിയ പടുകൂറ്റൻ റാലിയും സമ്മേളനവും ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങൾക്ക് ഒരു പുത്തനുണർവേകി. കേരളത്തിന്റെ നവോത്ഥാനത്തിന് വിത്തിറക്കാൻ പാകത്തിൽ ഇവിടെ ഉഴുതുമറിച്ച് മണ്ണൊരുക്കിയെടുത്ത ക്രിസ്ത്യൻ മിഷണറിമാരുടെ പിൻതുടർച്ചക്കാരായ ലത്തീൻ കത്തോലിക്കാ സമുദായം ഒരു പിന്നാക്ക സമുദായമായി തുടരേണ്ടതല്ല എന്നും; അർഹമായ അധികാരപങ്കാളിത്തവും സാമൂഹികമായ നീതിയും നേടിയെടുക്കേണ്ടതാണെന്നും, അതിനായി ഒത്തൊരുമയോടെ മുന്നോട്ടെന്നും ജനക്കൂട്ടം ആർത്തുവിളിച്ചപ്പോൾ അതിന് സാക്ഷിയായവരുടെ സിരകളിലും ആവേശം പടർന്നുകയറി.

കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നുള്ള കെഎൽസിഎ പ്രതിനിധികളും നെയ്യാറ്റിൻകര രൂപതയിലെ 11 ഫെറോനകളിലെ 248 പള്ളികളിൽ നിന്നായി മുതിർന്നവരും സ്ത്രീകളും യുവജനങ്ങളും കുട്ടികളും ഉൾപ്പെടെ ലക്ഷക്കണക്കിന് സമുദായസ്നേഹികൾ പങ്കെടുത്ത മഹാറാലി പൊതുസമ്മേളനവേദിയിൽ സമാപിക്കുമ്പോൾ പൊതുസമ്മേളനത്തിനും ഏതാണ്ട് സമാപനമായി. അത്രയേറെ ദീർഘിച്ച റാലിയിൽ രൂപതയിലെ മിക്കവാറും എല്ലാ ഇടവകകളുടെയും വിവിധ സ്കൂളുകളുടെയും ഫ്ളോട്ടുകൾ കൂടി അണിനിരന്നതോടെ റാലി ബാന്റുമേളങ്ങൾ കൊണ്ടും വിവിധ കലാരൂപങ്ങൾകൊണ്ടും വർണാഭമായി.

2019 നവംബർ 30 ന് വീരരാഘവൻ നഗറിൽ (നെയ്യാറ്റിൻകര ലോഗോസ് പാസ്റ്റർ സെന്റർ) കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് ആന്റണി നൊറോണ പതാക ഉയർത്തിയതോടെയാണ് സമ്മേളനത്തിന് തുടക്കംകുറിച്ചത്. തുടർന്ന് നടന്ന നയരൂപീകരണയോഗം സമുദായത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് വിശദമായി ചർച്ചചെയ്തു. സമുദായത്തിന് സമനീതിയും അധികാരത്തിൽ അർഹമായ പങ്കാളിത്തവും ഉറപ്പാക്കുന്നതിന് ആവശ്യമായ തുടർ പ്രക്ഷോഭപരിപാടികൾ ഏറ്റെടുക്കുന്നതിനെക്കുറിച്ചും തീരുമാനങ്ങൾ കൈക്കൊണ്ടു.

2019 ഡിസംബർ 1 ന് രാവിലെ ആരംഭിച്ച പ്രതിനിധി സമ്മേളനത്തിൽ കേരളത്തിലെ 12 ലത്തീൻ രൂപതകളിൽ നിന്നായി 1300 ലേറെ പ്രതിനിധികൾ പങ്കെടുത്തു. സംഘാടക സ




# സിഎ സംസ്ഥാന സമ്മേളനം

മിതിയുടെ പ്രതീക്ഷകൾക്കപ്പുറത്തായിരുന്നു പ്രാതിനിധ്യം. കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കേരളത്തിലെ പിന്നാക്ക സമുദായങ്ങളിൽ രാഷ്ട്രീയ, സാമൂഹിക മുന്നേറ്റങ്ങളിൽ നിർണായക സ്വാധീനം ചെലുത്താൻ കഴിയുന്ന പ്രബലശക്തിയായിട്ടും ലത്തീൻ കത്തോലിക്കാ സമുദായത്തിന് അധികാരസ്ഥാനങ്ങളിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭിക്കാതെ പോകുന്ന സാഹചര്യങ്ങളാണ് നിലവിലുള്ളതെന്നും ഇതിനെതിരെ, നമുക്ക് അർഹമായത് നേടിയെടുക്കാനായി ഒറ്റക്കെട്ടായി നാം മുന്നേറണമെന്നും പിതാവ് പറഞ്ഞു.

കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് ആന്റണി നെറോണ അധ്യക്ഷം വഹിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ഷെറി ജെ. തോമസ് സ്വാഗതം ആശംസിച്ചു. മോൺ. ജോസ് നവാസ്, മോൺ വി. പി.ജോസ്, ഫാ. ഷാജികുമാർ, ഇ.ഡി. ഫ്രാൻസിസ്, ബേബി ഭാഗ്യോദയം, ആന്റണി ആൽബർട്ട്, ദേവസി ആന്റണി, ജോൺ ബാബു, ടി.സദാനന്ദൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

"അധികാര പങ്കാളിത്തം നീതി സമൂഹത്തിന്" എന്നതിനെ ആധാരമാക്കി നടന്ന സെമിനാറിൽ തിരുവനന്തപുരം അതിരൂപത അൽമായ കമ്മീഷൻ ഡയറക്ടർ ഫാ. തിയോഡേഷ്യസ് ഡിക്രൂസ് വിഷയാവതരണം നടത്തി. കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ സംഘാത ജനകീയ മുന്നേറ്റങ്ങളുടെ ചരിത്രം പറഞ്ഞുകൊണ്ട് സമുദായത്തിന്റെ ഇന്നത്തെ പിന്നാക്കമായ സ്ഥിതി അച്ചൻ വരച്ചുകാട്ടി.

1891 ൽ പള്ളിത്തോട് നസ്രാണി സമാജം, 1903 ൽ അർത്തുങ്കൽ നസ്രാണി ഭൂഷണ സമാജം, 1904 ൽ കൊല്ലം ലത്തീൻ കത്തോലിക്ക മഹാജന സഭ, 1914 ൽ വരാപ്പുഴ കാത്തലിക് അസോസിയേഷൻ, 1931 ൽ തിരുവിതാംകൂർ ലത്തീൻ കത്തോലിക്ക മഹാജനസഭ തുടങ്ങി 1972 മാർച്ച് 26 ന് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ എന്ന സമുദായ സംഘടന സംസ്ഥാന അടിസ്ഥാനത്തിൽ രൂപീകൃതമായതുവരെയുള്ള ചരിത്രം അച്ചൻ വിവരിക്കുകയുണ്ടായി.

1891 ൽ നടന്ന മലയാളി മെമ്മോറിയലും 1935 ലെ നിവർത്തന പ്രക്ഷോഭത്തിലും ലത്തീൻ കത്തോലിക്കാ സമുദായം വഹിച്ചിട്ടുള്ള പങ്ക് ചരിത്രത്തിൽ ഒരിക്കലും മറക്കാനാവാത്തതാണ്. നിവർത്തന പ്രക്ഷോഭത്തെ തുടർന്നാണ് ജനസംഖ്യാനുപാതികമായ സംവരണം സർക്കാർ സർവീസിലും ഭരണതലങ്ങളിലും പിന്നാക്കവിഭാഗങ്ങൾക്ക് നൽകാൻ അന്നത്തെ തിരുവിതാംകൂർ രാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ ഔദ്യോഗിക പ്രഖ്യാപനമുണ്ടാകുന്നത്.

അങ്ങിനെ ജനസംഖ്യാനുപാതിക

**കേരളത്തിലെ പിന്നാക്ക സമുദായങ്ങളിൽ രാഷ്ട്രീയ, സാമൂഹിക മുന്നേറ്റങ്ങളിൽ നിർണായക സ്വാധീനം ചെലുത്താൻ കഴിയുന്ന പ്രബലശക്തിയായിട്ടും ലത്തീൻ കത്തോലിക്കാ സമുദായത്തിന് അധികാരസ്ഥാനങ്ങളിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭിക്കാതെ പോകുന്ന സാഹചര്യങ്ങളാണ് നിലവിലുള്ളതെന്നും ഇതിനെതിരെ, നമുക്ക് അർഹമായത് നേടിയെടുക്കാനായി ഒറ്റക്കെട്ടായി നാം മുന്നേറണം**

പ്രാതിനിധ്യമായി ലത്തീൻ കത്തോലിക്കാ സമുദായത്തിന് സർക്കാർ സർവീസിൽ ലഭിച്ച സംവരണം 1952 ൽ 7 ശതമാനം ഉണ്ടായിരുന്നത് 1957 ൽ 5 ശതമാനമായും 1963 ൽ 4 ശതമാനമായും അതാത് കാലഘട്ടങ്ങളിലെ സർക്കാർ കുറച്ചു. 1970 ൽ താഴ്ന്ന തസ്തികകൾക്ക് 3 ശതമാനമായും ഉയർന്ന തസ്തികകൾക്ക് 2 ശതമാനമായും വെട്ടിക്കുറക്കണമെന്ന നെട്ടൂർ പി.ദാമോദരൻ കമ്മീഷന്റെ കണ്ടെത്തൽ കേരളത്തിലെ എല്ലാ രൂപതകളിലെയും അൽമായ സംഘടനകളെ പ്രകോപിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ രൂപതകളിലെയും അൽമായ സംഘടനകൾ ചേർന്നാണ് സംസ്ഥാനാടിസ്ഥാനത്തിൽ കെഎൽസിഎയ്ക്ക് രൂപം നൽകുന്നതും തുടർന്ന് നടത്തിയ സമരങ്ങളിലൂടെയാണ് 4 ശതമാനം സംവരണം നിലനിർത്താനായതും.

പിന്നീടങ്ങോട്ട് നാം ഉറക്കത്തിലായിരുന്നു. ലത്തീൻ കത്തോലിക്കാ സമുദായത്തിന് അർഹമായത് പലതും നഷ്ടമായി. സർക്കാർ സർവീസിലും ഭരണതലങ്ങളിലും നമ്മുടെ പ്രാതിനിധ്യം വളരെ പിന്നിലായി. 2000 ൽ നിയമിതനായ നരേന്ദ്രൻ കമ്മിഷൻ 2001 ൽ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ 4370 തസ്തികകൾ യോഗ്യതയുള്ളവരുടെ അഭാവം മൂലം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ലത്തീൻ കത്തോലിക്ക സമുദായത്തിന് നഷ്ടമായി എന്ന് കണ്ടെത്തി. ഈ തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന ആവശ്യം പലതലങ്ങളിലും ഉയർന്നെങ്കിലും അത് പരിഗണിക്കാൻ സർക്കാർ തയ്യാറായില്ല.

2002 ൽ കെആർഎൽസിസി രൂപീകൃതമായപ്പോൾ കേരള ലത്തീൻ സഭയ്ക്കും സമുദായത്തിനും പുത്തനുണർവേകി. കേരളത്തിലെ 12 ലത്തീൻ രൂപതകളും ഒത്തുചേർന്ന് 2014 ഫെബ്രുവരി 28 ന് തിരുവനന്തപുരം നഗരത്തെ മണിക്കൂറുകളോളം നിശ്ചലമാക്കിക്കൊണ്ട് കിഴക്കേകോട്ടയിൽ നാം നടത്തിയ ലത്തീൻ കത്തോലിക്ക മഹാസംഗമത്തിലും റാലിയിലും ലക്ഷക്കണക്കിന് സമുദായ സ്നേഹികളും വിശ്വാസികളും പങ്കെടുത്തു. ലത്തീൻ കത്തോലിക്ക സമുദായത്തോടുള്ള അവഗണനകൾക്ക് സർക്കാരിന് നൽകിയ ഒരു താക്കീതായിരുന്നു ആ മഹാസംഗമം. കെആർഎൽസിസി വൈസ് പ്രസിഡന്റും സമുദായവക്താവുമായ ഷാജി ജോർജ്ജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഉദ്ഘാടകനായ കെആർഎൽസിസി പ്രസിഡന്റ് സൂസാപാക്യം പിതാവ് ഉൾപ്പെടെ 12 രൂപതകളിലെയും മെത്രാന്മാരും നിരവധി വൈദികരും സന്യസ്തരും പങ്കെടുത്തു.

ആ സമ്മേളനത്തിൽ നാം ഉന്നയിച്ച ആവശ്യങ്ങളിൽ ചിലത് അനുഭാവപൂർവം പരിഗണിക്കാൻ അന്നത്തെ സർക്കാർ തയ്യാറായത് ആ സംഗമ





ത്തിലെ ജനബാഹുല്യം തന്നെയായി രുന്നു. ലത്തീൻ കത്തോലിക്കാ ജന വിഭാഗത്തിന്റെ വിദ്യാഭ്യാസ-സാമൂഹി ക-തൊഴിൽ വാസയിട മേഖലകളിലെ പിന്നാക്കാവസ്ഥയെ കുറിച്ച് പഠി ക്കാൻ ഒരു കമ്മിഷനെ നിയമിക്കണ മെന്ന് പി.ടി.തോമസ് എംഎൽഎ ഒ രു സബ്മിഷനിലൂടെ കേരള നിയമ സഭയിൽ ആവശ്യപ്പെട്ടപ്പോൾ പരിഗ ണിക്കാൻ നിർവാഹമില്ല എന്ന നിഷേ ധാത്മക മറുപടിയാണ് വകുപ്പുമന്ത്രി യായ എ.കെ.ബാലൻ നൽകിയത്. ഈ സമുദായത്തോട് പിൻതുടരുന്ന അവഗണന അവസാനിക്കണമെങ്കിൽ നാം ഒത്തൊരുമിച്ച് നമ്മുടെ ആവശ്യ ങ്ങൾ നേടാനായി സംഘടിക്കേണ്ടതു ണ്ടെന്നും അച്ചൻ പറഞ്ഞു. അതിനാ യി കെഎൽസിഎ എന്ന ഒറ്റ സമുദാ യ സംഘടനയുടെ കീഴിൽ മുഴുവൻ ലത്തീൻ കത്തോലിക്കാ ജനവിഭാഗ ങ്ങളും അണിനിരക്കേണ്ടതുണ്ട്. തോ മസ് കെ.സ്റ്റീഫൻ, ജോയ് ഗോതുരു ത്ത് എന്നിവരും വിഷയത്തെ പ്രതിപാ ദിച്ച് സംസാരിച്ചു.

നെയ്യാറ്റിൻകര ടൗണിൽ ചേർന്ന പൊതു സമ്മേളനം നെയ്യാറ്റിൻകര ബി ഷപ്പ് ഡോ. വിൻസെന്റ് സാമുവൽ ഉ ദ്ഘാടനം ചെയ്തു. മന്ത്രി കടകംപ ള്ളി സുരേന്ദ്രൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എന്നിവർ മുഖ്യാ തിഥികളായിരുന്നു. സമുദായ വക്താ വ് ഷാജി ജോർജ്ജ് ലത്തീൻ സമുദാ യത്തിന്റെ അടിയന്തിര ആവശ്യങ്ങൾ സർക്കാർ പ്രതിനിധികൾക്ക് മുൻപിൽ അവതരിപ്പിച്ചു.

ശശി തരൂർ എം.പി, മുൻ കേന്ദ്രമ ന്ത്രി കെ.വി.തോമസ്, കെആർഎൽ സിസി ജനറൽ സെക്രട്ടറി ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറ മ്പിൽ എംഎൽഎമാരായ എം.വിൻ സെന്റ്, കെ.എസ്.ശബരീനാഥ്, ടി.ജെ. വിനോദ്, മുൻ സ്പീക്കർ എൻ.ശ ക്തൻ, നഗരസഭാ ചെയർപേഴ്സൺ ഡബ്ല്യൂ.ആർ.ഹീബ തുടങ്ങി വിവിധ രാഷ്ട്രീയ കക്ഷി നേതാക്കന്മാരും സ മ്മേളനത്തെ അഭിവാദ്യം ചെയ്തു സം സാരിച്ചു.

സംസ്ഥാന സർക്കാരിന്റെ ബോർ ഡുകൾ, കോർപ്പറേഷനുകൾ, കമ്മി ഷനുകൾ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങ ളിൽ സമുദായത്തിന് ആനുപാതിക പ്രാതിനിധ്യം നൽകുക, സമുദായ ത്തിന്റെ വിദ്യാഭ്യാസം, തൊഴിൽപ രം, വാസസ്ഥലം, ജലലഭ്യത തുട ങ്ങിയ വിഷയങ്ങൾ പഠിക്കാൻ കമ്മി ഷനെ നിയമിക്കുക, സംസ്ഥാന സർ ക്കാർ സർവീസിൽ ലത്തീൻ സമു ദായത്തിന്റെ പിന്നോക്കാവസ്ഥ കണ ക്കാക്കുന്നതിന് കമ്മിഷനെ നിയമി ക്കുക, ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത് ഉൾ പ്പെടെയുള്ള നഷ്ടമായ തൊഴിലവ സരങ്ങൾ പുനഃസ്ഥാപിക്കാൻ നടപ ടി കൈക്കൊള്ളുക, ഡിഗ്രി, പി.ജി. കോഴ്സുകൾ ഉൾപ്പെടെ വിദ്യാഭ്യാ സ മേഖലയിൽ സമുദായത്തിന് 4 ശതമാനം പ്രവേശനത്തിന് എല്ലാ ത ലങ്ങളിലും ഉറപ്പാക്കുക, സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ത ടസങ്ങൾ നീക്കുക തുടങ്ങിയ 15 ആ വശ്യങ്ങൾ ഉൾക്കൊള്ളുന്ന അവകാ ശ പത്രിക കെഎൽസിഎ ജനറൽ സെക്രട്ടറി അഡ്വ. ഷെറി ജെ.തോമ സ് യോഗത്തിൽ അവതരിപ്പിക്കുക യും പിന്നീട് സർക്കാരിൽ സമർപ്പി ക്കുകയുമുണ്ടായി.

2014-ലെ ലത്തീൻ കത്തോലിക്കാ മഹാസംഗമത്തെ ഓർമിപ്പിക്കുന്നതര ത്തിൽ നെയ്യാറ്റിൻകരയിൽ നടന്ന കെ എൽസിഎ സംസ്ഥാന സമ്മേളനവും മഹാറാലിയും ലത്തീൻ സമുദായ ങ്ങൾക്കും സഭാസമൂഹത്തിനും പു ത്തനുണർവും ആവേശവും പകർന്നു നൽകുന്നതായിരുന്നു. ഈ ആവേശം അണയാതെ, വരുംതലമുറയ്ക്ക് നീ തി ലഭ്യമാക്കാനുള്ള പോരാട്ടത്തിൽ തങ്ങളുടെ കഴിവിനനുസരിച്ച് പ്രവർ ത്തിക്കാനുള്ള ദൗത്യം ഓരോ സമു ദായാംഗത്തിനുമുണ്ട് എന്ന ബോധ്യം നമുക്കുണ്ടാകണം. അതാണ് നെയ്യാ റ്റിൻകര സമ്മേളനം നമ്മോട് ആവശ്യ പ്പെടുന്നതും. ■



ലേഖനം

# ലത്തീൻ കത്തോലിക്കരുടെ ഗൾഫിലെ പ്രവാസ ജീവിതം

"ഉരുക്കിടുന്നു മിഴിനീരിലിട്ട്
മുക്കുന്നു മുറ്റും ഭുവനൈകശില്പി
മനുഷ്യ ഹൃത്താം കനകത്തെയേതോ
പണിതരത്തിന് ഉപയുക്തമാക്കുവാൻ"

*- നാലപ്പാടൻ*

ലോകസൃഷ്ടാവായ ഈശ്വരൻ മിഴിനീരിൽ മനുഷ്യന്റെ ഹൃദയമാകുന്ന കനകത്തെ മുക്കുന്നു. അത് തന്റെ തന്നെ ഏറ്റവും നല്ല ആഭരണമായി ഉപയോഗിക്കുവാൻ. ഒരുപക്ഷേ നാലപ്പാടന്റെ ഈ വരികൾ കൂടുതൽ അന്വർഥമാകുന്നത് പ്രവാസി സഹോദരങ്ങളുടെ ഇടയിൽ തന്നെയാണ്. വീടിന്റെ പച്ചപ്പിനായി, നാടിന്റെ അഭിവൃദ്ധിക്കായി ഒറ്റപ്പെടലിന്റെ തീക്ഷ്ണത സഹിച്ച് കനകമാകുന്ന തന്റെ ഹൃദയത്തെ ഈശ്വരന് വിട്ടുകൊടുക്കുകയാണ്. ചൂടാക്കി, പഴുപ്പിച്ച് അടിച്ചുപരത്തി തനിക്ക് ഇഷ്ടപ്പെടുന്ന ആഭരണമാക്കും.

കേരളത്തിൽ നിന്നും അസംഖ്യം ജനത ജീവിതത്തിന്റെ മറ്റൊരു പച്ചപ്പ് തേടി ഗൾഫ് നാടുകളിൽ എത്തി. കേരളത്തിലെ മറ്റു സാമൂഹിക ജനതയെപ്പോലെ തന്നെ ലത്തീൻ കത്തോലിക്കർ ധാരാളം പേരും അതിൽപ്പെടുന്നു. ഗൾഫ് രാജ്യങ്ങളുടെ അത്ഭുതപൂർവമായ വളർച്ചയിൽ അവരും പങ്കുകൊണ്ടു. ഒരു രാജ്യത്തിന്റെ സുരക്ഷിതത്വത്തിനും അഖണ്ഡതയ്ക്കും കോട്ടം തട്ടാത്തതരത്തിലുള്ള എല്ലാ സ്വാതന്ത്ര്യവും ഈ രാജ്യം ഇവിടെ അധിവസിക്കുന്ന പൗരന്മാർക്കും നൽകി. ഒരാളുടെ വിശ്വാസമനുസരിച്ച് പ്രവർത്തിക്കുന്നതിനും ആരാധന നടത്തുന്നതിനുമുള്ള സ്വാതന്ത്ര്യം അതിൽ ഏറ്റവും പ്രാധാന്യത്തോടെ ഇവിടുത്തെ ജനത കാണുന്നു. ഗൾഫ് രാജ്യങ്ങളിലെ പ്രത്യേകിച്ച് യുഎഇയിലുള്ള ധാരാളം ക്രിസ്തീയ ദേവാലയങ്ങൾ അതിനുള്ള മകുടോദാഹരണങ്ങളാണ്. ഓരോ ദിവസവും ദേവാലയ സന്നിധിയിൽ പ്രാർഥിക്കാൻ എത്തുന്ന വിശ്വാസികൾ തങ്ങൾക്ക് ലഭിച്ച ഈ സൗകര്യത്തിന് ഇരു രാജ്യത്തെയും ഇവിടുത്തെ ഭരണാധികാരികളെയും സമർപ്പിച്ച് പ്രാർഥിക്കുകയും അവർക്ക് നന്ദി അർപ്പിക്കുകയും ചെയ്യുന്നു. എല്ലാ ദിവസവും അർപ്പിക്കപ്പെടുന്ന ദിവ്യബലികളിൽ ധാരാളം വിശ്വാസികൾ പങ്കെടുക്കും. അവധി ദിവസമായ വെള്ളിയാഴ്ചകളിൽ 15 നും 20 നും ഇടയിൽ ദിവ്യബലികൾ വിവിധ ഭാഷകളിൽ യുഎഇയിലെ ഓരോ ദേവാലയത്തിലും അർപ്പിക്കപ്പെടുന്നു. ഇവിടെയെല്ലാം നേതൃത്വപര

മായ പങ്ക് മലയാളി സമൂഹം നൽകുന്നു. നമ്മുടെ നാടുകളിലുള്ള പള്ളികമ്മിറ്റികളിലും പ്രാർഥനാ ശുശ്രൂഷകളിലുമെന്നതുപോലെ യുഎഇയിലെ ദേവാലയവുമായി ബന്ധപ്പെട്ട എല്ലാ സമിതികളിലും മലയാളി സമൂഹത്തിന്റെ പങ്ക് വളരെ വലുതാണ്.

ആരാധനാ ക്രമങ്ങളിൽ വ്യത്യസ്തതയുള്ള റീത്തുകൾ ചേർന്നതാണല്ലോ തിരുസഭ. കേരളത്തിൽ നിന്നുള്ള ധാരാളം റീത്തുകൾ തങ്ങളുടേതായ സംഭവന ആരാധന സംവിധാനങ്ങളിലും സഭാ ശുശ്രൂഷകളിലും സാമൂഹ്യസേവനങ്ങളിലും യുഎഇയിലെ സഭയ്ക്കും മലയാളി സമൂഹത്തിനും നൽകുമ്പോൾ അത്തരത്തിലുള്ള സംഭാവനകൾ ലത്തീൻ സമൂഹത്തിൽ നിന്നും വിരളമായി ലഭിക്കുന്നതായി അതിലെ നേതൃത്വങ്ങൾക്ക് അനുഭവപ്പെട്ടു. പ്രത്യേകിച്ചും കേരളത്തിൽ നിന്നും ഏറ്റവും കൂടുതൽ ലത്തീൻ സഭാംഗങ്ങൾ യുഎഇയിൽ അധിവസിക്കുമ്പോൾ.

യുഎഇയിലെ ലത്തീൻ കത്തോലിക്കരായ ജനത താമസിക്കുന്ന സ്ഥലങ്ങളിലേക്ക് അതിലെ നേതൃത്വം എത്തുകയും അവരുടെ ജീവിത യാഥാർഥ്യങ്ങൾ മനസിലാക്കുകയും ചെയ്തു. കേരളത്തിൽ നിന്നും വന്ന മറ്റ് സഭാംഗങ്ങൾ മെച്ചപ്പെട്ട ജോലികൾ കണ്ടെത്തുകയും കൂടുതൽ സൗകര്യപ്രദമായ ജീവിതസാഹചര്യങ്ങളിൽ ജീവിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ സഭാംഗങ്ങളിൽ ധാരാളം പേർ പരിമിതമായ ജോലിയിടങ്ങളിൽ ജീവിക്കുകയും അടിസ്ഥാനപരമായ സാധാരണ ജോലികൾ ചെയ്ത് ജീവിക്കുന്നവരുമാണ്. പലരും യുഎഇയിൽ തന്നെ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുമാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. കഠിനമായ ജോലിചെയ്ത അവർക്ക് ലഭിക്കുന്ന കുറഞ്ഞ വേതനം, അതുതന്നെ കൃത്യസമയത്ത് ലഭിക്കാതെ വരിക, ജോലിയിലെ പിരിമുറുക്കം, ഉറക്കമില്ലായ്മ ജീവിതസാഹചര്യങ്ങളിലെ സമ്മർദ്ദം, ഇതിൽ നിന്നും ആശ്വാസം തേടിയുള്ള വിശ്രമവേളകളിലെ വികലമായ വിനോദ ഉപാധികൾ ഇവ നമ്മുടെ ഈ സഹോദരങ്ങളെ മുഖ്യധാരയിൽ നിന്നുമകറ്റുകയും പാർശ്വവൽക്കരിക്കപ്പെടുന്ന ഒരു ജനതയാക്കിമാറ്റുകയും ചെയ്യുന്നു.

പ്രാർഥനപൂർവ്വമായ ചിന്തകൾക്കും ചർച്ചകൾക്കും ശേഷം പ്രസ്തുത വിഷയം തിരുവനന്തപുരം ആർച്ച് ബിഷപ്പും കേരള റീജണൽ ലാറ്റിൻ കത്തോലിക് കൗൺസിൽ അധ്യ്ക്ഷനുമായ അഭിവന്ദ്യ സൂസപാക്യം പിതാവുമായി ചർച്ച ചെയ്യുകയും അദ്ദേഹത്തിന്റെ നിർദ്ദേശവും അഭിപ്രായങ്ങളും സ്വീകരിച്ച് Dubai, St. Mary's Catholic Church കേന്ദ്രീകരിച്ചുകൊണ്ട് യുഎഇയിലെ എല്ലാ ഇടവകകളിലും, എമിറൈറ്റ്സുകളിലും കെആർഎൽസിസിയുടെ യൂണിറ്റുകൾ രൂപീകരിക്കാൻ കേരള ലത്തീൻ നേതൃത്വം തീരുമാനിച്ചു. യുഎ ഇയുടെ ചുമതലയുള്ള അഭിവന്ദ്യ Paul Hirides പിതാവിന്റെ അനുഗ്രഹവും പ്രാർഥനകളും കെആർഎൽസിസിയ്ക്ക് ഉണ്ട് എന്നത് ഈ കൂട്ടായ്മയ്ക്ക് മാറ്റുകൂട്ടുന്നു. 2017 ഡിസം.1 ന് കെആർഎൽസിസി യുഎഇയുടെ ആദ്യസമ്മേളനം ലാറ്റിൻ ഡേ എന്ന പേരിൽ സംഘടിപ്പിക്കുകയും അഭിവന്ദ്യ സൂസപാക്യം പിതാവ് തന്നെ അത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് വിപുലമായ പല പ്രവർത്തന പദ്ധതികളും കെആർഎൽസിസി യുഎഇയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയി.

*കേരളത്തിൽ നിന്നും യുഎഇയിൽ താമസിക്കുന്ന ലത്തീൻ കത്തോലിക്കരായ വ്യക്തികളുടെ പരസ്പര ഐക്യവും സമഗ്രമായ ഉന്നതിയും മുന്നിൽ കണ്ട് സമൂഹത്തിനും കത്തോലിക്കാ സഭയ്ക്കും ഗുണകരമാകുന്നതരത്തിൽ പ്രവർത്തിക്കും.

*അംഗങ്ങൾക്കിടയിൽ തൊഴിൽ അന്വേഷകർക്ക് ജോലി കണ്ടെത്തുന്നതിന് സഹായിക്കുക, നിയമപരും ന്യായമായ പ്രശ്നങ്ങളിൽ ഇടപെട്ട് അംഗങ്ങൾക്കുവേണ്ട സഹായം ചെയ്യുക.

* യുഎയിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്ന അംഗങ്ങളെ ദിവ്യബലികളിലും ക്രിസ്തീയ കത്തോലിക്ക പ്രാർഥന കൂട്ടായ്മകളിലും പങ്കെടുപ്പിക്കുന്നതിനും ക്രിസ്തീയ സഭയും സംവിധാനങ്ങളുമായി അടുത്ത് പ്രവർത്തിക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ പ്രവർത്തിക്കുക.

* കേരളത്തിലെ കെആർഎൽസിസിയുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായി പ്രവർത്തിക്കുകയും കെആർഎൽസിസിയുടെയും കെസിബിസിയുടെയും സഹായത്തോടെ കേരളത്തിലെ മുഴുവൻ കത്തോലിക്കരുടെയും ഉന്നമനത്തിനായി സ്ഥാപിക്കപ്പെടാനിടയുള്ള സംരംഭങ്ങൾക്ക് മുതൽക്കൂട്ടാകുന്ന തരത്തിൽ പ്രവർത്തിക്കുക.

* ചികിത്സയ്ക്ക് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്ക് സഹായം, അടിയന്തിരഘട്ടങ്ങളിൽ മടക്കയാത്രയ്ക്കുള്ള വിമാനകൂലി നൽകൽ തുടങ്ങി അത്യാവശ്യഘട്ടങ്ങളിൽ ഇടപെടുക. വിദ്യാഭ്യാസത്തിനും വിവാഹത്തിനും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് വേണ്ട സഹായം നൽകുക. തുടങ്ങിയ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി കെആർഎൽസിസി യുഎഇയിൽ പ്രവർത്തിച്ചുവരുന്നു.

2019 ഡിസം.6 ന് ഡുബായ് സെന്റ്. മേരീസ് ചർച്ച കോമ്പൗണ്ടിൽവച്ച് കെആർഎൽസിസി യുഎഇ ഘടകത്തിന്റെ 3–മത് സമ്മേളനം (ലാറ്റിൻ ഡേ) സംഘടിപ്പിച്ചിരിക്കുന്നു. കഴിഞ്ഞ രണ്ട് സമ്മേളനങ്ങളിലും പങ്കെടുത്ത നിരവധിയായ ജനതയുടെ ഐക്യവും കെട്ടുറപ്പും ഈ കൂട്ടായ്മ സഭയ്ക്കും ലത്തീൻ സമൂഹത്തിനും സഹായകമായി പ്രവർത്തിക്കേണ്ടതിന്റെ യാഥാർഥ്യം വിളിച്ചോതുന്നു. ഈ പശ്ചാത്തലത്തിൽ കൂടിയാണ് മൂന്നാമത് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്. വാരാപ്പുഴ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ജോസഫ് കളത്തിൽ പറമ്പിൽ പിതാവ് ദുബായ് സെന്റ് മേരീസ് ദേവാലയത്തിൽ അർപ്പിക്കുന്ന ദിവ്യബലിയോടെ സമ്മേളനത്തിന് തുടക്കമാകും. തുടർന്ന് നടക്കുന്ന പൊതുയോഗത്തിൽ നിരവധിയായ വൈദീകരും അൽമായരും നമ്മുടെ രൂപതകളിൽ നിന്നും പങ്കെടുക്കാനായി യുഎഇയിൽ താമസിക്കും. സഹോദരങ്ങൾ കെആർഎൽസിസിയുടെ ഭാഗമായി നിൽക്കണമെന്ന് നിങ്ങളുടെ എല്ലാപേരുടെയും പ്രാർഥന ഈ കൂട്ടായ്മയ്ക്ക് ഉണ്ടാകണമെന്നും അഭ്യർഥിക്കുന്നു. ■

*തയ്യാറാക്കിയത്:* **സ്റ്റീഫൻ ജോർജ്** *(പ്രസിഡന്റ്)*, **ജൂലിയസ് പീറ്റർ** *(ജനറൽ സെക്രട്ടറി)*, **ജസ്റ്റിൻദാസ്** *(കോർഡിനേറ്റർ).*

**തിരുവനന്തപുരം ലത്തീൻ അതിരൂപതാ ബി.സി.സി. കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന ഹോം മിഷനിൽ പങ്കാളികളാകുന്നവർ തങ്ങളുടെ അനുഭവം വായനക്കാർക്കായി പങ്കുവയ്ക്കുന്നു**




**സി. സജിത സേവ്യർ**

**പ്രത്യാശയുടെ ദാസിമാർ**


# എന്റെ ഹോം മിഷൻ അനുഭവങ്ങൾ

ആനന്ദത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ദൈവാനുഭവങ്ങളുടെയും കൃതജ്ഞതനിറഞ്ഞ നിമിഷങ്ങളായിരുന്നു ഹോം മിഷൻ ദിനങ്ങൾ എനിക്ക് സമ്മാനിച്ചത്.

ലോകത്തിന്റെ പ്രകാശമായ ക്രിസ്തു പകർന്നു നൽകുന്ന പ്രത്യാശയുടെ തിരിനാളം ഹൃദയത്തിൽ വഹിച്ചുകൊണ്ട് ഓരോ കുടുംബത്തിലും കടന്നുചെല്ലുമ്പോൾ പ്രാർഥനയുടെയും ദൈവാനുഭവത്തിന്റെയും സന്തോഷത്തിന്റെയും വേദനകളുടെയും സഹനങ്ങളുടെയും പുറംലോകമറിയാത്ത കഷ്ടതയുടെയും കണ്ണീരിന്റെയും വലിയ ജീവചരിത്രപുസ്തകങ്ങളിലൂടെ കടന്നുപോകുന്നതുപോലുള്ള അനുഭവമായിരുന്നു. ഓരോരുത്തരെയും മനസ്സിലാക്കുവാനും, അവരുടെ ജീവിതാവസ്ഥയിലേക്ക് കടന്നുചെന്ന് അവരിലൊരാളായി ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് അവരോടൊപ്പം നന്ദിപറയാനും, അവരുടെ സന്തോഷങ്ങളിൽ പങ്കുചേരാനും, വേദനയാൽ നീറുന്ന സഹോദരങ്ങൾക്ക് ആശ്വാസം പകരുവാനും, കണ്ടുമുട്ടുന്നവരിൽ ആനന്ദത്തിന്റെയും പ്രത്യാശയുടെയും ശുഭാപ്തിവിശ്വാസത്തിന്റെയും രശ്മികൾ പ്രസരിപ്പിക്കുവാനും ഈ ശുശ്രൂഷകളിലൂടെ ദൈവം എനിക്കവസരം നൽകി.

ഓരോ ദിവ്യബലിയിലൂടെയും മനസ്സിനെയും ആത്മാവിനെയും ശക്തിപ്പെടുത്തിക്കൊണ്ട് സമൂഹമായും വ്യക്തിപരമായും പ്രാർഥിച്ചൊരുങ്ങി യേശു നൽകുന്ന സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവുമായി ഓരോ കുടുംബങ്ങളിലേക്കും ഇറങ്ങിച്ചെല്ലുമ്പോൾ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സുഹൃത്തുക്കളുടെയും സ്നേഹവും സൗഹൃദവും കരുതലും നൽകി ഞങ്ങളെ സ്വീകരിച്ച കുടുംബങ്ങളുമായി ചെലവഴിച്ച ഓരോ നിമിഷവും വളരെ വിലയേറിയതായിരുന്നു.

ജീവിതമരുഭൂമിയിലെ പൊള്ളുന്ന അനുഭവങ്ങളിലൂടെ കടന്നുപോകുന്ന ഒരുപാട് സഹോദരങ്ങളെ കാണാൻ ഇടയായി. താങ്ങാനാവാത്ത സാമ്പത്തിക തകർച്ചയിൽ ഞെരുങ്ങുന്നവരെയും, അസഹനീയമായ അപമാനത്തിന്റെയും അവഗണനയുടെയും ഒറ്റപ്പെടലിന്റെയും അഗ്നിയിലൂടെ കടന്നുപോകുന്നവരെയും ആത്മീയ ഭൗതിക ജീവിതത്തിന്റെ ഏറ്റക്കുറച്ചിലുകൾ അനുഭവിക്കുന്നവരെയും ഒപ്പം കത്തോലിക്കാ വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് സഭയെയും സഭാതനയരും എതിർക്കുന്നവരെയും ചോദ്യം ചെയ്യുന്നവരെയും സന്ദർശിക്കാനും ഇടവന്നു. ഓരോ കുടുംബങ്ങളുടെയും വ്യക്തികളുടെയും പ്രശ്നങ്ങളോടും പ്രതിസന്ധികളോടും ദൈവവചനത്തിന്റെയും സഭാപ്രബോധനത്തിന്റെയും കാഴ്ചപ്പാടിൽ ക്രിയാത്മകമായ് പ്രതികരിക്കുവാനും പരിഹാരങ്ങൾ നിർദേശിക്കാനും സഭയോടൊത്ത് ചിന്തിക്കേണ്ടതിന്റെയും പ്രവൃത്തിക്കേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി മനസ്സിലാക്കിക്കൊടുക്കുവാനും ഈ ശുശ്രൂഷയിലൂടെ ദൈവം എനിക്കവസരം നൽകി.

ഹോം മിഷൻ ടീമിലെ ഓരോ സന്യസ്തരും എനിക്കെന്നും ഒരു പ്രചോദനമായിരുന്നു. മുതിർന്ന സിസ്റ്റേഴ്സിന്റെ നല്ല മാതൃകകളും, പ്രാർഥനാ ചൈതന്യവും, അവരുടെ പ്രേഷിത തീക്ഷണതയും വചനത്തിലുള്ള ആഴമായ അറിവും എളിമയുടെയും ലാളിത്യത്തിന്റെ ജീവിതശൈലിയും എന്നെ വളരെയധികം ആകർഷിക്കുകയും എന്റെ തന്നെ സമർപ്പണ ജീവിതത്തെക്കുറിച്ച് ചിന്തിക്കാനും വിലയിരുത്താനും സഹായകരമായി. കൂടുതൽ തീക്ഷ്ണമായി പ്രാർഥിക്കാനും, ദൈവവചനം പഠിക്കുവാനും, ധ്യാനിക്കുവാനും, വചന ബന്ധിതമായ് സംസാരിക്കുവാനും കൂദാശകളോട് കൂടുതൽ ആഭിമുഖ്യം പുലർത്തുവാനും, കയറിച്ചെല്ലുന്ന കുടുംബങ്ങൾക്കും കണ്ടുമുട്ടുന്ന വ്യക്തികൾക്കും വേണ്ടി ദൈവസന്നിധിയിൽ കരങ്ങളുയർത്തുവാനും, ആത്മീയമായ് കൂടുതൽ വളരുവാനും ഹോംമിഷൻ അവസരമൊരുക്കി.

സ്നേഹം കെട്ടടഞ്ഞ, സമാധാനം ഇല്ലാതിരുന്ന പ്രശ്ന കലുഷിതമായ അനേകം കുടുംബങ്ങൾക്ക് ആശ്വാസം പകരുവാനും, വേദനിക്കുന്ന മക്കളുടെ ഹൃദയങ്ങളിലേക്ക് സാന്ത്വനം നൽകുവാനും, കണ്ണികൾ അകന്നുപോയ കുടുംബങ്ങളെ കൂട്ടിയിണക്കുവാനും, ദൈവവചനവും ക്രൈസ്തവ മൂല്യങ്ങളും പകർന്നുകൊടുക്കുക വഴി ചിലരുടെയെങ്കിലും അന്ധവിശ്വാസമകറ്റി വിശ്വാസത്തിൽ വളരുവാനും, അനേകരുടെ മാനസാന്തരത്തിനും അനുരഞ്ജനത്തിനും ഹോം മിഷൻ എന്ന കുടുംബനവീകരണ ശുശ്രൂഷ കാരണമായി. ഒപ്പം ജീവിത പ്രാരാബ്ദങ്ങളും പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളും മൂലം ഹൃദയത്തിനും മനസ്സിനും ക്ഷതമേറ്റ്, എല്ലാം നശിച്ചു.

ഇനിയൊരു ജീവിതമില്ലെന്ന് പറഞ്ഞ് നിരാശയിലേക്ക് കൂപ്പുകുത്തിയവർക്ക് സാന്ത്വനവും പ്രത്യാശയും നൽകിക്കൊണ്ട് ഉത്ഥിതനായ ക്രിസ്തു പകർന്നുനൽകുന്ന നവജീവിതത്തിലേക്ക് ആനയിച്ചുകൊണ്ട് 'പ്രത്യാശയുടെ ദാസിമാർ' എന്ന ഞങ്ങളുടെ സഭാസിദ്ധിക്കനുസൃതമായ് ശുശ്രൂഷ ചെയ്യുവാനും ദൈവം എന്നെ അനുഗ്രഹിച്ചു. ഹോം മിഷൻ എന്ന ദൈവിക പദ്ധതിയിൽ എന്നെയും ഒരു ഉപകരണമാക്കിയതിനും ഈ ശുശ്രൂഷയിലൂടെ ദൈവം വർഷിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും ഞാൻ നന്ദി പറയുന്നു. ■

# കാരുണ്യ സ്രോതസ്സായി കുടുംബങ്ങളിലേക്ക്



**സി. സാലി മരിയ ബി.എസ്.**

പ്രകൃതി രമണീയമായ കടലും തിരയും തീരങ്ങളും പച്ചപ്പും മനസ്സിനെ കുളിരണിയിക്കുന്ന ഇളം തെന്നലും ഒരു പുതുമയുടെ അനുഭൂതി പകരുമ്പോൾ "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം..." എന്ന ഗുരുവിന്റെ ആഹ്വാനം ശിരസാവഹിച്ച ശിഷ്യന്മാരെപ്പോലെ തിരുവനന്തപുരം അതിരൂപതയിലെ ഇടവകകളിൽപ്പെട്ട കുടുംബങ്ങളിലേക്ക് കടന്നുചെല്ലുക എന്നത് ജീവിത വഴിത്താരയിൽ അനുഗ്രഹത്തിന്റെ പൊൻതൂവലാൽ കുറിക്കപ്പെട്ട ദിനങ്ങളാണ്.

മംഗലപുരം രൂപത വൈദികനായിരുന്ന മോൺ. ആർ.എസ്.സി മസ്കരനാസ് അച്ചന്റെ പാവന കരങ്ങളാൽ 1921 ജൂലൈ 16 ന് സ്ഥാപിതമായ ചെറുപുഷ്പ ബഥനി സന്യാസസഭയിലെ അംഗമാണ് ഞാൻ. വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രേഷിത ചൈതന്യവും, പ്രാർഥനയും പ്രവർത്തനവും ജീവിതശൈലിയാക്കി യേശുവിന്റെ സ്നേഹിതയും സേവികയുമായ ബഥനിയിലെ മറിയത്തിന്റെയും മാർത്തയുടെയും ജീവിതരീതിയും അനുകരിക്കുന്നവരാണ് ഓരോ ബഥനി സന്യാസിനിയും. സഭാസ്ഥാപകന്റെ സ്വപ്നങ്ങൾ ജീവിതലക്ഷ്യമാക്കി സ്വീകരിച്ചുകൊണ്ട് കാരുണ്യ സ്രോതസ്സായി കുടുംബങ്ങളിലേക്ക് കടന്നുചെല്ലുമ്പോൾ എനിക്ക് മനസ്സിലായ ഒരു യാഥാർഥ്യമുണ്ട്. "ഓരോ കുടുംബവും ഓരോ കൂട്ടായ്മകളാണ്." ഒന്നാമതായി നാം നമ്മിൽ തന്നെ അറിയാതെ പോകുന്ന ഒരു കാര്യമുണ്ട്, നമ്മിൽ ക്രിസ്തുവുണ്ട് എന്നുള്ള സത്യം. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച് കൂടുന്നിടത്ത് അവരുടെ മധ്യേ ഞാനുണ്ടായിരിക്കും (മത്താ. 18:20). ഈ വലിയൊരു തിരിച്ചറിവ് ക്രിസ്തുവാകാൻ ക്രിസ്തുവിന്റേതാകാൻ, ക്രിസ്തുവിനായി നൽകാൻ ഈ ദിനങ്ങളിൽ പ്രേരണയും പ്രചോദനവുമായി.

മുറിയുവാനും മുറിക്കപ്പെടുവാനും മുറിച്ചു നൽകുവാനും തയ്യാറായ ക്രിസ്തുവിന്റെ പങ്കുവയ്ക്കലിന്റെ മനോഭാവം, കുടുംബങ്ങളിൽ എങ്ങനെ യാഥാർഥ്യമാകുന്നു എന്ന ചിന്തയാണ് ഈ ദിനങ്ങളിൽ എന്നെ ചിന്താധീനയാക്കിയത്. വർഷങ്ങൾക്കുമുൻപ് സന്ധ്യയ്ക്ക് ജോലിയും കഴിഞ്ഞ് വരുന്ന അപ്പനെയും കാത്തിരിക്കുന്ന മക്കളുണ്ടായിരുന്നു. ആ കരങ്ങളിൽ നിന്നും കിട്ടുന്നതെന്തും പങ്കുവയ്ക്കുന്ന മനോഭാവമുള്ള കുടുംബങ്ങളുണ്ടായിരുന്നു. എന്നാൽ ഇന്ന് അതൊക്കെ അന്യമാകുന്നു. സാമൂഹ്യ മാധ്യമങ്ങളുടെ വളർച്ച, ഉയർച്ചയ്ക്കും നേട്ടത്തിനുമായുള്ള ഓട്ടങ്ങൾ ഇതൊക്കെ അന്യമാകുന്നു. ഒരുകൂരയ്ക്കുള്ളിൽ അജ്ഞാതരെപ്പോലെ കഴിയുന്നവർ.

ഈ സാഹചര്യത്തിലാണ് ഹോം മിഷൻ അർഥവത്താകുന്നത്. ചിതറിപ്പോയ കണ്ണികളെ കൂട്ടിച്ചേർത്ത് മിനുസപ്പെടുത്തി പുതുമയുള്ളതാക്കുക, പരസ്പര വിശ്വാസമാകുന്ന കണ്ണികളെ വിളക്കിയെടുക്കുക, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലൂടെ മാത്രം നേടിയെടുക്കാനാവുന്ന ഒരു പ്രവൃത്തിയാണിത്. ഉള്ളവനെ ഇല്ലാത്തവനു നൽകാനാവൂ ഈ ചിന്തയാണ് ദിനംപ്രതി പ്രാർഥനാ അരൂപിയിൽ വളരാൻ കണ്ടുമുട്ടുന്നവരിലേക്ക് കരുണാർദ്ര സ്നേഹം പകർന്നു നൽകാൻ എന്നെയും പ്രേരിതയാക്കിയത്. വാക്കുകൾ കൊണ്ട് വർണിക്കേണ്ടതല്ല അത്, മറിച്ച് ജീവിതാനുഭവത്തിലൂടെ കരസ്ഥമാക്കേണ്ടതാണ്.

കുടുംബപ്രേഷിത ശുശ്രൂഷ എന്നെ പഠിപ്പിച്ച വലിയ ഒരു പാഠമുണ്ട് 'റോമാ: 5:5' പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല പ്രശ്നങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും ഭണ്ഡാരങ്ങൾ പേറി സ്വയം തരംതാഴ്ത്തി ജീവിക്കുന്ന സഹോദരങ്ങളിലേക്ക് കുറവുകളെ നിറവുകളാക്കുന്ന തമ്പുരാന്റെ സാന്നിധ്യം പകർന്നു നൽകിയപ്പോൾ പ്രത്യാശയുടെ ഉദയ കിരണങ്ങൾ ജ്വലിക്കുന്നത് വിശ്വാസത്തിന്റെ നേത്രങ്ങളാൽ ഞാൻ ദർശിച്ചു. ആ പ്രത്യാശയും 'യുഗാന്തം വരെ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും' (മത്താ. 28:20) എന്ന തിരുവചനത്തിലുള്ള ദൃഢമായ വിശ്വാസവുമാണ് കാരുണ്യ സ്രോതസ്സായി കുടുംബങ്ങളിലേക്ക് എന്നെ നയിക്കുന്നത്. ■

അഗസ്റ്റിൻ കണിപ്പിള്ളി









# പൗരത്വബിൽ ഭേദഗതി

# ഒരു സവർണവർഗ ഗൂഢാലോചന

അടുത്തിടെ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ പൗരത്വഭേദഗതി ബില്ലിനെതിരെ രാജ്യത്താകമാനം പ്രതിഷേധം ഇരുമ്പുകയാണ്. ഉത്തർപ്രദേശ് അടക്കമുള്ള വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇതിനോടകം 22 പ്രക്ഷോഭകാരികൾ കൊല്ലപ്പെട്ടു. കോടിക്കണക്കിന് രൂപയുടെ പൊതുമുതലും നശിപ്പിച്ചു. കലാലയങ്ങൾ സമരഭൂമിയായി. രാജ്യത്തെങ്ങും അസ്വസ്തത പടരുകയാണ്. പ്രക്ഷോഭകരും പോലീസും തമ്മിൽ ഏറ്റുമുട്ടുന്നു. എന്നാൽ പൗരത്വ ഭേദഗതി ബില്ലിനെ അധികരിച്ച് പ്രക്ഷോഭകരുമായി ചർച്ച നടത്താനും പ്രശ്നം രമ്യമായി പരിഹരിക്കാനും മുൻകൈ എടുക്കേണ്ട കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ അർഥഗർഭവും ധിക്കാരപൂർവ്വുമായ അന്ധത തുടരുകയാണ്.

ഇന്ത്യ-പാകിസ്ഥാൻ വിഭജനത്തോടും അതിർത്തി നിർണയത്തോടുമനുബന്ധിച്ച് ഉടലെടുത്ത അനിവാര്യമായ പൗരത്വപ്രശ്നത്തിന് മാർഗദർശകമായി 1955 ൽ ലോക്സഭ പാസാക്കിയ പൗരത്വ ബില്ലാണ് 2019 ലെ മോദി സർക്കാരിന്റെ ഭേദഗതിയിലൂടെ വൻ പ്രതിഷേധത്തിന് വിധേയമായിരിക്കുന്നത്. മതിയായ യാത്രാരേഖകളില്ലാതെ ഇന്ത്യയിലേക്ക് വരുന്ന വിദേശികളെ അനധികൃത കുടിയേറ്റക്കാരായി കണക്കാകുന്നതായിരുന്നു 1955 ലെ പൗരത്വബിൽ. എന്നാൽ 2019 ലെ ഭേദഗതി പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിൽ നിന്ന് 2014 ഡിസംബർ 31 ന് മുൻപ് ഇന്ത്യയിലേക്ക് അഭയാർഥികളായി എത്തിയ ഹിന്ദുക്കൾ, സിഖുകീർ, ബുദ്ധർ, പാഴ്സികൾ, ജൈനർ, ക്രിസ്ത്യാനികൾ എന്നീ ആറ് മതന്യൂനപക്ഷങ്ങളിൽപ്പെട്ടവർക്ക് പൗരത്വം നൽകാമെന്നും എന്നാൽ മേൽപ്പറഞ്ഞ രാജ്യങ്ങളിൽ നിന്നെത്തിയ മുസ്ലീമുകളെ പൗരത്വത്തിന് പരിഗണിക്കുന്നതല്ലെന്നും വ്യക്തമാക്കുന്നു. കാരണം പാകിസ്ഥാനും ബംഗ്ലാദേശും അഫ്ഗാനിസ്ഥാനും ഇസ്ലാം മതം ഔദ്യോഗികമതമായി അംഗീകരിച്ചിട്ടുള്ള മുസ്ലീം രാഷ്ട്രങ്ങളാണെന്നും ഈ രാജ്യങ്ങളിൽ ഇതര മതന്യൂനപക്ഷങ്ങൾ കടുത്തവിവേചനത്തിനും പീഡനത്തിനും ഇരയാകുന്നുണ്ടെന്നും അതിനാൽ അത്തരം ന്യൂനപക്ഷങ്ങളുടെ സംരക്ഷണമാണ് പൗരത്വനിയമഭേദഗതിയിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്നുമാണ് കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക

വിശദീകരണം.

ഒരു മതനിരപേക്ഷ പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി തുടരുന്ന ഇന്ത്യയെ സംബന്ധിച്ചിടത്തോളം പൗരത്വഭേദഗതി ബിൽ, ഭാരതം ഇതുവരെ അനുവർത്തിച്ചുപോന്നിരുന്ന ആശയസംഹിതക്കും അന്തസത്തയ്ക്കും എതിരാണ്: ഇനി മുതൽ ഇന്ത്യൻ പൗരത്വത്തിന്റെ അടിസ്ഥാനം മതമായി മാറും. അതുവഴി 780 ലേറെ ഭാഷകളും ഉപഭാഷകളും ജാതികളും ഉപജാതികളും മതങ്ങളും വ്യത്യസ്ത വസ്ത്രധാരണ–ഭക്ഷണ–ആചാരാനുഷ്ഠാനങ്ങളുമൊക്കെയുണ്ടായിരുന്ന ഭാരതജനതയ്ക്ക് ജനാധിപത്യപരമായി ഭരണഘടന ഉറപ്പുനൽകിയിരുന്ന 'തുല്യത' നഷ്ടമാകും. ഇന്ത്യൻ പൗരത്വം മതത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടുന്നുവെന്നും അതല്ലെങ്കിൽ ഒരു മതം ഇന്ത്യൻ പൗരത്വത്തിന് യോഗ്യമല്ലെന്നും വ്യക്തമാക്കപ്പെടുന്നു. അതായത് ഇന്ത്യയിൽ ജീവിക്കുന്ന എല്ലാവരും നിയമത്തിന് മുമ്പിൽ തുല്യരാണെന്ന ആർട്ടിക്കിൾ 14 ന്റെ ലംഘനമായിമാറി പൗരത്വഭേദഗതി ബിൽ.

ഈ നിയമഭേദഗതിക്ക് പിന്നിൽ ഒരു രാഷ്ട്രീയവും ഒളിഞ്ഞിരുപ്പുണ്ടെന്ന കണ്ടെത്തലാണ് ഇന്ത്യൻ ജനതയേയും വിദ്യാർഥി സമൂഹത്തെയും പൗത്വ ഭേദഗതി ബില്ലിനെതിരെ പ്രതിഷേധവുമായി തെരുവിലിറങ്ങാൻ നിർബന്ധിതമാക്കിയത്. മുസ്ലീം സമൂഹത്തെ ഇന്ത്യൻ പൗരത്വത്തിൽ നിന്ന് ഒഴിച്ചുനിർത്താൻ ലക്ഷ്യമിട്ടുള്ള പൗരത്വ നിയമഭേദഗതി വിദൂരഭാവിയിൽ മറ്റു മതങ്ങൾക്കും ബാധകമായേക്കാമെന്ന ആശങ്കയും പ്രക്ഷോഭാഗ്നിക്ക് എണ്ണ പകരുന്നുണ്ട്.

പൗരത്വബിൽ ഭേദഗതിക്ക് പിന്നിലെ രാഷ്ട്രീയത്തിന് ഇന്ത്യൻ സ്വാതന്ത്ര്യലബ്ദിയോളം പഴക്കമുണ്ട്. അന്ന് നടക്കാതെ പോയ ഒരു സവർണവർഗ ഗൂഡാലോചനയിലൂടെ രൂപം കൊണ്ട മതാധിഷ്ഠിത രാഷ്ട്രീയ ലക്ഷ്യമാണ് ഇന്ന് പൗരത്വ നിയമഭേദഗതിയിലൂടെ പുറത്തുവന്നിരിക്കുന്നത്. സ്വതന്ത്രവേളയിൽ വിഭജനത്തിലൂടെ പാകിസ്ഥാൻ എന്ന ഇസ്ലാമിക രാഷ്ട്രം സൃഷ്ടിക്കപ്പെടുകയും ഹിന്ദുരാഷ്ട്രമെന്ന ആശയം തള്ളി ഇന്ത്യ മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി രൂപം പ്രാപിക്കുകയുമായിരുന്നു. ഹിന്ദു രാഷ്ട്രമെന്ന വാദം നിരാകരിക്കപ്പെട്ടതാണ് മഹാത്മാഗാന്ധി വധിക്കപ്പെടാനുണ്ടായ കാരണമെന്നുപോലും രാഷ്ട്രീയ നിരീക്ഷണമുണ്ട്. അന്നുനടക്കാതെ പോയ ഹിന്ദുരാഷ്ട്ര നിർമ്മിതിയുമായി പൗരത്വ നിയമ ഭേദഗതി ബില്ലിനെ ചേർത്തുവായിക്കുമ്പോഴാണ് ഇതിന്റെ പിന്നിലെ രാഷ്ട്രീയത്തിന് വ്യക്തത ഉണ്ടാകുന്നത്.

കേന്ദ്രഭരണകക്ഷിയായ ഭാരതീയ ജനതാപാർട്ടിയുടെ മാതൃസംഘടനയാണ് 1925 ൽ സ്ഥാപിതമായ ആർഎസ്എസ് എന്ന രാഷ്ട്രീയ സ്വയംസേവക് സംഘ്. അതിന്റെ പരമോന്നത നേതാവായ മോഹൻ ഭാഗവത് ഈ വർഷം ഒക്ടോബറിൽ നടത്തിയ ഒരു പ്രഖ്യാപനം ഈ അവസരത്തിൽ ശ്രദ്ധേയമാണ്. 'ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാണ്. അതിൽ വിട്ടുവീഴ്ചയില്ല.' അതിന്റെ ചുവടുപിടിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പെട്ടൊന്നു ഒരു ദിവസം ഭാഷാവാദം ഉന്നയിച്ച് മോഹൻ ഭാഗവത്തിന്റെ പ്രഖ്യാപനത്തിന് കുറേക്കൂടി ശ്രദ്ധനേടിക്കൊടുത്തു. അങ്ങനെ ഒരു രാഷ്ട്രം, ഒരു ഭാഷ, ഒരു മതം, ഒരു ഭരണഘടന എന്ന സുവർണഹിന്ദു രാഷ്ട്രവാദത്തിന് ബിജെപി പൗരത്വ നിയമഭേദഗതിയിലൂടെ രാഷ്ട്രീയ മാനം നൽകി. പൗരത്വരേഖകളും പാരമ്പര്യരേഖകളും ഉള്ളവർക്കുമാത്രമായി പൗരത്വം പരിമിതപ്പെടുത്തുന്ന നിലയിലേക്കാണ് പൗരത്വ നിയമഭേദഗതി ചെന്നെത്തുന്നത്.

ഇന്ത്യയിലേക്കുള്ള കുടിയേറ്റം തടയാനെന്ന പേരിൽ പൗരത്വബിൽ ഭേദഗതിയിലൂടെ മതാടിസ്ഥാനത്തിൽ വേർതിരിവ് സൃഷ്ടിക്കാനും മുസ്ലീം ഉൾപ്പെടെയുള്ള ചില മതവിഭാഗങ്ങൾക്ക് പൗരത്വം നിഷേധിക്കാനും ഈ ഭേദഗതി ബിൽ വഴിവയ്ക്കാൻ ഇടയാക്കും. ഏതൊരു വ്യക്തിയുടെയും മൗലികാവകാശങ്ങളും അസ്തിത്വവും സാധ്യമാക്കുന്നതും നിർവചിക്കുന്നതുമായ പൗരത്വം എന്ന അവകാശവാദത്തെ നിഷ്പ്രഭമാക്കി, ഏതൊരു മതവിശ്വാസിയെ മാത്രമല്ല രാഷ്ട്രീയക്കാരനെപ്പോലും തടങ്കൽ പാളയത്തിലടയ്ക്കാൻ ഭേദഗതി ചെയ്യപ്പെട്ട ഈ പൗരത്വനിയമം ധാരാളം. ഇന്ത്യക്കാരായ മുസ്ലീമുകളെ ഈ നിയമം ഒരു തരത്തിലും ദോഷമായി ബാധിക്കില്ലെന്ന് പറയുമ്പോഴും ഇക്കണ്ട പ്രക്ഷോഭങ്ങളെയെല്ലാം അതിജീവിച്ച് പൗരത്വ ഭേദഗതി നടപ്പാക്കാനുള്ള വർധിത ഊർജം നേടുകയാണ് കേന്ദ്രസർക്കാർ അതിന്റെ ധിക്കാരപരമായ നിലപാടിലൂടെ. അതിനവർക്ക് സാധിക്കുമെന്നതിന്റെ തെളിവായി 450 വർഷം പഴക്കമുള്ള ബാബറി മസ്ജിദ് തകർത്ത് അവിടെ ക്ഷേത്രം പണിയാനുള്ള ശ്രമത്തേയും തീരുമാനത്തെയും കണ്ടാൽ മതി. ■



# വാർത്തകൾ

# സെന്റ് സേവ്യേഴ്സ് ഐടിഐ രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കം

**തിരുവനന്തപുരം:** കേരള സർക്കാരിന്റെ അംഗീകാരത്തോടെ തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വലിയതുറയിൽ പ്രവർത്തിക്കുന്ന സെന്റ് സേവ്യേഴ്സ് പ്രൈവറ്റ് ഐ.ടി.ഐ യുടെ രജതജൂബിലി ആഘോഷങ്ങൾ വി.എസ് ശിവകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ തിരുവനന്തപുരം അതിരൂപതാ മെത്രാപ്പൊലീത്ത ഡോ. സൂസപാക്യം, സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. റ്റി.എസ്.എസ്.എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ്, ഇടവക വികാരി ഫാ. ഡേവിഡ്സൺ, ഫാ. പോൾ ജി., ഫാ. ടോം തണ്ണിയിൽ, ഫാ. ആഷ്ലിൻ ജോസ്, കൗസിലർ ഷീബ പാട്രിക്ക്, രാമചന്ദ്രൻ, ലവകുമാർ, പ്രിൻസിപ്പാൾ ജയരാജ് എന്നിവർ പങ്കെടുത്തു.



*സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വലിയതുറയിൽ പ്രവർത്തിക്കുന്ന സെന്റ് സേവ്യേഴ്സ് പ്രൈവറ്റ് ഐ.ടി.ഐയുടെ രജതജൂബിലി ആഘോഷങ്ങൾ വി.എസ് ശിവകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.*



*കേരള സർവകലാശാല സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിലെ എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് (സിഎസ്എസ്) പരീക്ഷയിൽ ഒന്നാം റാങ്കും ഗോൾഡ് മെഡലും നേടിയ സ്നേഹ ആൻ റോളിൻ. നന്തൻകോട് ഇടവകയിലെ റോളിൻ ഫെർണാണ്ടസിന്റെയും ഷെറി റോളിന്റെയും മകളാണ്.*



*63-ാമത് കേരള സ്റ്റേറ്റ് സ്കൂൾ ഗെയിംസിൽ 2019-20 ൽ നടത്തിയ ആർച്ചറി മത്സരത്തിൽ, സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ മൂന്നാംസ്ഥാനവും വെങ്കല മെഡലും സ്കോളർഷിപ്പും നേടിയ നെട്ടയം ഇടവകയിലെ സെൽവരാജ്-ഷൈലജ ദമ്പതികളുടെ മകളായ ജിൻസി രാജ്. പഞ്ചായത്ത് യുവ ക്രീഡാ ഖേൽ അഭിയാൻ നടത്തിയ നാഷണൽ ചാമ്പ്യൻഷിപ്പിലും അഞ്ചാമത് ഇന്തോ-നേപ്പാൾ ഇന്റർനാഷണൽ ചാമ്പ്യൻഷിപ്പിലും ആർച്ചറി മത്സരത്തിൽ ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിലും ഒന്നാം സ്ഥാനവും, ഗോൾഡ് മെഡലും ജിൻസിക്ക് ലഭിച്ചിരുന്നു.*

# ഉപദേശിമാരുടെ കുടുംബസംഗമം ആനിമേഷൻ സെന്ററിൽ നടന്നു

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന ഉപദേശിമാരുടെ കുടുംബസംഗമം വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. "ക്രിസ്തുവിനെ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയുടെ ഹൃദയത്തിലും ജീവിതത്തിലും സന്തോഷം നിറഞ്ഞിരിക്കണം, അതിന് യേശുവിനെ നിരന്തരം കൊണ്ടുനടക്കണം" എന്ന ഫാ. ലോറൻസ് കൂലാസിന്റെ സന്ദേശത്തോടെ ആരംഭിച്ച സംഗമത്തിൽ വികാരി ജനറൽ ഡോ. സി. ജോസഫ് മുഖ്യസന്ദേശം നല്കി.

40 വർഷങ്ങൾക്ക് മുമ്പ് തിരുവനന്തപുരം അതിരൂപതയുടെ വളർച്ചയ്ക്ക് ഏറ്റവും കൂടുതൽ സംഭാവന നല്കിയത് ഉപദേശിമാരുടെ പ്രവർത്തനമായിരുന്നുവെന്നും ഓരോ ഉപദേശിമാരുടെയും പ്രവർത്തനം ഇന്നും അതിരൂപതയിൽ കാര്യക്ഷമമായി നടക്കുന്നുവെന്നും വികാരി ജനറൽ ഓർമ്മിപ്പിച്ചു. സത്വാർത്തയും, യേശുവിന്റെ നാമവും ഏറെ തീക്ഷണതയോടെ പ്രഘോഷിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് ഏവർക്കും അദ്ദേഹം ക്രിസ്തുമസ് ആശംസകൾ നേർന്നു.



*കേരളത്തിന്റെ സമഗ്ര നവോത്ഥാനത്തെ ലക്ഷ്യമാക്കി പി.ഒ.സിയിൽ വച്ച് നടന്ന സർവ്വമതസംഗമം ഗവർണർ ആരീഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യുന്നു*

# നാനാത്വത്തിൽ ഭാരതം അനുഗ്രഹീതം, കേരളം ഭാരതത്തിനു മാതൃക: കേരളഗവർണർ ശ്രീ ആരീഫ് മുഹമ്മദ് ഖാൻ

കൊച്ചി : മത-ഭാഷ-സംസ്കാരത്തിലെ നാനത്വമാണ് ഭാരതത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമെന്നും, അതിനെ പരിപോഷിപ്പിക്കുമ്പോഴാണ് സമൂഹത്തിന് സമഗ്രവളർച്ചയും വിജയവും ഉണ്ടാവുകയെന്നും ഗവർണർ ആരീഫ് മുഹമ്മദ് ഖാൻ പറഞ്ഞു. കേരളത്തിന്റെ സമഗ്രനവോത്ഥാനത്തെ ലക്ഷ്യമാക്കി പി.ഒ.സി-യിൽ വച്ച് നടന്ന സർവ്വമതസംഗമം ഉദ്ഘാടനം ചെയ്തുപ്രസംഗിക്കുകയായിരുന്നു ഗവർണർ. വിവിധ മതങ്ങളുടെ ജ്ഞാനനിധിയിൽ നിന്നും പ്രചോദനവചസ്സുകൾ നല്കിയും കേരളസംസ്കൃതിയെ വാനോളം പുകഴ്ത്തിയും, ഭാരതത്തിനു മാതൃകയാണ് കേരളമെന്ന് ഗവർണർ വ്യക്തമാക്കി. ആത്മീയ-ധാർമ്മിക മൂല്യങ്ങൾ ഉള്ള ഒരു നല്ല തലമുറയെ വാർത്തെടുക്കുവാൻ അനുദിന ജീവിതത്തിൽ നവോത്ഥാനം ആവശ്യമാണെന്നും അദ്ദേഹം ഓർമ്മിച്ചു.

മഞ്ഞുമ്മേൽ ഗാർഡിയൻ എയ്ഞ്ചൽസ് സ്കൂളിലെ വിദ്യാർത്ഥികൾ ദേശീയഗാനം ആലപിച്ചു. കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് സ്വാഗതമർപ്പിച്ചു. ബിഷപ്പ് ഡോ.സെൽവിസ്റ്റർ പൊന്നുമുത്തൻ അദ്ധ്യക്ഷതവഹിച്ച സംഗമത്തിൽ സ്വാമി സച്ചിദാനന്ദ ഭാരതീയും സ്വാമി ബോധേന്ദ്രതീർത്ഥയും ആത്മീയ നവോത്ഥാനത്തിന്റെ ആവശ്യകതയെയും മാർഗ്ഗങ്ങളെയും വിശദീകരിച്ചു.

400-ഓളം ക്ഷണിതാക്കൾ പങ്കെടുത്ത സംഗമത്തിൽ മദർ കരോളീന സി.എസ്.എൻ, സി.തെരേസ സി.എസ്.എസ്.റ്റി. ആഷാ ഫെൻ, എം.എസ്. എൻ നായർ എന്നിവർ പ്രസംഗിച്ചു.

തേവര സെക്രട്ട് ഹാർട്ട് കോളേജ് വിദ്യാർത്ഥികളുടെ സംഗീതവിരുന്നിന് ശേഷം ഡോ. അഗസ്റ്റിൻ മുള്ളൂർ ഒ.സി.ഡി നയിച്ച സംവാദത്തിൽ ഡോ റോബിൻ കണ്ണൻച്ചിറയും സി. എച്ച്. അബ്ദുൾ റഹീം വിവിധമതങ്ങൾ പഠിപ്പിക്കുന്ന സവോത്ഥാന പാഠങ്ങളെക്കുറിച്ചു സംസാരിച്ചു. ഡോ. കുരിയാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ സന്ദേശം നല്കി, ഡോ. പ്രസാദ് തെരുവത്ത് ഒസിഡി സ്വാഗതം ആശംസിച്ചു.

ഡോ. നോബിൾ മണ്ണാറാത്ത് സി. എം.എഫ് പ്രോഗ്രാം കോർഡിനേറ്ററായ ഈ സംഗമത്തിന്റെ പ്രചോദനവും ആശയദാതാവും മുളത്തുരുത്തി ധർമ്മഭാരതി ആശ്രമത്തിലെ ആചാര്യഗുരു സ്വാമി സച്ചിദാന്ദഭാരതിയാണ്. കേരളത്തിന്റെ സമഗ്രനവോത്ഥാനത്തിനായി എല്ലാ സുമനസ്സുകളും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന ആഹ്വാനത്തോടെ മതാന്തരസദസ്സ് സമാപിച്ചു.

# തൊഴിലിടങ്ങളിലെ ലൈംഗിക അതിക്രമ പരാതികൾ കൈകാര്യം ചെയ്യുന്നതിന് കെസിബിസി മാർഗനിർദേശം പുറപ്പെടുവിച്ചു

കൊച്ചി: തൊഴിലിടങ്ങളിൽ സുരക്ഷിതവും ആരോഗ്യകരവും സൗഹൃദപൂർണവുമായ അന്തരീക്ഷം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരള കത്തോലിക്കാ മെത്രാൻ സമിതി കത്തോലിക്കാ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തേണ്ട നയരേഖയും മാർഗനിർദേശങ്ങളും പുറപ്പെടുവിച്ചു. 2019 ആഗസ്റ്റ് 5-ന് ചേർന്ന സമ്മേളനം പരിഗണിച്ച നയരേഖയും മാർഗനിർദേശങ്ങളും 2019 ഡിസംബർ 5 മുതൽ പ്രാബല്യത്തിൽ വന്നു. ഇന്ത്യൻ ഭരണഘടനയിലെ പ്രസക്തമായ വകുപ്പുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും കത്തോലിക്കാ ധാർമിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ സിബിസിഐ 2017 സെപ്റ്റംബറിൽ പാസ്സാക്കിയ നയരേഖയുടെ ചുവടുപിടിച്ചാണ് കെസിബിസി രേഖ തയ്യാറാക്കിയിരിക്കുന്നത്. നയരേഖ ഉടൻ പ്രാബല്യത്തിൽ വരുത്താൻ ഡിസംബർ 4 മുതൽ പിഒസിയിൽ ചേർന്ന മെത്രാൻ സമിതി തീരുമാനിച്ചു.

# കെസിബിസി മതാധ്യാപക അവാർഡ്

കൊച്ചി: വിശ്വാസജീവിതപരിശീലനരംഗത്ത് നിസ്തുലസേവനങ്ങൾ നല്കിയ കേരളസഭയിലെ മികച്ച മതാധ്യാപകരെ കേരള കത്തോലിക്കാമെത്രാൻ സമിതി ഫാ. മാത്യു നടയ്ക്കൽ മെമ്മോറിയൽ അവാർഡു നല്കി ആദരിച്ചു. സീറോ മലബാർസഭയിൽനിന്ന് ഇടുക്കി രൂപത വാഴത്തോപ്പ് ഫൊറോനയിലെ നാരകക്കാനം സെന്റ് ജോസഫ്സ് ഇടവകാംഗമായ ചുമ്മാർ മാത്യു തുണ്ടത്തിൽ, ലത്തീൻ സഭയിൽ നിന്ന് കോഴിക്കോട് രൂപതയിലെ സൗത്ത് വയനാട് ഫെറോനയിലെ ചൂണ്ടേൽ സെന്റ് ജൂഡ്സ് ഇടവകാംഗമായ അബ്രഹാം എം.എം., മലങ്കരസഭയിൽ നിന്ന് തിരുവനന്തപുരം മേജർ അതിരൂപതയിലെ നാലാഞ്ചിറ സെന്റ് തോമസ് ഇടവകാംഗമായ ഡോ. തോമസുകുട്ടി പനച്ചക്കേൽ എന്നിവർക്കാണ് കെസിബിസി അവാർഡ് നല്കി ആദരിച്ചത്. പിഒസിയിൽ നടന്ന ചടങ്ങിൽ ആർച്ചുബിഷപ് ഡോ. സൂസപാക്യം അവാർഡുകൾ സമ്മാനിച്ചു.

കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, പി.റ്റി.ഐ ഡീൻ ഓഫ് സ്റ്റഡീസ് ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, ജിസസ്സ് ഫ്രട്ടേണിറ്റി സ്റ്റേറ്റ് ഡയറക്ടർ ഫാ. ഷാജി സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.



*മതാധ്യാപക അവാർഡുദാനചടങ്ങിൽ ഫാ. വർഗീസ് വള്ളിക്കാട്ട് പ്രസംഗിക്കുന്നു. ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം, ആർച്ചുബിഷപ് ഡോ. സൂസപാക്യം, ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്, അബ്രഹാം എം.എം., ചുമ്മാർ മാത്യു, ഡോ. തോമസുകുട്ടി പനച്ചക്കേൽ എന്നിവർ വേദിയിൽ.*

**23-ാം ചരമവാർഷികം**



**എസ്. ജസീന്ത്**

പുല്ലുവിള

മരണം: 3-1-1997



*എനർജിമാനേജ്മെന്റ് ആന്റ് കൺസർവേഷൻ സെന്ററിന്റെയും ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും അഭിമുഖ്യത്തിൽ നടന്ന ഊർജ്ജ സംരക്ഷണ പൊതുയോഗം*

## ഒപ്പുശേഖരണം നടത്തി

തിരുവനന്തപുരം: പൊതു ജനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത വിളിച്ചോതികൊണ്ട് ഊർജ്ജ സംരക്ഷണ പൊതുയോഗവും ഒപ്പുശേഖരണ യജ്ഞവും ചിറയിൻകീഴ് ജംഗ്ഷനിൽ, എനർജിമാനേജ്മെന്റ് ആന്റ് കൺസർവേഷൻ സെന്ററിന്റെയും ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടന്നു. സാമൂഹ്യ ശുശ്രൂഷാ, ഫെറോന സെക്രട്ടറി രാജു സ്വാഗതം പറഞ്ഞു. ഫാ. ആഷ്ലിൻ ജോസ് പ്രസംഗിച്ചു. അഞ്ചുതെങ്ങ് ഫെറോന കോഡിനേറ്റർ ഫാ. ജെറോം നെറ്റോ അധ്യക്ഷത വഹിച്ചു.




*സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വലിയതുറ ഏരിയാ കൗൺസിലിന്റെ കീഴിൽ നടന്ന സെന്റ് ആന്റണിസ് കോൺഫറൻസിന്റെ 43-ാമത് വാർഷിക ആഘോഷം ഇടവക വികാരി ഫാ. ഡേവിഡ്സൺ ഉദ്ഘാടനം ചെയ്യുന്നു*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ക്രിസ്മസ് ആഘോഷവും സഹായ വിതരണവും

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പൂന്തുറ സെന്റ് ബെനടിക്റ്റ് കോൺഫറൻസിന്റെയും, വൈഎംസിഎയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പൂന്തുറ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. ചടങ്ങിൽ സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി പ്രസിഡന്റ് ജോസഫ് ഉദ്ഘാടനം നിർവഹിച്ചു. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധമാണ് ക്രിസ്തുമസ് എന്ന് അദ്ദേഹം പറഞ്ഞു.

നിർദ്ധനരായ 100 പേർക്ക് സാരി, ഷർട്ട്, ലുങ്കി, കേക്ക് തുടങ്ങിയവ വിതരണം നടത്തി. ഇടവക വികാരി ഫാ. ബെബിൻസൺ, സഹവികാരി ഫാ. രതീഷ്, ബ്ര. ഡോൺബോസ്കോ, ഷീന എന്നിവർ പങ്കെടുത്തു.

കഴക്കൂട്ടം ഫാത്തിമ മാതാ ഇടവകയിലെ ഫാത്തിമ മാതാ കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ ജാതിമത ഭേദമന്യേ 55 പേർക്ക് ആയിരം രൂപ വീതമുള്ള ഭക്ഷണ കിറ്റ് ക്രിസ്തുമസിനോടനുബന്ധിച്ച് ഇടവകവികാരി ഫാ. സ്റ്റാലിൻ ഫെർണാണ്ടസ് വിതരണം ചെയ്തു. സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ബ്ര. ഡനേഷ്യസ്, മദർ സുപ്പീരിയർ സി. ലിസ, ബ്ര.ഡോൺ ബോസ്, ബ്ര. ലോറൻസ്, കോ ബ്ര. ബെൻസിലി എന്നിവർ സംബന്ധിച്ചു.

വലിയതുറ ഏരിയാ കൗൺസിലിന്റെ കീഴിൽ സെന്റ് ആന്റണിസ് കോൺഫറൻസിന്റെ 43-മത് വാർഷികം ആഘോഷിച്ചു. ഇടവക വികാരി ഫാ. ഡേവിഡ്സൺ ഉദ്ഘാടനം നിർവഹിച്ചു. വലിയതുറ സെന്റ് ആന്റണി കമ്മ്യൂണിറ്റി ഹാളിൽ കോൺഫറൻസ് പ്രസിഡന്റ് ബ്ര. ജോൺ ബെനഡിക്, ഫാ. ദിലിപ്, ബ്ര റോമിൻ ആൽബി, സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റുമാരായ ബ്ര. ഡയനേഷ്യസ്, ബ്ര. ഡോൺ ബോസ്കോ, ബ്ര. സാംസൺ, ബ്ര. എ. പുത്രൻ, ബ്ര. സ്റ്റീഫൻ കുലാസ് എന്നിവർ പങ്കെടുത്തു. ഇടവകയിലെ നിർധനരായ 100 പേർക്ക് ഭക്ഷണ സാധനങ്ങൾ വിതരണം നടത്തി.

വലിയതുറ സെന്റ് ജോർജ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ നിർധനരായ 40 കുടുംബങ്ങൾക്ക് 500 രൂപയുടെ ഭക്ഷണ കിറ്റ് വിതരണം ചെയ്തു. യോഗത്തിൽ സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ബ്ര. ഡയനേഷ്യസ് ഉദ്ഘാടനം നിർവഹിച്ചു. സി. ഷേർളി, ബ്ര. ഡോൺബോസ്കോ, ബ്ര. സാംസൺ എന്നിവർ സംബന്ധിച്ചു.

സെന്റ് നിക്കോളാസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ നിർധനരായ കുടുംബങ്ങൾക്ക് ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. കൂടാതെ ഫാത്തിമമാതാ ഇടയാർ ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും ഭക്ഷണകിറ്റുകൾ വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് ബ്ര. വില്യം, ബ്ര. മെന്തസ്, സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്ര: ആർ സഖറിയാസ്, സെക്രട്ടറി ബ്ര. ഫ്രാൻസിസ് തുടങ്ങിയവർ നേതൃത്വം നൽകി.

---

## നിത്യതയിൽ അഞ്ചുവർഷം



## എ. വർഗീസ് സാർ

**മരണം: 2.1.2015**

പുതിയതുറ.

മരിച്ച് 5 വർഷം തികയുന്ന ഈ ആത്മാവിന് നിത്യശാന്തി നേരുന്നു.

*- സന്തപ്തകുടുംബാംഗങ്ങൾ*

# വൺ ടീച്ചർ വൺ ചൈൽഡ് പദ്ധതി

തിരുവനന്തപുരം: വിദ്യാഭ്യാസവർഷാചരണവുമായി ബന്ധപ്പെട്ട് വിദ്യാർഥി കേന്ദ്രീകൃത സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വൺ ടീച്ചർ വൺ ചൈൽഡ് (ഒരു അധ്യാപിക/അധ്യാപകൻ ഒരു വിദ്യാർഥിയെ ഉന്നത വിദ്യാഭ്യാസം വരെ അനുധാവനം ചെയ്യുന്ന പദ്ധതി) അഞ്ചുതെങ്ങ് സോണിൽ ഡിസം. 2 ന് നടപ്പിലാക്കി.

അതിരൂപതാ സഹായ മെത്രാൻ ക്രിസ്തുദാസ് ആർ. പദ്ധതി ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ഡൈസൻ, വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. മെൽക്കൺ, ചൈൽഡ് കമ്മിഷൻ സെക്രട്ടറി ഫാ. ജേക്കബ് സ്റ്റെല്ലസ്, മീഡിയ കമ്മിഷൻ സെക്രട്ടറി ദീപക്, ഫാ. പ്രദീപ്, ഫാ. ബാസ്കർ ജോസഫ്, ഫാ. ബോസ്കോ എന്നിവർ സന്നിഹിതരായിരുന്നു.

തുടർന്ന് വിദ്യാഭ്യാസ വർഷത്തോടനുബന്ധിച്ച് നടപ്പിലാക്കുന്ന ഗ്രീൻസ്കൂൾ, ക്ലീൻ സ്കൂൾ പദ്ധതിയ്ക്കുവേണ്ട വൃക്ഷത്തൈകളും, ക്ലീനിംഗ് ഉപകരണങ്ങളും സാധനങ്ങളും എല്ലാ സ്കൂളുകൾക്കും വിതരണം ചെയ്തു. തുടർന്ന് സഹായമെത്രാൻ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലി നടന്നു.



*വൺ ടീച്ചർ വൺ ചൈൽഡ് പദ്ധതിയുടെ ഉദ്ഘാടനം അഞ്ചുതെങ്ങ് സോണിൽ അതിരൂപതാ സഹായ മെത്രാൻ ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്യുന്നു*

## കെസിഎസ്എൽ ബാലവേദി കലോത്സവവും ക്രിസ്മസ് സംഗമവും

തിരുവനന്തപുരം: അതിരൂപത കെസിഎസ്എൽ ബാലവേദി വിദ്യാർഥികളുടെ കലാവാസന വളർത്തുന്നതിന്റെ ഭാഗമായി കലോത്സവത്തിന്റെയും ക്രിസ്മസ് സംഗമത്തിന്റെയും ഉദ്ഘാടനം ആർ.സി. സ്കൂൾ മാനേജർ ഡോ. ഡൈസൻ നിർവഹിച്ചു.

വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ഫാ. ഡൈസൻ ക്രിസ്മസ് സന്ദേശം നൽകുകയും വിദ്യാർഥികളുമായി ക്രിസ്മസ് കേക്ക് പങ്കുവയ്ക്കുകയും ചെയ്തു. ചടങ്ങിൽ കെസിഎസ്എൽ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസ് സംബന്ധിച്ചു. തുടർന്ന് നടന്ന കലാമത്സരങ്ങളിൽ എൽപി വിഭാഗത്തിൽ നിന്ന് 21 സ്കൂളുകളിൽ നിന്ന് 360 വിദ്യാർഥികൾ പങ്കെടുത്തു.




*വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ കെസിഎസ്എൽ ബാലവേദി വിദ്യാർഥികളുമായി ആർ.സി. സ്കൂൾ മാനേജർ ഡോ. ഡൈസൻ ക്രിസ്മസ് കേക്ക് പങ്കുവയ്ക്കുന്നു*

## കെസിഎസ്എൽ ദിനാചരണം

തിരുവനന്തപുരം: അതിരൂപത കെസിഎസ്എൽ ദിനാചരണം വെള്ളയമ്പലം ബിഷപ്സ് ഹൗസ് കോമ്പൗണ്ടിൽ കെസിഎസ്എൽ ഡയറക്ടർ ഫാ. ജേക്കബ് സ്റ്റെല്ലസ് പതാക ഉയർത്തി നിർവഹിച്ചു. തുടർന്ന് കെസിഎസ്എൽ ആന്തം ആലപിക്കുകയും പ്രസിഡന്റ് ഡാമിയൻ ജോർജ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു.

# ഡോ. സൂസപാക്യം ദൈവം ഒരുക്കിയ ഇടയശ്രേഷ്ഠൻ: കർദിനാൾ മാർ ക്ലീമിസ്

തിരുവനന്തപുരം: ദൈവം ഒരുക്കിയ ഇടയശ്രേഷ്ഠനാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച്ബിഷപ്പ് ഡോ. എം.സൂസപാക്യം എന്ന് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവ. ആർച്ച്ബിഷപ്പ് ഡോ. എം.സൂസപാക്യത്തിന്റെ പൗരോഹിത്യ സുവർണ ജൂബിലിയോടനുബന്ധിച്ച് പാളയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ ആർപ്പിച്ച കൃതജ്ഞതാ ബലിമദ്ധ്യേ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. വേദപുസ്തകത്തിൽ നിന്ന് സ്വാംശീകരിച്ച നന്മയാണ് ആർച്ച്ബിഷപ് ഡോ. എം.സൂസപാക്യത്തിന്റേതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന കൃതജ്ഞതാബലിയിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ്, വിജയപുരം രൂപതാധ്യക്ഷൻ ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ, നെയ്യാറ്റിൻകര രൂപതാധ്യക്ഷൻ ഡോ. വിൻസെന്റ് സാമുവൽ, പുനലൂർ രൂപതാധ്യക്ഷൻ ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, മോൺ. ഡോ. മാത്യു മനക്കരക്കാവിൽ, മോൺ ഡോ. സി.ജോസഫ്, റവ. ഡോ. സോണി മുണ്ടുനടയ്ക്കൽ തുടങ്ങിയവർ പങ്കെടുത്തു. കൃതജ്ഞതാബലിയിൽ നൂറുകണക്കിന് വിശ്വാസികളും സന്യസ്തരും പങ്കുകൊണ്ടു.



*ആർച്ച്ബിഷപ്പ് ഡോ. എം.സൂസപാക്യത്തിന്റെ പൗരോഹിത്യ സുവർണ ജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലിക്കായി മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാബാവ, തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ്, നെയ്യാറ്റിൻകര രൂപതാധ്യക്ഷൻ ഡോ. വിൻസെന്റ് സാമുവൽ, വിജയപുരം രൂപതാധ്യക്ഷൻ ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ എന്നിവർ തിരുവനന്തപുരം പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ എത്തിയപ്പോൾ*



*തിരുവനന്തപുരം അതിരൂപത ആരാധനക്രമ കമ്മിഷനും മീഡിയ കമ്മിഷനും ചേർന്ന് സംഘടിപ്പിച്ച സംഗീതമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ വലിയതുറ ഫെറോനാംഗങ്ങൾ സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസിനോടൊപ്പം*

## സ്വർഗീയം–2019; വലിയതുറ ഫെറോനയ്ക്ക് ഒന്നാംസ്ഥാനം

തിരുവനന്തപുരം: നൂറുകണക്കിന് പേരുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി സ്വർഗ്ഗീയം 2019 ദൈവാലയസംഗീതമത്സരം. തിരുവനന്തപുരം അതിരൂപത ആരാധനക്രമ കമ്മിഷനും മീഡിയ കമ്മിഷനും ചേർന്ന് സംഘടിപ്പിച്ച മത്സരത്തിൽ അഞ്ച് ടീമുകൾ വിവിധ ഫെറോനകളെ പ്രതിനിധീകരിച്ച് പങ്കെടുത്തു. വലിയതുറ, പുതുക്കുറിച്ചി, പേട്ട ഫെറോനകൾ യഥാക്രമം ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾ നേടി. വിജയികൾക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ആർ. ക്രിസ്തുദാസ് എവർറോളിംഗ് ട്രോഫിയും വിതരണം ചെയ്തു.

## ക്രിസ്മസ് രാവ്

തിരുവനന്തപുരം: കൊയ്ത്തൂർക്കോണം സെന്റ് ജോസഫ്സ് ദേവാലയത്തിൽ ക്രിസ്മസ് ആഘോഷ രാവ് സംഘടിപ്പിച്ചു. ചടങ്ങിൽ 150 ഓളം അന്യമതസ്തർ പങ്കെടുത്തു. കഴക്കൂട്ടം ഫെറോനാ വികാരി ഫാ. തോമസ്നെറ്റോ പരിപാടി ഉദ്ഘാടനം ചെയ്തു. വാവറഅമ്പലം മുസ്ലീം ജമാഅത്തിലെ ചീഫ് ഇമാം യൂസഫ് മൗലവി, ആനകോട് ദേവീക്ഷേത്രം എക്സിക്യൂട്ടീവ് അംഗം പി.ആർ.സുശീലൻ, മഞ്ചവിള വാർഡ് മെമ്പർ റിയാസ് തുടങ്ങിയവർ ആസംസകളർപ്പിച്ചു.



*കൊയ്ത്തൂർക്കോണം സെന്റ് ജോസഫ്സ് ദേവാലയത്തിൽ സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷ രാവ് ഫാ. തോമസ് ജെ.നെറ്റോ ഉദ്ഘാടനം ചെയ്യുന്നു*



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

പ്രത്യക്ഷീകരണ തിരുനാൾ (ജനുവരി 05)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

## നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ...

ഏശ. 60: 1-6 | എഫെ. 3: 2-3a, 5-6 | മത്താ. 2: 1-12




ജീവിതം ഒരുപാട് തെരഞ്ഞെടുപ്പുകൾക്ക് അവസരം തരും. ഭോഷന്മാർ അപ്രധാനമായതിന്റെ പിന്നാലെ പോയി ജീവിതത്തെ വിലകുറച്ച് കാണിക്കും.

യഹൂദൻമാർക്കു രാജാവായി പിറന്ന ശിശുവിനെ ആ ദേശത്തുള്ളവർ പ്രത്യേകിച്ച് അവിടത്തെ രാജാവ് തിരിച്ചറിഞ്ഞില്ലെങ്കിലും, തങ്ങൾക്കു ലഭിച്ച അടയാളത്തിന്റെ വെളിച്ചത്തിൽ രാജാവായ ശിശുവിനെ അന്വേഷിച്ചിറങ്ങുന്ന ജ്യോതിഷരുടെ സന്ദർശനമാണ് ഈ വി.ഗ്രന്ഥഭാഗം. മത്തായിയുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സംഭവമാണിത്.

ഈശോയുടെ ജനനവാർത്ത ഉളവാക്കുന്ന വ്യത്യസ്തങ്ങളായ പ്രതികരണങ്ങളാണ് ഈ സുവിശേഷഭാഗത്തെ പ്രധാന പ്രമേയം. യഹൂദജനം കാത്തിരുന്ന മിശിഹാ ജനിച്ചിരിക്കുന്നുവെന്നും പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നുവെന്നുമുള്ള വാർത്ത സന്തോഷമാണ് നൽകേണ്ടിയിരുന്നത്. വിജാതീയരായവർ ആ വാർത്തയിൽ സന്തോഷിച്ചു. എന്നാൽ തന്റെ ഭരണസീമയിൽ യഹൂദരുടെ പ്രതീക്ഷയായ മിശിഹാ ജനിച്ചിരിക്കുന്നുവെന്ന വാർത്ത സന്തോഷത്തിനു പകരം അവിടത്തെ രാജാവിൽ ഭീതിയും അസ്വസ്ഥതയും ജനിപ്പിച്ചു.

വേദഗ്രന്ഥം നിറയെ ദൈവത്തിന് പ്രീതികരമായത് മാത്രം തെരഞ്ഞെടുത്ത ജ്ഞാനികളാണ്, കിഴക്കു നിന്നെത്തിയ ജ്ഞാനികളെപോലെ. ലോകം മുഴുവൻ പാപസുഖത്തിൽ മുഴുകി ജീവിച്ചപ്പോൾ വരാനിരിക്കുന്ന പ്രളയത്തെ അതിജീവിക്കാൻ പെട്ടകം പണിത നോഹ ജ്ഞാനിയായിരുന്നു. അഗ്നി മഴ പെയ്യും മുമ്പ് സോദോം വിട്ടിറങ്ങിയ ലോത്ത് ജ്ഞാനിയായിരുന്നു. തിരിഞ്ഞു നോക്കി ഉപ്പു തൂണായത് അവന്റെ ഭാര്യയാണ്. ഓർഫാ മാതൃഭവനത്തിലേക്ക് മടങ്ങിയപ്പോൾ സ്വജനത്തെയും മൊവാമ്പ് ദേശത്തേയും വിട്ട് നവോമിയെ അനുഗമിച്ച റൂത്തിന് ജ്ഞാനമുണ്ടായിരുന്നു. അങ്ങനെയാണവൾ ക്രിസ്തുവിന്റെ പൂർവ്വമാതാവാകുന്നത്. മണവാളന്റെ വരവിനുവേണ്ടി വിളക്കിനൊപ്പം എണ്ണയും കരുതിവച്ചവരാണ് വിവേകമതികളായ കന്യകകൾ എന്ന വർണ്ണനയ്ക്ക് യോഗ്യരായവർ. എണ്ണ വാങ്ങാൻ പോയവർ വിവേകരഹിതകളായി പുറന്തള്ളപ്പെടുന്നുമുണ്ട്. കുരിശിൽ പോലും ജ്ഞാനിയായ കള്ളനുണ്ട്. ലോക സുഖങ്ങളിലേക്ക് മടങ്ങി പോകാനാശിച്ച് ക്രിസ്തുവിനെ ശപിച്ചവനല്ല, പറുദീസയിലേക്കുള്ള മാർഗ്ഗം കണ്ടെത്തിയ വലത്തുവശത്തിരിക്കുന്ന നല്ല കള്ളൻ.

കാലിത്തൊഴുത്തിലെ ഉണ്ണിയെ ആരാധിക്കാൻ നക്ഷത്രവെട്ടത്തിലെത്തിയ പരദേശികളെ ജ്ഞാനികളെന്നാണ് വിളിക്കുന്നത്. സ്വനാടും വീടും ഉപേക്ഷിച്ചവർ ബെ



ത്‌ലഹേമിലെ കാലിത്തൊഴുത്തിലെത്തിയത് രക്ഷകനെ കാണാനായിരുന്നു. ജീവിതത്തിൽ ഏറ്റവും ജ്ഞാനത്തോടെ ഒരാളെടുക്കുന്ന തീരുമാനം ക്രിസ്തുവിലേക്ക് കടന്നു വരുന്ന നിമിഷമായിരിക്കും. The wisest people in our world are those people who are willing to forsake everything and simply fall down at His feet and adore Him.

അപ്പോൾ ദൈവത്തിൽ നിന്ന കന്ന് ആത്മാവിനെ മറന്ന് നശ്വരവസ്തുക്കൾക്കു വേണ്ടി വ്യാകുലപ്പെടുന്നവരാണ് ഭോഷൻമാർ. പുതിയ കളപ്പുര പണിത് വിളവ് ശേഖരിച്ച് ശിഷ്ടകാലം ആസ്വദിക്കാൻ ആഗ്രഹിച്ച അവനെ ക്രിസ്തു ഭോഷനായ ധനവാനെന്നാണ് വിളിച്ചത്.

ഒരുപാട് സാദ്ധ്യതകളിൽ നിന്നും ഏറ്റവും ശ്രേഷ്ഠമായത് മാത്രം തെരഞ്ഞെടുക്കാവാനുള്ള വെളിച്ചമാണ് ജ്ഞാനം. മനുഷ്യർക്ക് അതിപ്പോൾ കുറഞ്ഞുവരികയാണ്. സോളമന് അതുണ്ടായിരുന്നു. മുഖ്യപൂജ്യഗിരിയായ ഗിബിയോനിൽ വച്ച് ഒരു രാത്രിയിലെ സ്വപ്നദർശനത്തിൽ ദൈവമരുൾ ചെയ്തു; നിനക്കെന്തു വേണമെന്ന് പറഞ്ഞുകൊള്ളുക. ദീർഘായുസ്സ്, സമ്പത്ത്, ശത്രുസംഹാരം അങ്ങനെ പല സാധ്യതകളും ഉണ്ടായിരുന്നു. സോളമൻ വിനീതനായി അഭ്യർഥിച്ചു. നന്മതിന്മകൾ തിരിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ദാസനു നൽകേണമേ. ഏറ്റവും ഉചിതമായത് ചോദിച്ചതു കൊണ്ട് ദൈവം ചോദിക്കാത്തതു കൂടി സ്വന്തമായി കൊടുക്കുന്നു.

ഒരുപാട് കാര്യങ്ങളെക്കുറിച്ച് വ്യാകുലചിത്തരായി നമ്മൾ വല്ലാതെ മാർത്തായെ അനുകരിക്കുകയാണ്. അപ്രധാന കാര്യങ്ങളിലാണ് മുഴുവൻ ശ്രദ്ധ. ക്രിസ്തുവിന്റെ പാദാന്തികത്തിൽ ഇരുന്ന് വചനം ശ്രവിച്ച് ഏറ്റവും നല്ലത് മാത്രം തെരഞ്ഞെടുത്ത മേരിയുടെ ജ്ഞാനത്തിനുവേണ്ടിയാണ് ഇനി പ്രാർത്ഥിക്കേണ്ടത്.

വൃദ്ധരായ മൂന്ന് യാത്രികർ വൃക്ഷച്ചുവട്ടിൽ തളർന്നിരിക്കുന്നത് കണ്ട് ഒരമ്മ ചോദിച്ചു ആഗ്രഹമുണ്ടെങ്കിൽ ഇന്ന് രാത്രി നിങ്ങൾക്കെന്റെ വീട്ടിൽ വിശ്രമിക്കാം. അവർ മൂന്നു പേർക്കും ഒരുമിച്ച് വീട്ടിലേക്ക് വരാൻ സാധിക്കില്ലായിരുന്നു. ആരെങ്കിലും ഒരാളെ മാത്രം തെരഞ്ഞെടുക്കാൻ അവർ ആവശ്യപ്പെട്ടു. എന്നിട്ടവർ സ്വയം പരിചയപ്പെടുത്തി. 'എന്റെ പേര് ധനം (Wealth), ഇത് വിജയം (Success), മൂന്നാമെത്തയാൾ സ്നേഹം (Love).' അത്ഭുതപ്പെട്ടു നിന്ന അമ്മയോട് അവർ ഓർമ്മിപ്പിച്ചു. നിങ്ങൾ ഭർത്താവിനോട് ചോദിച്ചു തീരുമാനിച്ചാൽ മതി. വീട്ടിലെത്തിയ അവളോട് ഭർത്താവ് പറഞ്ഞു: 'ധനത്തോട് അതിഥിയായി വരാൻ പറയുക. എങ്കിൽ നമുക്കിനി സമ്പൽസമൃദ്ധിയിൽ ജീവിക്കാം.' ആ അമ്മയെ സംബന്ധിച്ചിടത്തോളം വിജയമായിരുന്നു കൂടുതൽ സ്വീകാര്യം. 'അപ്പോൾ ആരും നമ്മെ തോൽപ്പിക്കില്ല, അവർ വാദിച്ചു.' ഇത് കേട്ട് മകൾ ഇടപെട്ടു.

'എന്തുകൊണ്ട് സ്നേഹത്തെ അതിഥയായി സ്വീകരിച്ചുകൂടാ? പരസ്പരം സ്നേഹത്തോടെ ഒരു ദിവസമെങ്കിലും കഴിയുന്നതല്ലേ ധനത്തേക്കാളും വിജയത്തേക്കാളും സൗഭാഗ്യകരം.' ചെറിയൊരു വാദപ്രതിവാദത്തിനു ശേഷം അവർ മകളുടെ വാക്കുകൾ അംഗീകരിച്ചു. അമ്മ തിരികെ വന്നു മൂന്നു യാത്രികരോടു പറഞ്ഞു. 'ഞങ്ങൾക്ക് അതിഥിയായി സ്നേഹം മതി.' ഉടനെ സ്നേഹം അവരോടു നടന്നു നീങ്ങി.

പക്ഷേ അമ്മയെ അതിശയിപ്പിച്ചു കൊണ്ട് മറ്റ് രണ്ടു പേരും അവരെ അനുഗമിച്ചു. അമ്മ ചോദിച്ചു: 'ഒരാൾക്കു മാത്രമല്ലേ എന്നോടൊപ്പം വരാൻ സാധിക്കൂ.' പുഞ്ചിരിച്ചു കൊണ്ട് അവർ പറഞ്ഞു. 'നിങ്ങൾ ധനത്തെയോ വിജയത്തെയോ ക്ഷണിച്ചിരുന്നുവെങ്കിൽ അങ്ങനെ സംഭവിക്കുമായിരുന്നു. പക്ഷേ, ഇപ്പോൾ ഞങ്ങൾ നിസ്സഹയരാണ്. സ്നേഹം എവിടെയൊക്കെയോ സ്വീകരിക്കപ്പെടുന്നുവോ അവിടേയ്ക്ക് ഞങ്ങൾക്ക് കടന്നു വരാതിരിക്കാനാവില്ല.'

ജീവിതം ഒരുപാട് തെരഞ്ഞെടുപ്പുകൾക്ക് അവസരം തരും. ഭോഷന്മാർ അപ്രധാനമായതിന്റെ പിന്നാലെ പോയി ജീവിതത്തെ വിലകുറച്ച് കാണിക്കും. ലോകത്തിന്റെ അറിവിന്റേയും സുഖത്തിന്റേയും പിന്നാലെ പോയ ഭോഷനായ ഒരു ചെറുപ്പക്കാരനെ ഓർമ്മിപ്പിക്കുന്നു അഗസ്റ്റിൻ. ഇരുപതാം വയസ്സിൽ പ്രസംഗകലയും തത്വശാസ്ത്രവും തർക്കശാസ്ത്രവും സ്വായത്തമാക്കിവയൻ. അമ്മ മോനിക്കയുടെ സദുപദേശത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി മിലാനിലേക്ക് കപ്പൽ കയറിയവൻ. യാദൃശ്ചികമായി ബിഷപ്പ് അബ്രോസിന്റെ പ്രസംഗം കേട്ട് ആത്മീയ വെളിച്ചത്തിലേക്ക് കടന്നുവന്നവൻ. ഒടുവിലവൻ കുമ്പസാരമെന്ന ആത്മകഥയിലെഴുതി. ഇത്ര പുരാതനവും ഇത്ര നവീനവുമായ സൗന്ദര്യമേ നിന്നെ സ്നേഹിക്കാൻ ഞാനെത്ര വൈകി! വൈകിയാണെങ്കിലും ഒടുവിലവൻ ജ്ഞാനമാർഗ്ഗത്തിലെത്തി.

ദൈവദൃഷ്ടിയിൽ കൂടുതൽ നല്ലത് തെരഞ്ഞെടുക്കാനുള്ള കൃപയാണ് ജ്ഞാനം. അതുകൊണ്ടു തന്നെ സോളമനെപ്പോലെ ഇപ്പോഴെന്റെ എളിയ പ്രാർത്ഥനയും ഈ ജ്ഞാനപ്രാപ്തിക്കു വേണ്ടി തന്നെ. ■

കർത്താവിന്റെ ജ്ഞാനസ്നാന തിരുനാൾ (ജനുവരി 12)

നീർച്ചാലുകൾ

ഫാ. ഡൈസൻ

# പുതിയ മനുഷ്യനാകൂ !

ഏശ. 42: 1-4, 6-7 | അപ്പോ. 10: 34-38 | മത്താ. 3: 13-17

ഒരുവൻ ക്രൈസ്തവനാകുന്നത് ജ്ഞാനസ്നാനമെന്ന കൂദാശയിലൂടെയാണ്. അതുകൊണ്ടാണ് ജ്ഞാനസ്നാനമെന്ന കൂദാശയെ ക്രൈസ്തവ ജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവുമെന്ന് വിളിക്കുന്നത്. ഈ കൂദാശ സ്വീകരണത്തിലൂടെ മറ്റു കൂദാശകൾ സ്വീകരക്കാനുള്ള യോഗ്യതയും അർഹതയും ഒരു വ്യക്തിക്ക് സംലഭ്യമാകുന്ന കാരണത്താൽ ഇതിനെ കൂദാശകളുടെ കവാടമെന്ന് വിളിക്കപ്പെടുന്നു. ജ്ഞാനസ്നാനത്തെ കുറിച്ച് ഏറ്റവും ഹൃദ്യമായി സഭാപിതാവായ വി.ഗ്രിഗറി നസിയാൻസ് ഇങ്ങനെ കുറിക്കുന്നു:

മാമ്മോദീസ ദൈവത്തിന്റെ ഏറ്റവും മനോഹരവും ഉജ്ജ്വലവുമായ ഒരു ദാനമാണ്. നാമിതിനെ ദാനം, കൃപ, ലേപനം, ജ്ഞാനസ്നാനം, അമർത്യതയുടെ വസ്ത്രം, പുനർ ജനനത്തിന്റെ സ്നാനം, മുദ്ര, എന്നിങ്ങനെയെല്ലാം വിളിക്കുന്നു. ഇതൊരു ദാനമാണെന്നു പറയാൻ കാരണം, മനുഷ്യന്റെ പ്രവൃത്തികൾക്കനുസൃതമായിട്ടല്ല, അവിടുത്തെ ഔദാര്യമായിട്ടാണ് ഇതു നല്കപ്പെടുക എന്നതാണ്. ഇതൊരു കൃപയാണ്; എന്തെന്നാൽ ഇതു പാപികൾക്കുപോലും നല്കപ്പെടുന്നു. പാപം ജലത്തിൽ സംസ്കരിക്കപ്പെടുന്നതിനാൽ ഇതു മാമ്മോദീസയാണ്. രാജകീയ പൗരോഹിത്യപരമായതിനാൽ ഇത് അഭിഷേകവുമാണ്. ഇതു പ്രകാശം ചൊരിയുന്നതിനാൽ ജ്ഞാനസ്നാനമാണ്. നമ്മുടെ ലജ്ജയെ ആവരണം ചെയ്യുന്നതിനാൽ ഇത് അമർത്യതയുടെ വസ്ത്രമാണ്. നമ്മെ കഴുകുന്നതിനാൽ ഇത് അമർത്യതയുടെ വസ്ത്രമാണ്. നമ്മെ കഴുകുന്നതിനാൽ ഇതു സ്നാനമാണ്. ദൈവത്തിന്റെ കർത്തൃത്വത്തിന്റെയും സംരക്ഷണത്തിന്റെയും മുദ്രയുമാണിത് .

## 1. ജ്ഞാനസ്നാനം രണ്ടാം ജനനം

ജലത്താലും പരിശുദ്ധാരൂപിയാലുമുള്ള രണ്ടാം ജനനമാണ്, പുനർ ജനനമാണ് ജ്ഞാനസ്നാനം (യോഹ 3:5). രണ്ടാം ജനനത്തിലൂടെ നാം പുതിയ സൃഷ്ടികളായി മാറുകയാണ്. പൗലോസ് അപ്പോസ്തലൻ പറയുന്നു: പഴയതു കടന്നു പോയി. ഇതാ, പുതിയതു വന്നു കഴിഞ്ഞു (2 കൊറി 5:17).

ഹൈന്ദവ പുരാണത്തിന്റെ കാതലെന്ന് വിശേഷിപ്പിക്കാവുന്ന സൃഷ്ടികർമ്മത്തിൽ ബ്രാഹ്മണന്റെ ജന്മം ബ്രഹ്മാവിന്റെ ശിരസ്സിൽ നിന്നാണ്. ബ്രാഹ്മണന് രണ്ടുതരം ജന്മങ്ങളുണ്ട്. ഒന്ന് അമ്മയുടെ ഉദരത്തിൽ നിന്നുമുള്ള സ്വാഭാവിക ജനനം. രണ്ടാമത്തെ ജന്മം പ്രാർത്ഥനയുടെ പുണ്യസ്നാനം കഴിഞ്ഞ് ഇരട്ടപ്പിരിയുള്ള പൂണൂൽ ദേഹത്തു ചുറ്റുമ്പോൾ അവൻ പുതുജന്മം ലഭിച്ച ബ്രാഹ്മണനാകുന്നു. ഒരു മുസ്ലീമിനും രണ്ടു ജന്മങ്ങളുണ്ട്. സ്വാഭവിക ജനനം കൂടാതെ, പരിച്ഛേദനകർമ്മം വഴി ദൈവത്തിന് സമർപ്പിതനാകുമ്പോൾ അവൻ മറ്റൊരു മനുഷ്യനാകുന്നു.

ഒരു ക്രൈസ്തവനും രണ്ട് ജന്മങ്ങളുണ്ട്. ഒന്നാമത്തെ ജന്മമെന്നുള്ളത് ശാരീരിക ജന്മം. രണ്ടാമത്തെ ജന്മം ജ്ഞാനസ്നാനവേളയിൽ ആത്മാവിനാലും ജലത്താലും സംഭവിക്കുന്ന പുതിയൊരു ജന്മം. ജ്ഞാനസ്നാനം ആത്മാവിനെക്കൊണ്ട് നിറയുവാനുള്ള സുവർണ്ണാവസരമാണ്. ആകാശം പിളരുകയും സ്വർഗ്ഗം തുറക്കുകയും ആത്മാവ് അർത്ഥിയുടെ മേൽ ആവസിക്കുകയും ചെയ്യുന്ന അനർഘ നിമിഷമാണ്. ജ്ഞാനസ്നാനം വഴിയുള്ള രണ്ടാമത്തെ ജന്മത്തിൽ പാപം നിറഞ്ഞ പഴയ മനുഷ്യൻ നശിപ്പിക്കപ്പെടുകയും ഒരു പുതിയ മനുഷ്യൻ സംജാതനാകുകയും ചെയ്യുന്നു.

അർത്ഥി ജ്ഞാനസ്നാനജലത്തിൽ മുങ്ങുമ്പോൾ പാപത്തിന്റെ പഴയ മനുഷ്യനെ ജലത്തിന്റെ അഗാധതയിൽ തള്ളുന്നു. അങ്ങനെ പഴയ മനുഷ്യനെ അർത്ഥി തന്നിൽ നിന്നും പൊളിച്ചുമാറ്റി പുതിയ മനുഷ്യനായി രൂപാന്തരപ്പെടുന്നു. അവൻ ജലത്തിന്റെ ആഴങ്ങളിൽനിന്ന് പുതിയ മനുഷ്യനായി മുകളിൽ തിരികെ വരുന്നു.

രണ്ടാം ജനനം സ്വീകരിക്കുന്നത് യേ



പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ആളുകളെയും ഈ ലോകത്തിന് വെളിപ്പെടുന്ന ദിനമാണ് കർത്താവിന്റെ ജ്ഞാനസ്നാന തിരുനാൾ. മനുഷ്യന്റെ ആദ്യപാപത്താൽ അടക്കപ്പെട്ട സ്വർഗ്ഗം (ഉൽപത്തി 3:23.24) തുറക്കപ്പെടുന്നത് യേശുവിന്റെ ജ്ഞാനസ്നാനത്തോടെയാണ് (മത്താ 3:16).

ശുവിന്റെ നാമത്തിലായതുകൊണ്ട് നാം യേശുവിനു സ്വന്തമായി മാറുന്നു. അവന്റെ മുദ്രയുള്ളവരായി തീരുന്നു (2 കൊറി 1:22). അതുകൊണ്ടാണ് കാർമ്മികൻ അർത്ഥിയുടെ മേൽ കുരിശടയാളം വരയ്ക്കുന്നത്. അതിലൂടെ നാം പൂർണ്ണമായും, മുഴുവനായും ക്രിസ്തുവിന്റെ ഉടമകളായി തീരുന്നു. വചനം പറയുന്നു: നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു. മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. അതിനാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ് (റോമ 14:8). വി.തിയോഡോർ പറയുന്നു: ക്രിസ്തുവിൽ വീണ്ടും ജനിക്കുന്ന പുതിയ മനുഷ്യന് ജ്ഞാനസ്നാന ജലം ശവകുടീരവും ഗർഭപാത്രവും ആണ്. ജ്ഞാനസ്നാന ജലത്തിന്റെ അഗാതതയിൽ പഴയ മനുഷ്യൻ മരിക്കുകയും പുതിയ മനുഷ്യൻ ഉദയം ചെയ്യുകയും ചെയ്യുന്നു. രണ്ടാം ജനനത്തിലൂടെ ഉത്ഭവ പാപത്തിൽ നിന്നും വ്യക്തിപരമായ എല്ലാ പാപങ്ങളിൽ നിന്നും ദൈവം നമ്മെ സ്വതന്ത്രരാക്കുന്നു. മർത്യരായ നമ്മൾ അമർത്യരായി മാറുന്നു. കൽക്കരി വൈഡൂര്യമാകുന്ന പോലെ, വെറും കളിമൺ സൃഷ്ടികളായ നമ്മൾ ആത്മീയ രത്നങ്ങളായി മാറുന്നു.

## 2. ജ്ഞാനസ്നാനം സഭാപ്രവേശന കൂദാശ

ജ്ഞാനസ്നാനം എന്ന അനുഷ്ഠാനം വഴി പുതുജീവൻ പ്രാപിക്കുന്ന ഒരുവൻ തിരുസ്സഭയിൽ അംഗമായി മാറുന്നു. പ്രാചീന ഗോത്രങ്ങളിലും മതങ്ങളിലും മതപരമായ സംഘടനകളിലും അംഗമാകുന്നതിന് ജ്ഞാനസ്നാനം പോലുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തേണ്ടിയിരുന്നു. പ്രാചീന റോമാക്കാർ തങ്ങളുടെ യുവത്തിടമ്പുകളെ പുരുഷ പ്രാപ്തിയുടെ വസ്ത്രം ധരിപ്പിക്കുക വഴി അവരുടെ സമൂഹത്തിലെ അംഗമായി അംഗീകരിക്കുന്നു. ആറുവയസ്സായ ബ്രാഹ്മണകുഞ്ഞിനെ പൂണൂൽ ധരിപ്പിക്കുക വഴി ബ്രാഹ്മിൻ സമൂഹത്തിലെ അംഗമാക്കുന്നു. അതുപോലെ ഒരുവൻ ക്രിസ്തുമതത്തിലെ ഔദ്യോഗിക അംഗമാകുന്നത് ജ്ഞാനസ്നാനം എന്ന പ്രാരംഭകൂദാശ വഴിയാണ്.

പരിഛേദനം യഹൂദന് ദൈവാലായ പ്രവേശനത്തിന് അർഹത നല്കുന്നതു പോലെ ജ്ഞാനസ്നാനം ദൈവത്തിന്റെ ആലയമായ സഭയിൽ ക്രിസ്തിയാനിക്ക് പ്രവേശനം നല്കുന്നു. ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ സഭാപ്രവേശനത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു: ജീവിതത്തിലോ, മരണത്തിലോ ഒരിക്കലും ഉപേക്ഷിക്കാത്ത സുഹൃത്തുക്കളുടെ സമൂഹത്തിലേക്ക് മാമ്മോദീസാവഴി ശിശു പ്രവേശിപ്പിക്കപ്പെടുന്നു... ഇപ്പോൾ ശിശുവിനു പ്രവേശനം ലഭിച്ചിരിക്കുന്ന ഈ സുഹൃദ് സമൂഹം ഈ ദൈവകുടുംബം, എപ്പോഴും അവനോടൊപ്പം സഞ്ചരിക്കും. സഹനങ്ങളിൽപ്പോലും ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽപ്പോലും അങ്ങനെ ചെയ്യും. അത് അവന് ആശ്വാസവും സ്വസ്ഥതയും പ്രകാശവും നല്കും.

## 3. ജ്ഞാനസ്നാനം പാപികളുടെ മോചനം

ജ്ഞാനസ്നാനം പാപികൾക്കുള്ള കർമ്മമാണെങ്കിൽ ഒരു പാപവും ചെയ്യാത്ത യേശു എന്തിന് ജ്ഞാനസ്നാനം സ്വീകരിക്കണം? പാപക്കറയില്ലാത്ത ദൈവത്തിന്റെ കുഞ്ഞാടായ യേശു എന്തുകൊണ്ട് മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും ജ്ഞാനസ്നാനം സ്വീകരിക്കണം? പുരോഹിതൻ ബലിമൃഗത്തെ പാപപരിഹാരബലിയായി അർപ്പിക്കുന്നത് ബലിമൃഗത്തിന്റെ പാപം ഇല്ലാതാക്കാനല്ല, പാപം ചെയ്ത മനുഷ്യന്റെ പാപം ഇല്ലാതാക്കാനാണ്. യേശുവും ദൈവത്താൽ പാപപരിഹാരബലിക്കുവേണ്ടി നിശ്ചയിക്കപ്പെട്ട ബലിമൃഗമായ ആട്ടിൻകുട്ടിയാണ്. ആരാധകൻ ബലിമൃഗത്തിന്റെ പുറത്ത് കൈകൾവച്ച് പാപമെല്ലാം അതിനെ കെട്ടിയേല്പിക്കുന്നു. അവൻ ബലിമൃഗത്തിന്റെ തലയിൽ കൈവയ്ക്കണം. അത് അവന്റെ പാപങ്ങളുടെ പരിഹാരത്തിനായി സ്വീകരിക്കപ്പെടും (ലേവ്യ 1:4). യേശുവാകുന്ന ബലിമൃഗത്തിന്റെ മേൽ ലോകത്തിന്റെ പാപമെല്ലാം കെട്ടിയേല്പിക്കപ്പെട്ടു. അതുകൊണ്ടാണ് ദിവ്യബലിയിൽ നാം ഇങ്ങനെ പറയുന്നത് ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപം നീക്കുന്നവൻ .

ലോകത്തിന്റെ പാപം സ്വന്തം ചുമലിൽ ഏറ്റെടുത്ത യേശു പാപിയല്ല. കാരണം പാപം അവനറിയില്ലായിരുന്നു. അതുകൊണ്ട് ഹെബ്രായരുടെ പുസ്തകം പറയുന്നു. 'പിന്നെയോ, അവൻ ഒരിക്കലും പാപം ചെയ്തിട്ടില്ല' (ഹെബ്രാ 4:15). വീണ്ടും ഹെബ്രായരുടെ പുസ്തകം പറയുന്നു. 'പരിശുദ്ധനും ദോഷരഹിതനും നിഷ്ക്കളങ്കനും പാപികളിൽനിന്നു വേർതിരിക്കപ്പെട്ടവനും സ്വർഗ്ഗത്തിന്മേൽ ഉയർത്തപ്പെട്ടവനുമാണ് അവൻ' (ഹെബ്രാ 7:26). ഒരു പാപവും ചെയ്യാത്ത യേശു യോഹന്നാന്റെ ജ്ഞാനസ്നാനം സ്വീകരിക്കുക വഴി നമ്മെ എന്താണ് പഠിപ്പിക്കുക?

യോഹന്നാന്റെ ജ്ഞാനസ്നാനം സ്വീകരിക്കുക വഴി യേശു പാപിയാണെന്ന് ഏറ്റുപറയുകയല്ല ചെയ്തത്. നേരെമറിച്ച് ലോകത്തിന്റെ പാപങ്ങൾ സ്വന്തം ചുമലിൽ ഏറ്റെടുക്കുക വഴി യേശു പാപികളായ മനുഷ്യരുമായി താദാത്മ്യം പ്രാപിച്ചു. പാപികളായ മനുഷ്യരുമായി ഒന്നായതു കാരണം പാപികൾക്കുവേണ്ടിയുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം യേശു യോഹന്നാനിൽ നിന്നും സ്വീകരിക്കുന്നു. യേശു സ്വന്തം പാപം നീക്കാനല്ല, ലോകത്തിന്റെ മുഴുവൻ പാപം നീക്കാനാണ് യോഹന്നാനിൽനിന്ന് ജ്ഞാനസ്നാനം സ്വീകരിക്കുന്നത്. കാരണം യേശുവിൽ ഒരു പാപവും ഇല്ലായിരുന്നു.

പരിശുദ്ധ ത്രിത്വത്തിലെ മൂന്നു ആളുകളെയും ഈ ലോകത്തിന് വെളിപ്പെടുന്ന ദിനമാണ് കർത്താവിന്റെ ജ്ഞാനസ്നാന തിരുനാൾ. മനുഷ്യന്റെ ആദ്യപാപത്താൽ അടക്കപ്പെട്ട സ്വർഗ്ഗം (ഉൽപ്പത്തി 3:23.24) തുറക്കപ്പെടുന്നത് യേശുവിന്റെ ജ്ഞാനസ്നാനത്തോടെയാണ് (മത്താ 3:16). തുറക്കപ്പെട്ട സ്വർഗ്ഗത്തിൽ നിന്ന് പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെമേൽ ഇറങ്ങി വന്നു. ആദിയിൽ ജലത്തിന്റെ മേൽ ചലിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ ചൈതന്യം ആദ്യസൃഷ്ടി നടത്തിയെങ്കിൽ ക്രിസ്തുവിലൂടെ പുതിയ സൃഷ്ടി കർമ്മം ആരംഭിക്കുവാൻ വേണ്ടി പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ മേൽ ആവസിക്കുന്നു. ആത്മാവിന്റെ അഭിഷേകത്തിലൂടെ യേശു മിശിഹായായി ദൗത്യം ആരംഭിക്കുന്നു. ഈ ദൗത്യത്തിന് പിതാവായ ദൈവം അംഗീകാരം നല്കുന്നത് സ്വർഗ്ഗത്തിൽനിന്നുമുണ്ടായ സ്വരത്തിലൂടെയാണ്. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# അവൻ ഞാനല്ല; എന്റെ പിന്നാലെയുണ്ട്

ഏശ. 49: 3. 5-6 | 1 കൊറി. 1: 1-3 | യോഹ. 1:29-34

കാണും മുൻപ്
എത്ര വലിയവരായിരുന്നു നാം പരസ്പരം!
കണ്ടു കഴിഞ്ഞതും ചെറുതായി
മിണ്ടിത്തുടങ്ങിയപ്പോൾ നിസ്സാരരായി
ഇന്ന് ഒന്നിച്ചു നടന്നു തുടങ്ങുമ്പോൾ
കുറഞ്ഞു കുറഞ്ഞ്
ഉണ്ടെന്നു പറയാൻ പറ്റാത്ത
അത്രയും ആയിത്തീരുമോ
നാമന്യോന്യം?
ദൈവം കാണാമറയത്തായത്
എത്രനന്നായി അല്ലേ?

ജീവിത ദർശനങ്ങളെ കാച്ചിക്കുറുക്കുന്ന കവിതകളാണ് വീരാൻ കുട്ടിയുടേത്. മനുഷ്യജീവിതം ബന്ധങ്ങളുടേതാണ് ഈ ബന്ധങ്ങളുടെ ഊഷ്മളത നിലനിർത്തുക എളുപ്പമുള്ള കാര്യമല്ല. പലപ്പോഴും മനുഷ്യർ പഴയ മനുഷ്യരാകില്ല.

ഇസ്രയേലും ദൈവവും തമ്മിലുള്ള ബന്ധത്തെയും ഈ ജൈവികമാനത്തിൽ നിന്നുതന്നെയാണ് ബൈബിൾ കർത്താവ് ദൃശ്യവത്ക്കരിക്കുന്നത്. പ്രണയിതാക്കളുടെ ഇടയിൽ പിണക്കത്തിന് പല കാരണങ്ങൾ ഉണ്ട്. ദൈവം പിണങ്ങുന്നത് പാപത്തിന്റെ പേരിലാണ്. പാപം അവിടന്ന്വച്ചു പൊറുപ്പിക്കില്ല. പാപത്തിൽനിന്നും നിരന്തരം പിന്തിരിപ്പിക്കുന്ന ദൈവത്തെ കാണാം. അല്ലാത്തപ്പോൾ ദൈവം പ്രേമോപാസകനാണ്

എന്റെ സോദരീ, എന്റെ പ്രിയേ,
എന്റെ മാടപ്പിറാവേ, എന്റെ
പൂർണവതീ, തുറന്നുതരുക.
എന്റെ തല തുഷാരബിന്ദുക്കൾകൊണ്ടും
എന്റെ മുടി മഞ്ഞുതുള്ളികൾ
കൊണ്ടും നനഞ്ഞിരിക്കുന്നു (ഉത്ത 5:2)

ഇങ്ങനെ പാടുന്നത് ദൈവത്തിന്റെ കാല്പനികത തന്നെയാണ്. ഇസ്രയേലിനെ ദാസനായി കാണുന്ന ദൈവം അവരിലൂടെ മഹത്വം പ്രാപിക്കാനാണ് ഇഷ്ടപ്പെടുന്നത്. ഇസ്രയേൽക്കാരുടെ ദൈവം എന്നറിയപ്പെടാനാണ് ആഗ്രഹം. എന്തുകൊണ്ട് ഇസ്രയേൽമാത്രം പ്രിയങ്കരരാകുന്നു. യഹോവയിൽ വിശ്വസിക്കുന്നവർ യേശുവിന്റെ രക്തത്താൽ പുതിയ ഇസ്രയേലാകും.



വിപ്രവാസം അടിമത്വം തന്നെയാണ്. യാക്കോബ് ഒരു പുതിയ കുടുംബം വിപ്രവാസകാലത്ത് പടുത്തുയർത്തുമ്പോഴും അവന്റെ ചേതന പൂർവ്വ കുടുംബത്തിനായി തുടിക്കുന്നു.

വിപ്രവാസം അടിമത്വം തന്നെയാണ്. യാക്കോബ് ഒരു പുതിയ കുടുംബം വിപ്രവാസകാലത്ത് പടുത്തുയർത്തുമ്പോഴും അവന്റെ ചേതന പൂർവ്വ കുടുംബത്തിനായി തുടിക്കുന്നു. അപ്പൻ, സഹോദരങ്ങൾ ഇവരിൽ എത്തിച്ചേരാനുള്ള ഹൃദയതാളം. അവന്റെ വേരുകളിലേക്ക് കർത്താവ് അവനെ മടക്കിക്കൊണ്ടുവന്നു. യാക്കോബിന്റെ ഗോത്രങ്ങൾ പിന്നീട് ഉയർത്തപ്പെട്ടത് ചരിത്രം. രക്ഷയുടെ പ്രകാശം അത് ക്രിസ്തുതന്നെയെന്ന് ഏശയ്യ വ്യക്തമാക്കുന്നു.

അപ്പൂപ്പൻ താടി പറക്കുന്നതു കണ്ടിട്ടില്ലേ. കുഞ്ഞിനെ എന്നപോലെ വിത്തിനെ മടിയിൽ വച്ച്. ചിറകുകളില്ല, ആകാശം സ്വന്തമല്ല. എന്നിട്ടും പറക്കുന്നു ഈ വിത്ത് നാളെ എവിടെയെങ്കിലും ഒരു മരമാകും. ഇസ്രയേലിനോടു ദൈവം കാട്ടുന്ന മമതകൾ! സൗഹൃദം അടിസ്ഥാനപരമായി പങ്കാളിത്തമാണ് ' എന്ന് അരിസ്റ്റാട്ടിൽ.

യേശുവിനെ കൃത്യമായി അവതരിപ്പിക്കുന്നുണ്ട് സ്നാപകയോഹന്നാൻ. ക്രിസ്തുവിന്റെ അസ്തിത്വത്തെയാണ് വിവരിക്കുന്നത്.

## ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്

യഹൂദർ നൂറ്റാണ്ടുകളായി പാപപരിഹാരത്തിനായ് ആടുകളെ ബലിയർപ്പിച്ചു പോന്നു. യേശുവും ബലിക്കുള്ള ആടാണ്. ഇസ്രയേലിനു വേണ്ടിമാത്രമല്ല; ലോകത്തിനു മുഴുവനായും ഉള്ളവൻ. വെളിപാടിൽ യോഹന്നാൻ യേശുവിനെ ആടായി വിശേഷിപ്പിക്കുന്നുണ്ട് (വെളി. 5:6, 9:12, 7:17). പെ

സഹാക്കുഞ്ഞാടിനെയാണ് ഉദ്ദേശിക്കുന്നതെന്ന് പണ്ഡിതർ. ആദ്യജാതരെ സംരക്ഷിച്ചതിന്റെ ഓർമ്മയ്ക്കായി ചിന്തുന്നരക്തം. പ്രഭാതത്തിലും സായന്തനത്തിലും ദേവാലയത്തിൽ ബലിയർപ്പിച്ചിരുന്നത് ആടിനെയാണ് (പുറ 29:36–42).

അനേകരുടെ പാപമോചനത്തിനുവേണ്ടി ചിന്തപ്പെടുന്ന കുഞ്ഞാട് എന്ന് ഏശയ്യ (53:7). അബ്രഹാത്തിന് അർപ്പിക്കാൻ കഴിയാതെപോയ പുത്രബലിക്കുപകരം നല്കപ്പെടുന്നതാണ് പുത്രനായ യേശു. പുറപ്പാടിൽ പറയുന്ന പെസഹാക്കുഞ്ഞാടിനെ പാപമോചനത്തിനുവേണ്ടിയുള്ള ബലിയല്ല നല്കുന്നത്; അത് മരണത്തിൽ നിന്ന്, തിന്മയിൽനിന്ന് രക്ഷിക്കാനാണ് അർപ്പിക്കുന്നത്. പിന്നീട് യഹൂദപാരമ്പര്യത്തിൽ കുഞ്ഞാടിന്റെ രക്തത്തിന് വീണ്ടെടുപ്പിന്റെ അർത്ഥം ലഭിച്ചു. ഇസ്രയേലിൽ വിവിധതരത്തിലുള്ള പെസഹാ ആഘോഷങ്ങൾ നടന്നിരുന്നു: സീനായിലെ പെസഹ (സംഖ്യ 9:4–11) കാനായിലെ പെസഹ (ജോഷ 5:10–11) ദൈവാലയ നിർമ്മാണശേഷം സോളമൻ മൂന്ന് വാർഷിക ആഘോഷങ്ങൾ നടത്തി: ഹെസക്കിയായുടെ പെസഹ (2 ദിനവൃത്ത 30)

ജോസിയായുടെ പെസഹ (2 രാജാക്ക 23:21–23)

എസ്രയുടെ പെസഹ (എസ്ര 6:11–22)

1 കൊറി 5:8 ൽ പറയുന്നു: അതിനാൽ അശുദ്ധിയും തിന്മയുമാകുന്ന പഴയ പുളിപ്പുകൊണ്ടല്ല, ആത്മാർത്ഥതയും സത്യവുമാകുന്ന പുളിപ്പില്ലാത്ത അപ്പംകൊണ്ട് നമുക്ക് തിരുനാൾ ആഘോഷിക്കാം. പുളിപ്പില്ലാത്ത ഈ അപ്പം നമുക്ക് കൈമോശം വന്നിരിക്കുന്നു. ആത്മാർത്ഥതയും സത്യവും അസ്തമിച്ചിരിക്കുന്നു. നമ്മുടെ ഭരണാധികാരികൾ നമുക്കായി അധ്വാനിക്കാൻ തയ്യാറല്ല. സത്യം പുളിച്ചുതേട്ടുന്നു. ഭാരതത്തിന്റെ ആത്മാവ് കളങ്കപ്പെടുന്നു. മത അടിസ്ഥാനത്തിൽ വിഭജനം, വർഗീയതയുടെ തേരോട്ടം. ഭരണഘടനയുടെ തലച്ചോർ പിളർക്കപ്പെടുന്നു.

## എന്നെക്കാൾ വലിയവൻ

എളിമപ്പെടുന്ന പ്രവാചകൻ. ആത്മപ്രശംസയില്ല. പിന്നാലെ വരുന്ന യേശുവിനെക്കുറിച്ചാണ് പ്രഭാഷണമെല്ലാം. തനിക്കുമുമ്പേ യേശു ഉണ്ട്. തന്നെക്കാൾ മുമ്പേ ജാതനായവൻ. ഭൂമിയിലെ പ്രായം വച്ചുനോക്കുമ്പോൾ സ്നാപകനാണ് മൂത്തവൻ. യേശുവിന്റെ അനാദികാലത്തെക്കുറിച്ചുള്ള കാര്യം ശരിവയ്ക്കുന്നതാണ് യഹൂദരോടുള്ള യേശുവിന്റെ മറുപടി: അബ്രഹാത്തിനു മുമ്പേ ഞാനുണ്ട് (യോഹ 8:58).

യേശുവിന് നല്കിയ സ്നാനം യോഹന്നാന്റെ ഒരു പരീക്ഷണമായിരുന്നു. സത്യത്തിൽ സ്നാപകയോഹന്നാന് യേശുവിനെ വ്യക്തമായി അറിയില്ല. രക്തബന്ധത്തിന്റെ കാര്യമല്ല, ദൈവപുത്രനാണോ എന്ന കാര്യം. സ്നാനമായിരുന്നു തിരിച്ചറിവിന്റെ അടയാളം. ആത്മാവ് ഇറങ്ങിവരുന്നത് ആരുടെ മേലാണ് അയാളാണ് ദൈവപുത്രൻ. ആത്മാവ് പ്രാവായിത്തന്നെ വന്നിരിക്കാനിടയില്ല. അതൊരു മേഘത്തുണ്ടാകാം. അശരീരിയായ ആത്മാവ് പ്രാവിന്റെ രൂപത്തിൽ കാണപ്പെട്ടു എന്നതത്രേ.

യേശു ദൈവപുത്രനാണെന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നതായി പറയുന്നു. എന്താണ് ആ സാക്ഷ്യം? യേശുവിന്റെ ജ്ഞാനസ്നാനം! സ്നാനം സ്വീകരിച്ചവർക്കെല്ലാം പരിശുദ്ധാത്മാവ് ഇറങ്ങിവന്നില്ല. അത് യേശുവിലാണ് ആവസിച്ചത്.

## കടത്തുവഞ്ചിക്കാരൻ

തടാകക്കരയിൽ ചെറുപ്പം മുതൽ കടത്തുകാരനായി കഴിഞ്ഞ ഒരു വയോധികന് എന്താണ് പറയാനുള്ളത്. ഉമർ അക്ബർ എന്ന വള്ളക്കാരൻ ദാൽതടാകത്തിലെ കടത്തുകാരനാണ്. ദാൽതടാകത്തിനു ചുറ്റുമാണ് ശ്രീനഗർ നിലകൊള്ളുന്നത്. ശ്രീനഗറിന്റെ ജീവനസംസ്കൃതിയിൽ, ഈ തടാകത്തിന്റെ ജലഹൃദയമുണ്ട്. ഉമർ തടാകത്തെക്കുറിച്ചു പറഞ്ഞു: പതിനെട്ടു ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള തടാകം. പരമ്പരാഗതമായ മത്സ്യബന്ധനം നടക്കുന്നുണ്ട്. മഹാസരിത് എന്നൊരു പൗരാണിക നാമം ഇതിനുണ്ട്. ശതധാര എന്നൊരു അരുവിയും ഇവിടെ നിന്ന് ഉറവയെടുക്കുന്നുണ്ട്. സബർവാൻ പർവതസാനുക്കളിൽ നിന്നുള്ള ചില സ്രോതസ്സുകൾ ഈ മഹാസരിത്തിലേക്ക് ഒഴുകിയെത്തുന്നു. ശ്രീനഗറിലെ ഒട്ടേറെ സാധാരണക്കാരുടെ ജീവിതം ദാൽതടാകത്തിലെ ഓളങ്ങൾക്കൊപ്പം അലകൊള്ളുന്നു. നന്നേ ചെറുപ്പത്തിൽ, തടാകത്തിൽ വള്ളം തുഴയാൻ എത്തിയതാണ്. പത്തുവയസ്സുള്ളപ്പോൾ തുടങ്ങി ഇതാ അമ്പതുവർഷങ്ങൾ ഈ വെള്ളത്തിന്റെ നനവിനും ഗന്ധത്തിനുമൊപ്പം പിന്നിട്ടിരിക്കുന്നു. പലപ്പോഴും സൈനിക നീക്കങ്ങൾ നടന്നിരുന്നു. കലാപങ്ങളും സംഘർഷങ്ങളും തണുത്ത ഈ ഭൂമിയെ ചൂടുപിടിപ്പിച്ചു. സഞ്ചാരികളൊഴിഞ്ഞ ദാൽതടാകം ശ്മശാനഭൂമി പോലെത്തോന്നും. കിളികൾ പോലും പറക്കാത്ത ദിനങ്ങൾ, ഒഴിഞ്ഞു കിടക്കുന്ന ഹൗസ് ബോട്ടുകൾ, വാങ്ങാനാളില്ലാതെ പച്ചക്കറിവള്ളങ്ങൾ. സ്നേഹിതാ, കലഹങ്ങളിലൂടെ ആര് എന്താണ് നേടുന്നത്.

വിത്തിലൂടെ തന്നെത്തന്നെ കൊടുത്തുകൊണ്ടേയിരിക്കും മരം, ഒരു വിത്തും പാഴാക്കരുതെന്നാണ് മരം ആഗ്രഹിക്കുന്നത്. പരിശുദ്ധാത്മാവിന്റെ കൃപ സ്വീകരിക്കുന്നവർ ചിറകുമുളച്ചവരെപ്പോലെയാണ്. അവൻ പറക്കണം, സ്നേഹത്തിന്റെ സുവിശേഷ ഇടങ്ങളിലേക്ക്. ജീവന്റെ തുടിപ്പുകൾ നഷ്ടപ്പെട്ടിടത്ത് ജീവൻ നല്കാൻ. ഇരുൾ താഴ്വരകളിലെ വെളിച്ചമാകാൻ.

ഒരു യുവ വ്യക്തിയാൽ താൻ എന്താണ് കാണുന്നതെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നു. അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം പാത തേടുന്ന ഒരാളെ, അവരുടെ രണ്ടു കാലുകളിൽ പറക്കാൻ ആഗ്രഹിക്കുന്ന ഒരാളെ, ലോകത്തെ അഭിമുഖീകരിക്കുകയും ഭൂമിയുടെ ചക്രവാളങ്ങളെ പ്രത്യാശയും വ്യാമോഹവും നിറഞ്ഞ കണ്ണുകളോടുകൂടി നോക്കുകയും ചെയ്യുന്ന ഒരാളെ ഞാൻ കാണുന്നു.... ഒരു ആഫ്രിക്കൻ പഴമൊഴി ഇതാണ് നിങ്ങൾ വേഗത്തിൽ പോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒറ്റയ്ക്കു പോകുക. നിങ്ങൾ ദൂരെപോകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒന്നിച്ചുപോകുക. ക്രിസ്തുവിന്റെ ദൗത്യങ്ങൾ നിർവഹിക്കുവാൻ ഇനിയുമേറെയുണ്ട്. അരക്ഷിതമായ ഈ കാലഘട്ടത്തിൽ വെല്ലുവിളികൾ പുതിയതാണ്. കാലം സമർപ്പിതരെ തേടുന്നു. പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കാൻ തയ്യാറായവരെ. ഒരു മൈൽ കൂടെ നടക്കാൻ ആവശ്യപ്പെടുന്നവനോടൊപ്പം രണ്ടുമൈൽ ദൂരം നടക്കാൻ.

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# ഇനി നീ അലയേണ്ട, അരികിൽ നീ അണഞ്ഞീടു

ഏശ. 9: 1-4 | 1 കൊറി. 1: 10-13, 17 | മത്താ. 4:12-23

യേശുവിന്റെ ജനനവും (1:1 -2:23) പരസ്യ ജീവിതത്തിനുള്ള തയ്യാറെടുപ്പും (3:1-4:11) കഴിഞ്ഞുള്ള അവന്റെ പ്രവർത്തനത്തിന്റെ തുടക്കമാണ്. ഈ ഭാഗം (4:12-22). അതായത് സ്നാപകനിൽ നിന്നുള്ള സ്നാനവും (3:13-17) മരുഭൂമിയിലെ പരീക്ഷണവും (4:1-11) കഴിഞ്ഞാണ് യേശു ദൗത്യം ആരംഭിക്കുന്നതെന്ന് സാരം.

നസറത്തിൽ താമസമാക്കുന്ന യേശു പ്രഘോഷണം ആരംഭിക്കുന്നതും (4:12-17) ആദ്യ ശിഷ്യരെ വിളിക്കുന്നതുമാണ് പ്രമേയം (4:18-22).

ഹോളണ്ടിലെ ഒരു മത്സ്യബന്ധന ഗ്രാമം. കടലിന് ഭ്രാന്ത് പിടിച്ച ഒരു രാത്രി. ഉൾക്കടലിൽ തിരകൾ തട്ടി ഒരു മത്സ്യബന്ധന ബോട്ട് മറിഞ്ഞു. അപകടത്തിൽപ്പെട്ട ബോട്ട് ജോലിക്കാർ തീരത്തേക്ക് രക്ഷാ സന്ദേശം അയച്ചു. (SOS) കരയിലെ രക്ഷാ ബോട്ടിന്റെ തലവൻ സന്നദ്ധ പ്രവർത്തകരുമായി ഉറഞ്ഞു തുള്ളുന്ന തിരമാലകളെ വകഞ്ഞുമറ്റി അപകടം നടന്ന ദിക്കിലേക്ക് പാഞ്ഞു. റാന്തൽ വിളക്കുകൾ തൂക്കി ഗ്രാമീണർ കരയിൽ കാത്തിരുന്നു. ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ കനത്ത മൂടൽ മഞ്ഞിനിടയിലൂടെ രക്ഷാ ബോട്ടിനെ കാണാനായി. സന്തോഷത്തോടെ കരയിൽ കാത്തിരുന്ന ജനങ്ങൾ അവരെ വരവേറ്റു. രക്ഷാ പ്രവർത്തകർ തീർത്തും അവശരായി മണലിൽ വീണു കിടക്കുകയായിരുന്നു. അതിനിടയിൽ ക്യാപ്റ്റൻ പറഞ്ഞു. ഒരാൾ കൂടി കടലിലുണ്ട്. അയാളെ കയറ്റിയിരുന്നുവെങ്കിൽ ബോട്ട് മുങ്ങിപോകുമായിരുന്നു. അതുകൊണ്ട് മറ്റൊരു സംഘം ഉടനെ കടലിലേക്ക് പോകണമെന്ന് ക്യാപ്റ്റൻ അലമുറയിട്ടു പറഞ്ഞു.

ആരുപോകുമെന്ന് എല്ലാവരും തമ്മിൽ തമ്മിൽ നോക്കുമ്പോൾ പതിനാറ് വയസ്സുള്ള ഹാൻസ് എന്ന കുട്ടി രക്ഷാ പ്രവർത്തനത്തിന് പോകാൻ മുന്നോട്ടു വന്നു. ഉടനെ അവന്റെ അമ്മ അവനെ തടഞ്ഞിട്ട് പറഞ്ഞു: മകനെ ദയവായി നീ പോകരുത്. പത്തു വർഷം മുമ്പ് നിന്റെ അപ്പൻ മരിച്ചത് ഒരു കപ്പൽ അപകടത്തിലാണ്. രണ്ടാഴ്ച മുമ്പ് നിന്റെ ചേട്ടൻ ഹോളിനേയും കടലിൽ കാണാതായി. ഇനി നീ മാത്രമാണ് എനിക്ക് തുണ.

ഹാൻസ് പറഞ്ഞു: അമ്മേ, എനിക്ക് പോകേണ്ടിയിരിക്കുന്നു. - എല്ലാവരും പറയുന്നത് എനിക്ക് പോകാൻ സാധ്യമല്ല, മറ്റാരെങ്കിലും പോകട്ടെ എന്നാണെങ്കിലോ? ഹാൻസ് അവന്റെ അമ്മയുടെ കൈയ്യിൽ ചുംബിച്ചു. സന്നദ്ധ സേവകരുടെ കൂടെ കടലിൽ അപ്രത്യക്ഷമായി.

ഒരു മണിക്കൂർ കടന്നുപോയി. അവസാനം മൂടൽ മഞ്ഞ് തുളച്ചുകൊണ്ട് ഒരു അസ്ത്രം പോലെ രക്ഷാ ബോട്ട് കുതിച്ചെത്തി. ബോട്ടിന്റെ അണിയിൽ തന്നെ തല ഉയർത്തിപിടിച്ച് ഹാൻസ് നിൽപുണ്ടായിരുന്നു. കൈകൊണ്ട് ആംഗ്യം കാണിച്ചു ക്യാപ്റ്റൻ വിളിച്ചു ചോദിച്ചു. നഷ്ടപ്പെട്ടുപോയ ആളെ രക്ഷിച്ചോ! സ്വയം നിയന്ത്രിക്കാനാവാതെ കരഞ്ഞുകൊണ്ട് ഉറക്കെ വിളിച്ചു പറഞ്ഞു; അതെ ഞങ്ങൾക്ക് അദ്ദേഹത്തെ കിട്ടി. എന്റെ അമ്മയോടു പറയൂ അതെന്റെ ചേട്ടൻ പോളാണെന്ന് .

സുവിശേഷത്തിൽ ക്രിസ്തുവിന്റെ ആദ്യ നാല് ശിഷ്യന്മാരെ കാണുന്നു. കടലോരത്ത് അവർ മത്രമല്ല വേറെ പലരും വഞ്ചിയിറക്കിയും വല നന്നാക്കിയും തീരത്തിരുന്നു. പക്ഷേ ക്രിസ്തുവിന്റെ വിളിയിൽ എല്ലാം ഉപേക്ഷിച്ചു അവർ പിറകേ ചെന്നു. ക്രിസ്തു ആ തീരത്തു നിന്ന് മറ്റു പലരേയും വിളിച്ചിട്ടുണ്ടാകും പക്ഷേ, സുവിശേഷത്തിൽ ഇടം പിടിച്ചത് വിളി കേട്ടവരുടെ പേരു മാത്രമാണ്. സുവിശേഷത്തിലും ചരിത്രത്തിലും ഇടം പിടിക്കുന്നത് രക്ഷപ്പെടുന്നവരുടെ പേരുകളാണ്.

മൊളോക്കോയിലെ കുഷ്ഠരോഗികൾക്കിടയിൽ ജീവിച്ചു മരിച്ച വിശുദ്ധ ഡാമിയനെക്കുറിച്ച് സാഹിത്യകാരൻ ആർ.എൽ.സ്റ്റിവൻസൺ ഇങ്ങനെ എഴുതി. നാം തോറ്റിടത്ത് മറ്റൊരാൾ ജയിച്ചിരിക്കുന്നു. നാം നോക്കി നിന്നിടത്ത് മറ്റൊരാൾ കയറിച്ചെന്നിരിക്കുന്നു. മനോഹരമായ മണിമാളികയിൽ ഉണ്ടുറങ്ങി നാം തടിച്ച് ചീർത്തപ്പോൾ മറ്റൊരാൾ എല്ലാമിട്ടെറിഞ്ഞ് പോരാടുന്നു.

വസന്തവേളയിൽ ഫലഭൂഷ്ഠമായ മണ്ണിൽ രണ്ടു വിത്തുകൾ അടുത്തടുത്ത് കിടന്നു. ആദ്യത്തെ വിത്ത് ഉടനെ പറഞ്ഞു. എനിക്കു വളരണം. എന്റെ വേരുകൾ ഭൂമിക്കടിയിലേക്ക് ആഴത്തിൽ ഇറങ്ങണം. ഈ മണ്ണിന്റെ തോട് പൊട്ടിച്ച് എനിക്ക് ആകാശത്തേക്ക് വളരണം. സൂര്യനെ കാണണം. ആ വിത്ത് അങ്ങനെ വളർന്നു.

രണ്ടാമത്തെ വിത്ത് ഇങ്ങനെ പറഞ്ഞു. എനിക്ക് പേടിയാവുന്നു. മണ്ണിനടിയിലേക്ക് ഇരുട്ടിൽ എന്തൊക്കെയാണുണ്ടാവുക. മണ്ണിന്റെ ആവരണം പൊട്ടിച്ചാൽ എന്റെ ഇളം നാമ്പുകൾ മുറിഞ്ഞുപോവില്ലേ. എന്റെ ഇലകൾ ഒച്ചു വന്നു തിന്നുകയില്ലേ? എന്റെ പുഷ്പങ്ങൾ വിരിയുമ്പോൾ കൊച്ചുകുട്ടികൾ അതു പറിച്ചെടുക്കില്ലേ? വേണ്ട. എല്ലാം ഭദ്രമാകും വരെ ഞാൻ ഇങ്ങനെ കിടക്കും. ആ വിത്ത് അങ്ങനെ കാത്ത് കിടന്നു. പറമ്പിൽ കൂടി നടന്നു വന്ന ഒരു പിടക്കോഴി രണ്ടാമത്തെ വിത്തിനെ ആഹാരമാക്കി. തുനിഞ്ഞിറങ്ങി വളരാൻ മടികാട്ടുന്ന നമ്മളിൽ ചിലരെ ജീവിതം വെറുതെയങ്ങു വിഴുങ്ങിക്കളയും. ■




# കുമ്പസാരമെന്ന കൂദാശയിൽ പാപമോചനം നിഷേധിക്കാമോ?

തിരുവനന്തപുരം അതിരൂപതയിലെ ഒരു വൈദികനാണ് ഞാൻ. ഒരു ദിവസം ഞങ്ങൾ കുറച്ചുവൈദികരുടെ സംസാര വിഷയം കുമ്പസാരമെന്ന കൂദാശയായിരുന്നു. തനിക്ക് വ്യക്തിവിരോധമുണ്ടായിരുന്ന ഒരു വൈദികൻ ഒരിക്കൽ കുമ്പസാരവേളയിൽ തന്നെ ലൈംഗിക ബന്ധത്തിന് ക്ഷണിച്ചു എന്ന കള്ളക്കഥയുണ്ടാക്കി മേലധികാരിക്ക് പരാതി നൽകിയെന്നും ഇപ്പോൾ അത് തെറ്റെന്ന് തോന്നിയതിനാൽ കുമ്പസാരിക്കുകയാണെന്നും അനന്തപുരി ധ്യാനത്തിനിടെയുള്ള കുമ്പസാരത്തിൽ പറഞ്ഞ സഹോദരിക്ക് പാപമോചനം നൽകിയെന്നും ഞാൻ പങ്കുവച്ചു. ഒരു വൈദികനെതിരെ ലൈംഗികമായ വ്യാജാരോപണം നൽകിയ സഹോദരിക്ക് പാപമോചനം നൽകാമോ എന്ന് ഞാൻ സംശയം ഉയർത്തിയപ്പോൾ വ്യത്യസ്താഭിപ്രായങ്ങളാണ് വൈദികർ പ്രകടിപ്പിച്ചത്. ഇക്കാര്യത്തിൽ സഭയുടെ പഠനമെന്തെങ്കിലുമുണ്ടോ? ഉണ്ടെങ്കിൽ മേൽ വിവരിച്ച സംഭവത്തിൽ പാപമോചനം നൽകിയത് സഭാനുസൃതമാണോ?

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1224, ലത്തീൻസഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 959, എന്നിവ പ്രകാരം കുമ്പസാരമെന്ന കൂദാശ അനുതാപത്തിന്റെയും കാരുണ്യത്തിന്റെയും പാപമോചനത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശയാണ്. കുമ്പസാരിക്കാൻ വരുന്ന വ്യക്തിയെ ആറാം പ്രമാണത്തിനെതിരായ അതായത് ലൈംഗികമായ പാപത്തിലേക്ക് ക്ഷണിക്കാനുള്ള മാർഗമായി കാണുന്നത് അതീവഗുരുതരമായ പാപമാണ്. ആയതിനാൽ CIC 1387 പ്രകാരം കുമ്പസാരിപ്പിക്കുമ്പോഴോ കുമ്പസാര സാഹചര്യത്തിലോ കുമ്പസാരിപ്പിക്കുന്നുവെന്ന വ്യാജേനയോ അനുതാപിയോട് പത്തുകല്പനകളിലെ ആറാം പ്രമാണത്തിനെതിരായി പാപം ചെയ്യാൻ ആവശ്യപ്പെടുന്ന പുരോഹിതനെ, കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത്, സസ്പെൻഷനോ വിലക്കുകളോ നീക്കം ചെയ്യലുകളോ നൽകി ശിക്ഷിക്കേണ്ടതും; കൂടുതൽ ഗൗരവമുള്ള കാര്യങ്ങളിൽ പുരോഹിതനെ ക്ലർജിയുടെ ജീവിതാന്തസ്സിൽ നിന്നും (from clercial status) പുറത്താക്കേണ്ടതുമാണ്. അതുപോലെ CIC 1387– ൽ പറഞ്ഞിരിക്കുന്ന തെറ്റുകൾ കുമ്പസാരക്കാരനെതിരെ വ്യാജമായി ആരോപിക്കുന്നതും ഗുരുതരമായ തെറ്റാണ്. CIC 1390 പ്രകാരം, CIC 1387 – ൽ പറഞ്ഞിരിക്കുന്ന കുറ്റം കുമ്പസാരക്കാരനെതിരെ സഭാപരമായ അധികാരി (സുപ്പീരിയർ) യുടെ മുൻപാകെ വ്യാജാരോപണം നടത്തുന്ന വ്യക്തി സഭാപരമായ ചില അവകാശങ്ങളുടെ മേലുള്ള നിയമപരമായ സ്വാഭാവിക വിലക്കിലാണ്. ക്ലർജിയാണെങ്കിൽ സസ്പെൻഷനും ലഭിക്കുന്നു. കൂടാതെ, ഇത്തരം വ്യക്തികളെ ന്യായമായ ശിക്ഷ നൽകി ശിക്ഷിക്കാവുന്നതും ഉചിതമായ പരിഹാരം ചെയ്യാൻ നിർബന്ധിക്കാവുന്നതുമാണ്.

ആറാം പ്രമാണത്തിനെതിരെ പാപം ചെയ്യാൻ നിഷ്കളങ്കനായ ഒരു കുമ്പസാരക്കാരൻ തന്നെ ക്ഷണിച്ചെന്ന് സഭാപരമായ അധികാരിയുടെ മുൻപിൽ സത്യവിരുദ്ധ ആരോപണം ഉന്നയിച്ച വ്യക്തിയെ കുമ്പസാരിപ്പിക്കുന്ന വൈദികൻ പാലിക്കേണ്ട കാര്യങ്ങൾ പഠിപ്പിക്കുന്നത് CIC 982 -ലാണ്. അതനുസരിച്ച് താഴെ പറയുന്ന രണ്ടു കാര്യങ്ങൾ ഉറപ്പുവരുത്തിയാൽ മാത്രമേ ടി വ്യക്തിക്ക് പാപമോചനം നൽകാവൂ.

1. ആദ്യം സത്യവിരുദ്ധമായ കുറ്റാരോപണം ഔപചാരികമായി പിൻവലിക്കണം. 2. നിഷ്കളങ്കനായ കുമ്പസാരക്കാരന് മാനഹാനി വരുത്തിയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കണം.

ഇനി താങ്കളുടെ സംശയത്തിലേക്ക് വരുന്നു. കുമ്പസാരവേളയിൽ കുമ്പസാരക്കാരൻ തന്നെ ലൈംഗിക ബന്ധത്തിന് ക്ഷണിച്ചു എന്ന വ്യാജാരോപണം ഉന്നയിച്ച് കുമ്പസാരക്കാരനെതിരെ മേലധികാരികൾക്ക് പരാതി നൽകുന്ന സാഹചര്യവും നടപടികളും പാപമോചനവും സംബന്ധിച്ച സഭാപഠനമാണ് CCC 1424, CIC 959, 982, 1387, 1390 എന്നിവ വ്യക്തമാക്കുന്നത്. ടി പാപത്തിന് കുമ്പസാരത്തിലൂടെ പാപമോചനം നേടുന്ന അനുപാതി CIC 982 പ്രകാരമുള്ള രണ്ടു നിബന്ധകളും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ പാപമോചനം നൽകുന്നത് സഭാവിരുദ്ധവും അസാധുവുമാണ്. ■

# വചനജ്വാല

**2020 ഫെബ്രുവരി മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**



# കുർബാന കുടുംബങ്ങൾ

1. **പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം**
2. **സ്വാഗതം: കുടുംബനാഥൻ/നാഥ**
3. **ആമുഖം**

ഞായറാഴ്ചകളിൽ സകുടുംബം വി.കുർബാനയിൽ പങ്കുകൊള്ളുകയും അതിനുശേഷം മാത്രം മറ്റുകാര്യങ്ങളിൽ വ്യാപൃതരാവുകയും ചെയ്യുന്ന കുടുംബങ്ങളെ മെത്രാനായിരുന്ന വി.ഫുൾട്ടൻ ജെ.ഷീൻ വിളിച്ചിരുന്നത് 'കുർബാന കുടുംബങ്ങളെ'ന്നാണ്. വി.കുർബാനയിൽ നിന്നും ഊർജ്ജം സംവഹിച്ച് ജീവിതത്തിന്റെ നിത്യസാഹചര്യങ്ങളിലേക്ക് പോകുന്ന കുർബാനകുടുംബങ്ങളാണോ നമ്മുടെ കുടുംബങ്ങൾ എന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. വി.കുർബാനയും വി.ഗ്രന്ഥവുമാണ് ഓരോ ക്രിസ്തീയ കുടുംബത്തിന്റെയും ശക്തികേന്ദ്രം. എത്രമാത്രം തുറവിയോടെ ആ കുടുംബം ദൈവവചനം ശ്രവിക്കുകയും അതിന് ക്രിയാത്മകമായി പ്രത്യുത്തരം നൽകുകയും ചെയ്യുന്നുവോ അത്രമാത്രം ആ ഭവനം ദൈവത്തോട് അടുത്തിരിക്കും. യേശുവിനോടൊത്ത് ഓരോ നിമിഷവും ചെലവിടുന്ന കുടുംബങ്ങൾക്ക് തങ്ങളുടെ കുടുംബത്തിൽ നടക്കുന്ന അത്ഭുതങ്ങൾ കാണാൻ സാധിക്കും.

കുട്ടികളെക്കുറിച്ചുള്ള പതിവ് പരാതികളായ അനുസരിക്കുന്നില്ല, പഠിക്കുന്നില്ല, കളിയിലാണ് കൂടുതൽ താല്പര്യം എന്ന് പരാതികൾക്ക് പുറമേ പരീക്ഷകളെക്കുറിച്ചുള്ള

ആധിയും കൊണ്ടുവരുന്ന മാസമാണ് ഫെബ്രുവരിമാസം. പഠനത്തെ അർഹിക്കുന്ന ഗൗരവത്തോടെ കാണാൻ കുട്ടികളെ പരിശീലിപ്പിച്ചില്ലെങ്കിൽ കുട്ടികൾക്ക് മാത്രമല്ല, അവരുൾപ്പെടുന്ന കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശരിയായ പുരോഗതിക്ക് തടസം നേരിടുകയും ചെയ്യും. ചിട്ടയോടെ പഠിച്ച് ഒരുങ്ങാത്ത ഒരു കുട്ടിക്കും ആത്മവിശ്വാസത്തോടെ ഒരു പരീക്ഷയേയും നേരിടാനാവില്ല. ഈ അവസരത്തിൽ നമ്മുടെ കുടുംബങ്ങൾ, കുടുംബ കൂട്ടായ്മകൾ വിദ്യാർഥികളോട് യഥാർത്ഥ നീതി പുലർത്തുന്നുണ്ടോ എന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും.

ഓരോ കുടുംബവും ദൈവത്തിന്റെ സ്വപ്നമാണ്. ഭാവിയുടെ താക്കോലുമായാണ് ഓരോ കുഞ്ഞും ജനിക്കുന്നത്. ഈ താക്കോൽ യഥാവിധി ഉപയോഗിക്കുവാൻ, ദൈവം അവനായി/അവൾക്കായി നിശ്ചയിച്ചിരിക്കുന്ന ശോഭനമായ ഭാവിയിലേക്കെത്തിച്ചേരുവാൻ അനുയോജ്യമായ സാഹചര്യങ്ങൾ അവൻ/അവൾ ജീവിക്കുന്ന കുടുംബങ്ങളിൽ, സമൂഹത്തിൽ ലഭിക്കുന്നുണ്ടോ എന്നത് ചിന്തനീയമാണ്. കുടുംബങ്ങളുടെ മാതൃകയായി നിൽക്കുന്ന നസ്രത്തിലെ തിരുകുടുംബത്തിൽ മാംസംധരിച്ച വചനമാണ് തങ്ങളുടെ കുഞ്ഞ് എന്ന് ബോധ്യമുണ്ടായിരുന്നിട്ടും മാതാപിതാക്കൾ എന്ന നിലയിൽ മാനുഷികമായ കർത്തവ്യത്തിൽ ജോസഫും മേരിയും യാതൊരു കുറവും വരുത്തുന്നില്ല. ഓരോ ക്രൈസ്തവ ഭവനങ്ങളിലും ഓരോ ദിനവും നടക്കുന്ന പ്രവർത്തികൾ, കുട്ടികളെ പരിപാലിച്ച് വളർത്തുന്നത് വിശുദ്ധർക്കുള്ള ശുശ്രൂഷയാണ് എന്ന ബോധ്യത്തിലേക്ക് വളരാനായാൽ, നമ്മുടെ ഭവനങ്ങളിൽ നിന്ന് പരിശീലനം ലഭിച്ച് വളരുന്ന കുട്ടികൾ ആത്മീയവും ഭൗതികവുമായി വളർന്ന് സഭയിലും സമൂഹത്തിലും തിളങ്ങുന്ന നക്ഷത്രങ്ങളായ് മാറും. ഈ മാസം നാം വിചിന്തനം ചെയ്യുന്ന വി.പൗലോസപ്പസ്തോലൻ കൊറിന്തോസ്സിലെ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ നിന്ന് ഇതിനുള്ള കൃപ എപ്രകാരം ലഭിക്കുന്നു എന്ന് കാണാവുന്നതാണ്.

## 4. യേശുവിനെ ക്ഷണിക്കൽ

ഒരു കുടുംബം കെട്ടിപ്പടുക്കുക എന്നുവച്ചാൽ ദൈവത്തിന്റെ സ്വപ്നത്തിൽ പങ്കുചേരുകയാണ് എന്ന ബോധ്യത്തോടെ നമുക്കേല്പ്പിച്ചുതന്നിരിക്കുന്ന പുതിയ തലമുറയ്ക്ക് വിശ്വാസവും വെളിച്ചവും നൽകുന്ന, നല്ല മാതാപിതാക്കളായ് കൂട്ടായ്മയായ് മാറാനുള്ള കൃപയാചിച്ചുകൊണ്ട് യേശുവിനെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

**(2 കൊറി. 9, 6–15)**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

## 7. വചനവിചിന്തനം

1. മറ്റുസഭകൾക്ക് സാമ്പത്തികമായ സഹായം എത്തിച്ചുകൊടുക്കുന്നതിനായ് കോറിന്തോസിലുള്ളസഭയെ പ്രചോദിപ്പിക്കാനാണ് വി.പൗലോസ് അപ്പസ്തോലൻ ഈ ലേഖന ഭാഗം ഉപയോഗിക്കുന്നത്.

2. ഓരോ കുടുംബത്തിലും മക്കളുടെ വളർച്ചയ്ക്കുവേണ്ടി മാതാപിതാക്കൾ ചെയ്യുന്ന പ്രവൃത്തികൾ, ത്യാഗങ്ങൾ ക്രിസ്തുവിന്റെ സഭയെ പടുത്തുയർത്തുന്ന പ്രവർത്തനമാണ്.

3. നമുക്കാവശ്യമുള്ളതെല്ലാം സമൃദ്ധമായ് നൽകാൻ കഴിയുന്നവനാണ് ദൈവം. എല്ലാവിധത്തിലും ദൈവം നമ്മെ സന്നദ്ധനാക്കുന്നു.

ദൈവത്തോട് ചേർന്നാണ് മക്കളെ വളർത്തുന്നത് എന്ന ബോധ്യവും ദൈവാശ്രയവും ഉള്ള കുടുംബങ്ങൾക്കേ ദൈവം സമൃദ്ധമായി ചൊരിയുന്ന ഈ ദാനം സ്വീകരിക്കാനാവൂ.

4. ക്രിസ്തുവിന്റെ സുവിശേഷം ശിരസാവഹിക്കുന്നതിന് സഭയോടും കൂദാശകളോടും വചനത്തോടും ചേർന്നുനിൽക്കണം.

– വിശ്വാസ കൈമാറ്റം നടക്കുന്ന പ്രധാന ഇടം കുടുംബമാണ്. വചനത്തോട് തുറവിയുള്ള കുടുംബമാണെങ്കിൽ ഇതെളുപ്പമാണ്. ദൈവഭയമാണ് ജ്ഞാനത്തിന്റെ ഉറവിടം. ജ്ഞാനത്തിൽ ഓരോ കുഞ്ഞും വളർന്നുവരണം.

പ്രായത്തിൽ കുഞ്ഞുങ്ങൾ വളരണം എന്നത് ശരീരത്തിൽ മാത്രമല്ല, ക്രിസ്തുവിൽ വളരാനായ് കുഞ്ഞുമനസ്സുകളിൽ വചനത്തിന്റെ വാതിൽ തുറക്കണം.

ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളരണം. ഓരോ കുഞ്ഞും തനിക്കുതന്നെയും സമൂഹത്തിനും അനുഗ്രഹമായ് വളർന്നുവരണം.

കുടുംബകൂട്ടായ്മയിലെ കുട്ടികളുടെ വളർച്ചയെ തടസപ്പെടുത്തുന്ന, അവരുടെ സ്വപ്നങ്ങളുടെ ചിറകരിയുന്ന എല്ലാ സാമൂഹിക തിന്മകളിൽ നിന്നും, കൂട്ടുകാരിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കേണ്ടത്, ജാഗ്രത പുലർത്തേണ്ടത് ഓരോ വ്യക്തിയുടെയും, കുടുംബത്തിന്റെയും ധർമമാണ്.

## 8. ചർച്ച

വിശ്വാസത്തിൽ അടിയുറച്ച്, ദൈവത്തിൽ നിന്നുള്ള കൃപ സ്വീകരിച്ചാണ് നാം കുഞ്ഞുങ്ങളെ വളർത്തുന്നത് എന്ന ബോധ്യം കുടുംബങ്ങൾക്കുണ്ടോ?

കുഞ്ഞുങ്ങളുടെ ആത്മീയവും ഭൗതികവുമായ വളർച്ച കുടുംബകൂട്ടായ്മയുടെ ഉത്തരവാദിത്തമാണെന്ന നിലയിൽ എന്തെല്ലാം കാര്യങ്ങളിൽ എത്തിക്കാൻ കഴിയും.

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ സ്നേഹവും കരുതലും കൊണ്ട് നമ്മിലോരോരുത്തരും മറ്റുള്ളവരുടെ ജീവിത്തിൽ ഒരടയാളം അവശേഷിപ്പിക്കുന്ന എന്ന ബോധ്യത്തോടെ, നമുക്കേൽപ്പിച്ചുതന്ന കുഞ്ഞുങ്ങളെ വിശുദ്ധിയിലും, മൂല്യങ്ങളിലും വളർത്തി ഉയരങ്ങളിലേക്കെത്തിക്കാൻ, ഈ യാത്രയിൽ നമ്മോടൊത്തുള്ള ദൈവകരങ്ങളെ തിരിച്ചറിയാനായ് നമുക്ക് പ്രാർഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




# ഹോളി സ്പിരിറ്റ് സ്കൂൾ (CBSE)

## പൂങ്കുളം, വെള്ളായണി പി.ഒ.

ദൈവം എല്ലാവരിലും എല്ലാം ആകുന്നതിനുവേണ്ടി സഭയോട് ചേർന്ന് പ്രവർത്തിക്കുകയും, ആദിമ ക്രൈസ്തവ സമൂഹത്തിന്റെ അരൂപിയിൽ സഭയുടെയും ലോകത്തിന്റെയും നവീകരണത്തിനായി നിരന്തരം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സമർപ്പിതരുടെ സമൂഹമാണ് ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അജപാലനം, വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യ സേവനം, കൗൺസിലിംഗ്, കുടുംബ നവീകരണം എന്നീ വിവിധ മേഖലകളിൽ ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുന്നു. തിരുവനന്തപുരം ലാറ്റിൻ അതിരൂപതയിൽ പൂങ്കുളം പ്രദേശത്ത് നാനാജാതി മതസ്ഥരായ ആളുകൾക്കിടയിൽ കഴിഞ്ഞ 29 വർഷമായി ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് തങ്ങളുടെ സേവനം അനുഷ്ഠിക്കുന്നു.

അക്ഷര ലോകത്ത് പിച്ച വച്ച് നടക്കുന്ന കുഞ്ഞു മനസ്സുകളിൽ അറിവിന്റെ വെളിച്ചമേകാൻ പൂങ്കുളം ഫാത്തിമ മാതാ ദൈവാലയത്തോട് ചേർന്ന് കഴിഞ്ഞ 27 വർഷമായി പ്രവർത്തിച്ചു വരുന്ന ഹോളി സ്പിരിറ്റ് സ്കൂൾ ഈ ദേശത്തിന്റെ വികസനത്തിൽ വഹിച്ച പങ്ക് വർണ്ണനാതീതമാണ്. അധ്യാപന രംഗത്ത് മികച്ച സേവനം കാഴ്ചവയ്ക്കുന്ന ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സിന്റെ നേതൃത്വം സ്കൂളിന്റെ വികസനത്തിന് മാറ്റ് കൂട്ടുന്നു. കാലാനുസൃതമായ മാറ്റങ്ങൾ കുരുന്നു മനസ്സുകൾക്ക് പകർന്നു കൊടുക്കുവാനും ആധുനികലോകം വച്ചു നീട്ടുന്ന വെല്ലുവിളികളെ സധൈര്യം നേരിടുവാനും വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന യോഗ്യരും പ്രഗത്ഭരുമായ അധ്യാപകരും ഞങ്ങളുടെ മുതൽ കൂട്ടാണ്.

സ്നേഹം, ജ്ഞാനം, സമാധാനം എന്ന ലക്ഷ്യം മുൻ നിർത്തി കുട്ടികളെ അറിവിന്റെ ലോകത്തിലേക്ക് കൈപിടിച്ചുയർത്തി അവരെ സാമൂഹിക പരിവർത്തനത്തിന്റെ ഭാഗമാക്കുക എന്നത് ഞങ്ങളുടെ പ്രേത്യേകതയാണ്. കുട്ടികളിൽ ദൈവവിശ്വാസവും മൂല്യ ബോധവും വളർത്താൻ സഹായിക്കുന്ന ക്ലാസ്സുകൾ, സെമിനാറുകൾ, പ്രാർത്ഥന ഗ്രൂപ്പുകൾ എല്ലാ പ്രശംസനീയം തന്നെ.

ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ സഹായത്തോടെ ആധുനിക വത്കരിച്ച ക്ലാസ് മുറികൾ, വിശാലവും സുസജ്ജവുമായ ഗ്രന്ഥശാല, നിരന്തരമായ മൂല്യ നിർണ്ണയം പി.റ്റി.എ യോഗങ്ങൾ, വിശാലമായ കളിസ്ഥലം, കലാകായിക രംഗങ്ങളിൽ മികച്ച പരിശീലനം, ഹോളി സ്പിരിറ്റ് എഫ്.എം, കരാട്ടെ, അബാക്കസ്, ചെസ്സ്, ബാൻഡ്, സ്പീഡ് മാത്സ് പരിശീലനം, കുട്ടികൾക്കും, മുതിർന്നവർക്കും കൗൺസിലിംഗ്, പാഠ്യ പാഠ്യേതര വിഷയങ്ങളിൽ സെമിനാറുകൾ, വർക് ഷോപ്പുകൾ ഇതെല്ലാം ഹോളിസ്പിരിറ്റ് സ്കൂളിന്റെ യശസ്സ് ഉയർത്തുന്നു. സി.ബി.എസ്.ഇ 10-ാം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വർഷവും 100 % വിജയം ഹോളി സ്പിരിറ്റിന് തിലകക്കുറിയാണ്.

കുട്ടികളിലെ നേതൃത്വ പാട

വം വളർത്തുന്ന വിവിധ ക്ലബ്ബുകൾ, പാവപ്പെട്ടവർക്കും ആലംബഹീനർക്കും കൈത്താങ്ങാകുവാൻ വിവിധ ഉപവി പ്രവർത്തനങ്ങൾ ഇവയെല്ലാം ഹോളിസ്പീരിറ്റ് സ്കൂളിനെ മറ്റു സ്കൂളുകളിൽ നിന്നും വേറിട്ടു നിർത്തുന്നു. സഹകരണ മനോഭാവമുള്ള പി.റ്റി.എ.യും പൂങ്കൂളം ഫാത്തിമ മാതാ ഇടവകയിൽ കാലാകാലങ്ങളിൽ മാറി വരുന്ന ഇടവക വികാരിമാരും വിശ്വാസ സമൂഹവും ഹോളി സ്പിരിറ്റ് സ്കൂളിന്റെ ശക്തിയാണ്.

റെക്ടർ ബെർണാർഡ് ബെൻഡലിന്റെ 'വിദ്യാഭ്യാസം നിരന്തര പ്രക്രിയ' എന്ന ചിന്ത അന്വർത്ഥമാക്കും വിധം മികച്ച അധ്യായനത്തിലൂടെ നാളത്തെ ഉത്തമ പൗരന്മാരായ കുരുന്നുകളെ അറിവിലുപരി സ്നേഹത്തിലും സാഹോദര്യത്തിലും വളർത്തിയെടുക്കുവാൻ ഞങ്ങൾ ആത്മാർത്ഥമായി പ്രവർത്തിക്കുന്നു. ■















ജെ.സി



# പൗരത്വനിയമത്തിനെതിരെ രാജ്യവ്യാപക പ്രക്ഷോഭം

പാകിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ മുസ്ലീം രാജ്യങ്ങളിൽ മതപീഢനത്തിന് ഇരകളായി 2014 ഡിസംബർ 31 ന് മുൻപ് ഇന്ത്യയിലെത്തുകയും അഞ്ചുവർഷമെങ്കിലും ഇവിടെ താമസിക്കുകയും ചെയ്ത ഹിന്ദു, സിക്ക്, ക്രൈസ്തവ, ബുദ്ധ, ജൈന, പാർസി ന്യൂനപക്ഷവിഭാഗങ്ങൾക്ക് ഇന്ത്യയിൽ പൗരത്വം അനുവദിക്കുന്നതാണ് പൗരത്വ നിയമഭേദഗതി. പേരെടുത്തു പറയാതെ തന്നെ മുസ്ലീം അഭയാർഥികളെ ഇതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ പൗരത്വത്തിന് മതം മാനദണ്ഡമാകുന്നു എന്ന വൈരുദ്ധ്യം ഇന്ത്യൻ ഭരണഘടനയുടെ മൗലിക പ്രമാണമായ സമത്വത്തെ അർഥശൂന്യമാക്കുന്നു. ഇന്ത്യയുടെ മതനിരപേക്ഷ സങ്കൽപ്പത്തെ പൗരത്വനിയമഭേദഗതിയിലൂടെ രായ്ക്കുരാമാനം പാർലമെന്റിൽ മാറ്റിമറിച്ചവർക്കെതിരെ രാജ്യത്തെ യൂണിവേഴ്സിറ്റി കാമ്പസുകളിലും തെരുവുകളിലും യുവജനങ്ങളുടെയും ജനാധിപത്യവിശ്വാസികളുടെയും നീതിബോധം ആളിപടരുകയാണ്. ജനകീയ പ്രക്ഷോഭങ്ങളെ രാജ്യദ്രോഹികളുടെ കലാപമായി ചിത്രീകരിക്കാനും ന്യൂനപക്ഷങ്ങളെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടാനുമുള്ള പ്രത്യാക്രമണത്തിലാണ് ഭരണപക്ഷം. മുത്തലാഖ്, കശ്മീർ എന്നിവയുടെ കാര്യത്തിലെന്നപോലെ മുസ്ലീം വിരുദ്ധത ഉദ്ഘോഷിക്കുന്ന ഹിന്ദു ദേശീയതയുടെ രാഷ്ട്രീയ അധികാര ആവിഷ്കാരമാണ് ഒറ്റയടിക്കുള്ള പൗരത്വ നിയമത്തിന്റെ മാറ്റിയെഴുത്തും ദേശീയ പൗരത്വ പട്ടിക (എൻആർഎസി) രാജ്യവ്യാപകമായി നടപ്പാക്കുമെന്ന ഭീഷണിയും. ബംഗ്ലാദേശിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരെ നാടുകടത്താൻ ലക്ഷ്യമിട്ട് അസമിൽ ബിജെപി ഏറെ പ്രതീക്ഷയോടെ തുടക്കമിട്ട ദേശീയ പൗരത്വ രജിസ്റ്ററിന്റെ അന്തിമപട്ടിക സുപ്രീം കോടതിയുടെ ഇടപെടലോടെ കഴിഞ്ഞ ആഗസ്റ്റിൽ പുറത്തുവന്നപ്പോൾ 19.7 ലക്ഷം ആളുകൾ പൗരത്വമില്ലാത്തവരായി. 40 ലക്ഷത്തോടെ ബംഗ്ലാദേശി മുസ്ലീം നുഴഞ്ഞുകയറ്റക്കാരെ തിരിച്ചറിഞ്ഞ് ആട്ടിപ്പായിക്കാമെന്ന പരസ്യപ്രഖ്യാപനം നടത്തിവന്ന ബിജെപിയെ ഞെട്ടിച്ചത് പൗരത്വം തെളിയിക്കാനുള്ള തിരിച്ചറിയൽ രേഖയൊന്നുമില്ലാതെ അസമിൽ വർഷങ്ങളോളം കഴിഞ്ഞവരിൽ 12 ലക്ഷത്തിലേറെപ്പേർ ബംഗാളി സംസാരിക്കുന്ന ഹിന്ദുക്കളാണെന്ന സ്ഥിരീകരണമാണ്. അസമിൽ എൻആർസി പട്ടികയിൽ നിന്ന് പുറത്തായ മതുവാ മഹാസംഘ് എന്ന പിന്നാക്ക വിഭാഗക്കാർ ഉൾപ്പെടെയുള്ള ബംഗാളി ഹിന്ദുക്കൾക്ക് ഒറ്റയടിക്ക് പൗരത്വം നൽകി അസമിലും പശ്ചിമബംഗാളിലും ബിജെപിയുടെ വോട്ടുബാങ്ക് ഉറപ്പാക്കാനുള്ള തന്ത്രം മെനയുകയായിരുന്നു അമിത്ഷാ.

മതത്തിന്റെ പേരിൽ ജനങ്ങളെ വിഭജിക്കുന്ന ഭരണഘടനാ വിരുദ്ധമായ പൗരത്വനിയമവും എൻആർസിയും തന്റെ ജീവനുള്ള കാലത്തോളം നടപ്പാക്കുകയില്ലെന്ന് ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി പ്രഖ്യാപിച്ചുകഴിഞ്ഞു. രാജ്യം നേരിടുന്ന സാമ്പത്തിക തകർച്ചയുടെയും ഭരണപരമായ വീഴ്ചകളുടെയും ദുരന്തത്തിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാനാവണം അടിയന്തിര പ്രധാനമൊന്നുമില്ലാത്ത അഭയാർഥി പ്രശ്നത്തിന്റെ പേരിൽ ഹിന്ദുത്വ മേൽക്കോയ്മയുടെ വൈകാരിക തരംഗം ഉണർത്താൻ ശ്രമം നടക്കുന്നത്.



കുടുംബപ്രേഷിത ശുശ്രൂഷ
ലത്തീൻ അതിരൂപത തിരുവനന്തപുരം
LATIN MATRIMONIAL
ലത്തീൻ കുടുംബങ്ങളിൽ നിന്നുള്ള വിവാഹ പ്രൊഫൈലുകൾ
സന്ദർശിക്കാനും, മനസ്സിനിണങ്ങിയ ജീവിതപങ്കാളിയെ കണ്ടെത്താനും...
ലാറ്റിൻ മാര്യേജ് ബ്യൂറോയിൽ ഇന്ന് തന്നെ രജിസ്റ്റർ ചെയ്യൂ...
ലോകത്തെവിടെയിരുന്നും രജിസ്റ്റർ ചെയ്യാം.
പ്രൊഫൈലിൽ 5 ഫോട്ടോകൾ ഉൾപ്പെടുത്താം...
പരിധിയില്ലാതെ പ്രൊഫൈലുകൾ സെർച്ച് ചെയ്യാം...
എസ്. എം. എസ് / ഇ മെയിൽ അലർട്ട്
ഓൺലൈൻ പേമെന്റ് സൗകര്യം
ദേശവ്യത്യാസമില്ലാതെ കോർത്തിണക്കിയ പ്രൊഫൈലുകൾ...
REGISTRATION FEE 1500/-
RENEWAL FEE 1000/-
VALIDITY 6 MONTHS
www.latinmatrimonial.com
വിശദ വിവരങ്ങൾക്ക്
കുടുംബപ്രേഷിത ശുശ്രൂഷ
കുടുംബശുശ്രൂഷ കാര്യാലയം
വെള്ളയമ്പലം, തിരുവനന്തപുരം
ഫോൺ: +91471 272 4001, +91 93872 96213
ഇ മെയിൽ: matrimonialrc@gmail.com

Total Page 44 Pub. Date : 01.01.2020
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto